March 2017 Volume 49 Issue 10

# വ്യവസായ കേരളം

## VYAVASAYA KERALAM



## വേറിട്ട സംരംഭക വഴികളിൽ മുന്നേറുന്ന പ്രബുദ്ധരായ വനിതകൾ

ലോക വനിതാദിനത്തോടനുബന്ധിച്ച് ഇവരിൽ ചിലരെ പരിചയപ്പെടാം


രുചിയിൽ മാത്രമല്ല..!
ആരോഗ്യത്തിലും NO-1
GOLDEN
BAKERY PRODUCTS
New!
GOLDEN
Milk
BREAD
Golden
BURKY
Cream Bun
Golden
Maska
Khari
H.B. FOODS
VENGARA ROAD, MANNILPILAKKAL
P.O. KOORIYAD, MALAPPURAM DT.KERALA
fssai REG. NO: 21314226000001
Customer Care: 9946 808 170 , goldenbake41@gmail.com
Wizard/CMD/9947121500
സ്വാദിഷ്ടവും ആരോഗ്യപ്രദവുമായ ബേക്കറി ഉൽപ്പന്നങ്ങൾ...!!

Vyavasaya Keralam
# വ്യവസായകേരളം
www.keralaindustry.org

മാർച്ച് 2017 പുസ്തകം 49 ലക്കം 10
March 2017 Volume 49 Issue 10



21 ഘടികാര വൈവിദ്ധ്യങ്ങളിലെ പെൺ കരങ്ങൾ
ശാലിനി. പി

22 ലക്ഷ്യം 100 പേർക്ക്കൂടി തൊഴിൽ
വേണു കള്ളാർ

26 ബാൻ സുരിയയിലെ ഹരിത തേജസ്
ബാലശങ്കർ അമ്പലപ്പുഴ

29 തൈബുവിന്റെ കരകൗശല കാഴ്ചകൾ

30 തളിരിടുന്ന പേനകൾ

32 ബിസിനസിലെ വിജയമന്ത്രങ്ങൾ
കെ. കെ. ജയകുമാർ

34 സ്ത്രീകൾക്ക് സാന്ത്വനമായി ശരണ്യ സ്വയം തൊഴിൽ പദ്ധതി
പി. കെ. ശങ്കരൻകുട്ടി







08 ചെറുകിട വ്യവസായങ്ങൾ സെഡ് നിലവാരത്തിലേക്ക്
റ്റി. എസ്. ചന്ദ്രൻ

11 സംസ്ഥാന ബജറ്റ് 2017 – 18
വ്യവസായ മേഖലയ്ക്ക് പ്രത്യാശിക്കാനേറെ
ഡോ. മേരി ജോർജ്

36 പാള പ്ലേറ്റിന് ആവശ്യക്കാരേറെ



16 പടവുകൾ: നാളികേര വെള്ളത്തിൽ നിന്നും
നാറ്റാ ഡി കൊക്കോ
ബൈജു നെടുങ്കേരി

18 കെട്ടിടനിർമാണസാമഗ്രികളുടെ വിലനിലവാരം

38 നികുതിഭീകരത
കെ.സി. ജോസഫ് വർഗ്ഗീസ്

50 വാർത്താജാലകം

6 കൊരട്ടി വ്യവസായ സമുച്ചയത്തിന് 28 കോടി

7 വനിതകൾക്കായി വി– സ്പേസ്

42 വ്യവസായകേരളം ഒറ്റനോട്ടത്തിൽ

# വരുന്നൂ അഞ്ച് ബഹുനില വ്യവസായ സമുച്ചയങ്ങൾ

വെറും 36,863 ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തീർണമുള്ള കൊച്ചു സംസ്ഥാനമാണ് നമ്മുടെ കേരളം. സെൻസസ് കണക്കുപ്രകാരം ഒരു ചതുരശ്ര കിലോമീറ്റർ സ്ഥലം ഉൾകൊള്ളുന്നത് 860 പേരെയാണ്. കേരളത്തിൽ ആളുകൾ തിങ്ങിനിറഞ്ഞ് താമസിക്കുന്നു എന്നാണിത് വ്യക്തമാക്കുന്നത്. അതുകൊണ്ടുതന്നെ വ്യാവസായിക ആവശ്യത്തിന് ഇഷ്ടംപോലെ ഭൂമി കണ്ടെത്തുക എക്കാലത്തേയും നമ്മുടെ പ്രതിസന്ധിയാണ്. ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരം കണ്ടെത്തുന്നതിനാണ് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമിക്കുക എന്ന ആശയം ഞങ്ങൾ മുന്നോട്ടു വച്ചത്. ഇതിന്റെ ഭാഗമായി അഞ്ച് ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമാണത്തിനുള്ള പദ്ധതി റിപ്പോർട്ട് തയ്യാർ. ഇതിൽ ആലപ്പുഴയിലെ പുന്നപ്ര, തൃശൂരിലെ പുഴയ്ക്കൽ പാടം, പാലക്കാട്ടെ ഷൊർണൂർ, തിരുവനന്തപുരത്തെ വേളി എന്നിവിടങ്ങളിലെ വ്യവസായ സമുച്ചയങ്ങൾ നിർമിക്കുന്നതിന് 82. 79 കോടി രൂപയുടെ ഭരണാനുമതി കിട്ടിക്കഴിഞ്ഞു. തൃശൂർ ജില്ലയിലെ വരവൂരിൽ 8.55 ഏക്കർ സ്ഥലത്ത് രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി 3.32 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചു. വരവൂരിൽ ഒരു കോടി രൂപയുടെ ആദ്യഘട്ട വികസനപ്രവർത്തനങ്ങൾ പൂർത്തിയായി വരികയാണ്. പുന്നപ്രയിൽ 48441.5 ചതുരശ്ര അടിയിലും പുഴയ്ക്കൽ പാടത്ത് രണ്ടാം ഘട്ടമായി 1,34,500 ചതുരശ്ര അടിയിലും ഷൊർണൂരിൽ 84,907 ചതുരശ്ര അടിയിലും വേളിയിൽ രണ്ടാം ഘട്ടമായി 1,10,129 ചതുരശ്ര അടിയിലുമാണ് ബഹുനില വ്യവസായ സമുച്ചയം നിർമിക്കുന്നത്.

വിദ്യാഭ്യാസവും ആത്മവിശ്വാസവും നവീന ആശയങ്ങളും പ്രായോഗിക ബുദ്ധിയുമുള്ള ഒട്ടേറെ ചെറുപ്പക്കാർ സ്വന്തം പ്രവർത്തനമേഖല സംരംഭകരംഗമാണെന്ന് തിരിച്ചറിഞ്ഞുകഴിഞ്ഞു. കഴിഞ്ഞ മാസം കൊച്ചിയിൽ നടന്ന ബി ടു ബി സംഗമത്തിൽ അണിനിരന്ന സ്റ്റാളുകളിൽ നിറഞ്ഞ ഉല്പന്ന വൈവിദ്ധ്യം ഇക്കാര്യം സംശയലേശമില്ലാതെ അടയാളപ്പെടുത്തുകയായിരുന്നു. 200 സ്റ്റാളുകളിലായി ഒരുക്കിവച്ച കേരളത്തനിമയുള്ള ഉല്പന്നങ്ങൾക്ക് ആവശ്യക്കാർ നിരവധി. 46 രാജ്യങ്ങളിൽ നിന്നുള്ള 82 വിദേശ ബയർമാരും വിവിധ സംസ്ഥാനങ്ങളിൽ നിന്നുവന്ന 398 ബയർമാരും ചേർന്നപ്പോൾ 400 കോടിയിലേറെ രൂപയുടെ വ്യാപാര അന്വേഷണങ്ങളാണ് മൂന്ന് ദിവസം കൊണ്ട് സംസ്ഥാനത്തെ ചെറുകിട ഉല്പാദകർക്ക് ലഭിച്ചത്. ഈ വ്യാപാര അന്വേഷണങ്ങളുടെയെല്ലാം തുടർനടപടികൾ കൃത്യമായി പിന്തുടർന്ന് കഴിയുന്നത്ര പദ്ധതികൾ യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങളിൽ ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്.

ബഹുനില വ്യവസായ സമുച്ചയങ്ങൾ യാഥാർത്ഥ്യമാവുന്നതോടെ കേരളത്തിൽ വ്യാവസായികാവശ്യത്തിനുള്ള ഭൂമിയുടെ ദൗർലഭ്യത്തിന് വലിയൊരളവുവരെ പരിഹാരമുണ്ടാകും. വ്യക്തമായ ധാരണയോടെ അനുയോജ്യമായ വ്യവസായമേഖല തിരഞ്ഞെടുക്കുന്ന സംരംഭകനെ വിജയം തീർച്ചയായും കൈവിടില്ല.



ചീഫ് എഡിറ്റർ

**ചീഫ് എഡിറ്റർ**
പി.എം. ഫ്രാൻസിസ് ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
വി.പി.അശ്വതി

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ഇന്ദിരാഭായി പിള്ള അമ്മ പി.എസ്.,
ലക്ഷ്മി എസ്., ക്ലാരമ്മ ജെയിംസ്,
സജീർ എസ്., സജി,
ഡി.എൽ. അനിതകുമാരി,
പി. ബാലകൃഷ്ണൻ,
ബേബി. വൈ

**പ്രതിനിധികൾ– തിരുവനന്തപുരം** : രഞ്ജിത്. സി. ഒ ● **കൊല്ലം** : അബ്ദുൾ സലാം ● **പത്തനംതിട്ട**: സി.എം. ഷാജഹാൻ ● **ആലപ്പുഴ** : യു. അജിത്കുമാർ ● **കോട്ടയം** : ആർ. സുരേഷ്ബാബു ● **ഇടുക്കി** : ദീപ ● **എറണാകുളം** : ഇ.എം. നാസർ ● **തൃശൂർ** : കെ.എസ്. കൃപകുമാർ ● **പാലക്കാട്** : ഡി.എസ്. ഷിബുകുമാർ ● **മലപ്പുറം** : കെ.റ്റി. അബ്ദുൾ മജീദ് ● **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ ● **വയനാട്** : പി.ബി. സത്യജിത് ● **കണ്ണൂർ** : നിധിൻ ഇ.ആർ. ● **കാസർഗോഡ്** : റ്റി. ദിനേശൻ

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം – 695 033

**ഫോൺ:** 0471 2322789
**ഇമെയിൽ**– vyavasayakeralam@gmail.com
**വെബ്സൈറ്റ്**– www.keralaindustry.org

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

നവകേരളം

**എ.സി. മൊയ്തീൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി



# സംസ്ഥാനത്ത് വ്യാവസായിക വളർച്ചയുടെ കാഹളം

പുതിയ സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റ് കേരളത്തിൽ വ്യവസായ മേഖലയുൾപ്പെടെ വിവിധ മേഖലകളിൽ വളർച്ചയുടെ കാഹളം മുഴക്കുന്നതാണ്. കേരളീയ വികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതും ഇടത്തരം ചെറുകിട വ്യവസായ രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതും ഏറ്റവും മികച്ച നിക്ഷേപ അനുകൂല സംസ്ഥാനമായി മാറ്റാൻ വിവിധ മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യം വയ്ക്കുന്നതുമായ നിർദ്ദേശങ്ങളാണ് വന്നിരിക്കുന്നത്. വരവും ചെലവും യാന്ത്രികമായി കണക്കൊപ്പിച്ചുപോകുന്ന യാഥാസ്ഥിതിക കേന്ദ്ര ധന നയങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായി വികസനോന്മുഖ ധനനയമാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. ചെലവ് ചുരുക്കാനല്ല മറിച്ച് വരുമാനം വർദ്ധിപ്പിച്ച് കമ്മി കുറയ്ക്കാനും വിവിധ മേഖലകളുടെ വികസനവുമാണ് നയമായി സ്വീകരിച്ചത്. ഇന്ത്യയുടെ സാമ്പത്തിക അവലോകനം തുറന്നുകാണിക്കുന്നത് ആഗോളീകരണ നയങ്ങൾ രാജ്യത്തെ ദുർബ്ബലമായ സാമ്പത്തിക സ്ഥിതിയിലേക്കും ഗുരുതരമായ സാമ്പത്തിക മാന്ദ്യത്തിലേക്കും നയിച്ചതായാണ്. ഇന്ത്യയിൽ ധന നിക്ഷേപ പ്രവണത 14 ശതമാനത്തിൽ നിന്നും 8 ശതമാനമായി ഇടിഞ്ഞിരിക്കുന്നു. അടിസ്ഥാന വ്യവസായ രംഗത്ത് മാത്രമല്ല കാർഷിക രംഗത്തും വൻ പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. നാണയപ്പെരുപ്പത്തിന്റെയും കടബാധ്യതയുടെയും ആഘാതം ജനകോടികളുടെമേൽ വന്നു പതിക്കുകയും വിനാശകരമാം വിധം ഗ്രാമീണ ദുർബ്ബല വിഭാഗ സംരക്ഷണ വികസന ഉപാധികൾ വെട്ടിച്ചുരുക്കുകയുമാണ് കേന്ദ്രം ചെയ്തത്. ഇതിന്റെ ഫലമായി 2.50 ലക്ഷം ചെറുകിട സ്ഥാപനങ്ങൾ അടച്ചു പൂട്ടി. വായ്പാക്കെണിയിൽ കർഷക ആത്മഹത്യ തുടരുകയാണ്. പൊതുമേഖലാ ഓഹരി വിൽപ്പനയിലൂടെ 72500 കോടി രൂപ സമാഹരിക്കാനാണ് കേന്ദ്രം ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ കോർപ്പറേറ്റ് നികുതി 30 ശതമാനത്തിൽ നിന്നും 25 ശതമാനമാക്കി കുറയ്ക്കുകയും വൻകിട കോർപ്പറേറ്റുകൾക്ക് എല്ലാ സൗകര്യങ്ങളും ആനുകൂല്യങ്ങളും നിർബാധം അനുവദിക്കുകയുമാണ്.

ചരക്ക് സേവന നികുതിവ്യവസ്ഥ സംസ്ഥാനങ്ങൾക്ക് വൻതോതിൽ നികുതി ചോർച്ചയും വരുമാന നഷ്ടവുമുണ്ടാക്കി. നോട്ട് അസാധുവാക്കൽ വൻ സാമ്പത്തിക ആഘാതമാണ് ജനജീവിതത്തിൽ ഉണ്ടാക്കിയത്. ഈ പശ്ചാത്തലത്തിലാണ് എൽ.ഡി.എഫ്. സർക്കാർ സർവ്വതോന്മുഖ വികസനത്തിനും ജനക്ഷേമത്തിനും സാമൂഹ്യ സുരക്ഷയ്ക്കും ഊന്നൽ നൽകി സന്തുലിത ബജറ്റ് അവതരിപ്പിച്ചത്. പഞ്ചവത്സര പദ്ധതികളും ആസൂത്രണവും തുടരാനാണ് സർക്കാർ തീരുമാനം. നവകേരളം ലക്ഷ്യമാക്കി 13-ാം പദ്ധതി ദ്രുതഗതിയിൽ തയ്യാറാകുന്നു. എല്ലാ മേഖലകളിലും ഫലപ്രദമായി ജനപങ്കാളിത്തത്തോടെ ഇടപെടുന്നതിനാണ് നവകേരള മിഷന് രൂപംകൊടുത്തത്.

കേരളത്തിന്റെ വ്യാവസായിക അഭിവൃദ്ധി ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പൊതുമേഖല, ചെറുകിട, പരമ്പരാഗത വ്യവസായ രംഗങ്ങൾ ആധുനികവത്കരിച്ചും വൈവിദ്ധ്യവത്കരിച്ചും അടിത്തറ വികസിപ്പിക്കാനുള്ള പദ്ധതികളും വ്യവസായം തുടങ്ങാൻ 30 ദിവസത്തിനകം എല്ലാ അനുമതികളും നൽകാനുള്ള തീവ്രയത്ന പരിപാടികളും തയ്യാറാകുന്നു. 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' സൂചികയിൽ 20-ാമതുള്ള കേരളത്തെ മുൻനിരയിലെത്തിക്കാൻ കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നു. അതിനായി 1999ലെ ഏകജാലക ക്ലിയറൻസ് നിയമം കാലോചിതമായി പരിഷ്കരിക്കും. കേരളത്തിൽ വൻകിട ഇടത്തരം വ്യവസായങ്ങൾക്ക് അടങ്കലായി 482 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 270 കോടി രൂപയും കിൻഫ്രയ്ക്ക് 111 കോടി രൂപയും കൈത്തറി & ടെക്സ്റ്റൈൽ മേഖലയ്ക്ക് 174.8 കോടി രൂപയും ഖാദി- ഗ്രാമ വ്യവസായത്തിന് 17 കോടിയും കെ.എസ്.ഐ.ഡി.സി.ക്ക് 96 കോടിയും ചെറുകിട വ്യവസായ അസോസിയേഷന്റെ സാമൂഹ്യ സുരക്ഷാ നിധിയിലേക്ക് ഒരു കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 'കിഫ്ബി' മുഖേന 100 കോടി നിക്ഷേപിക്കുന്നത് തിരഞ്ഞെടുത്ത കമ്പോളങ്ങൾ നവീകരിക്കുന്നതിന് സഹായിക്കും. അടങ്കൽ തുക ഇത്രയും ഉയർത്തുന്നത് ചരിത്രത്തിലാദ്യമാണ്. ഇത് വ്യവസായ കേരളത്തിന്റെ ചരിത്ര മുന്നേറ്റത്തിന് തുടക്കം കുറിക്കും. കേരളം രാജ്യത്തിനുമുന്നിൽ അവതരിപ്പിക്കുന്ന ബദലുകൾ വ്യവസായ രംഗത്തും പൊതുമേഖലാ സംരക്ഷണത്തിനും പുതുവഴികൾ കാണിച്ചുതരുന്നു. സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്കും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നയങ്ങൾ ഏറെ സഹായകരമാകും.

kinfra
INSPIRING GROWTH



വ്യവസായമന്ത്രി എ. സി. മൊയ്തീൻ കൊരട്ടി കിൻഫ്ര പാർക്ക് സന്ദർശിക്കുന്നു. ബി.ഡി. ദേവസ്സി എം. എൽ. എ സമീപം

# കൊരട്ടി വ്യവസായ സമുച്ചയത്തിന് 28 കോടി

**കൊ**ച്ചി മുതൽ കോയമ്പത്തൂർ വരെയുള്ള വ്യവസായ ഇടനാഴി കൂടുതൽ കാര്യക്ഷമമാക്കുമെന്ന് വ്യവസായമന്ത്രി എ. സി. മൊയ്തീൻ. കൊരട്ടി കിൻഫ്ര പാർക്ക് സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യവസായത്തിന് അനുകൂലമായ സ്ഥലലഭ്യതയും ഭൗതിക സൗകര്യങ്ങളും കണക്കിലെടുത്ത് തൃശ്ശൂർ, പാലക്കാട് ജില്ലകളെ ഉൾപെടുത്തിക്കൊണ്ട് വ്യവസായ ഇടനാഴി പരിഗണിക്കുമെന്നും മന്ത്രി അറിയിച്ചു.

കിൻഫ്ര വ്യവസായ പാർക്കിൽ പുതിയ സംരംഭകർക്ക് വേണ്ടി 28 കോടി രൂപ ചെലവിൽ അഞ്ച് നിലകളിലായി കെട്ടിട സമുച്ചയം നിർമിക്കും. 63,387 ചതുരശ്രയടിയിലായി നിർമിക്കുവാനുദ്ദേശിക്കുന്ന കെട്ടിട സമുച്ചയത്തിൽ 15 യൂണിറ്റുകൾക്ക് സ്ഥലം നൽകാൻ സാധിക്കും.



കിൻഫ്ര പാർക്കിലെത്തിയ മന്ത്രിയെ സ്വീകരിക്കുന്നു.

പാരിസ്ഥിതിക പ്രശ്ങ്ങൾ കണക്കിലെടുത്ത് വലിയ വ്യവസായ സംരംഭങ്ങളേക്കാൾ കേരളത്തിന് അനുയോജ്യമായത് കിൻഫ്ര പാർക്കിലേതുപോലുള്ള ചെറുകിട സംരംഭങ്ങളാണെന്നും ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകുമെന്നും മന്ത്രി പറഞ്ഞു. 18 മാസം കൊണ്ട് കെട്ടിട സമുച്ചയത്തിന്റെ പണി പൂർത്തിയാക്കാൻ സാധിക്കുമെന്നും പദ്ധതി പൂർത്തിയാകുമ്പോൾ നേരിട്ട് പുതിയതായി 500 പേർക്കും പരോക്ഷമായി 1000 ഓളം പേർക്കും തൊഴിൽ ലഭിക്കുമെന്നും മന്ത്രി പറഞ്ഞു. ഈ വർഷം ഇതിനായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയതായും മന്ത്രി പറഞ്ഞു.

കിൻഫ്ര വ്യവസായപാർക്കിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ മന്ത്രി സന്ദർശിച്ചു. ബി. ഡി.

KSIDC

# വനിതകൾക്കായി വി– സ്പേസ്

**സം**സ്ഥാനത്തെ വനിതാ സംരംഭകർക്കായി കെ. എസ്. ഐ. ഡി. സി. അങ്കമാലിയിലെ ഇൻകൽ ബിസിനസ് പാർക്കിലെ രണ്ടാം ടവറിൽ ഒരുക്കിയ അപ്പാരൽ പാർക്ക് പ്രവർത്തനസജ്ജമായി. സ്ത്രീകൾ നേതൃത്വം നൽകുന്ന കയറ്റുമതി അധിഷ്ഠിത വസ്ത്രനിർമാണ (ഗാർമെന്റ് ആന്റ് അപ്പാരൽ) കമ്പനികൾക്കാണ് വിമെൻ എന്റർപ്രണർ സ്പേസ് (വി-സ്പേസ്) എന്ന് പേരിട്ടിരിക്കുന്ന അപ്പാരൽ പാർക്കിൽ സ്ഥലം അനുവദിക്കുക. 40,228 ചതുരശ്രയടിയിലാണ് പാർക്ക് ഒരുക്കിയിരിക്കുന്നതെന്ന് കെ. എസ്. ഐ. ഡി. സി. മാനേജിംഗ് ഡയറക്ടർ ഡോ. എം. ബീന പറഞ്ഞു. ഇതിൽ, മൂന്ന് കമ്പനികൾക്കായി 22,000 ചതുരശ്രയടിയോളം സ്ഥലം നൽകിക്കഴിഞ്ഞു. ഇവർ ഉടൻ പ്രവർത്തനം ആരംഭിക്കും.

സംരംഭകർക്ക് ആദ്യഘട്ടത്തിൽ അഞ്ച് വർഷത്തേയ്ക്ക് പാട്ടത്തിനാണ് സ്ഥലം അനുവദിക്കുക. ചതുരശ്രയടിക്ക് വിപണിവില 20 രൂപയോളമാണെന്നിരിക്കേ, 3.25 രൂപ മുതൽ സബ്സിഡി നിരക്കിലാണ് അപ്പാരൽ പാർക്കിൽ സ്ഥലം നൽകുന്നത്. നിലവിൽ പ്രവർത്തിക്കുന്ന കമ്പനികൾക്കും പുതിയ കമ്പനികൾക്കും സ്ഥലത്തിനായി പാർക്കിനെ സമീപിക്കാം. കമ്പനിയുടെയും ഉത്പന്നങ്ങളുടെയും നിലവാരവും പ്രവർത്തനവും വിശദമായി വിലയിരുത്തിയ ശേഷമേ സ്ഥലം അനുവദിക്കൂ.

വി-സ്പേസിൽ ജല, വൈദ്യുതി സൗകര്യങ്ങൾ കെ. എസ്. ഐ. ഡി. സി. ഒരുക്കും. പദ്ധതിയുടെ വിശദവിവരങ്ങളും ആപ്ലിക്കേഷൻ ഫോമും wemissionkerala.org ൽ ലഭിക്കും. പുതുസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, സ്റ്റാർട്ടപ്പുകൾക്ക് കെ. എസ്. ഐ. ഡി. സി. നൽകുന്ന പിന്തുണ ഈ വർഷം ശക്തമാക്കുമെന്നും ഡോ. എം. ബീന പറഞ്ഞു. കൊച്ചിയിൽ രണ്ട് സ്റ്റാർട്ടപ്പ് ഇൻകുബേറ്ററുകൾ കെ. എസ്. ഐ. ഡി. സി ക്കുണ്ട്. കോഴിക്കോടും ഉടൻ സജ്ജമാകും. ■



**അങ്കമാലിയിലെ ഇൻകെൽ ബിസിനസ് പാർക്ക്**

ദേവസ്സി എം. എൽ. എ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുമാരി ബാലൻ, കിൻഫ്ര ജനറൽ മാനേജർ ഡോ. ടി. ഉണ്ണികൃഷ്ണൻ, മാനേജർമാരായ ജി. സുനിൽ, ടി. ബി. അമ്പിളി, മാധ്യമ ഉപദേഷ്ടാവ് കെ. എൻ. ശ്രീകുമാർ, ഫിനാൻസ് മാനേജർ സജി ജോസഫ്, പ്രോജക്ട് മാനേജർ എ. കെ. ജിഷ മന്ത്രിയെ അനുഗമിച്ചു.

ചെറുകിട വ്യവസായ രംഗത്ത് കിൻഫ്രാ പാർക്ക് കുതിച്ചു ചാട്ടത്തിനൊരുങ്ങുന്നു. സംസ്ഥാന വിഹിതത്തിനു പുറമേ ലഭിക്കുന്ന തുക ഉപയോഗിച്ച് കൂടുതൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നടപ്പാക്കുവാനും രൂപരേഖയൊരുങ്ങുന്നു. ഇതിന്റെ ഭാഗമായിട്ടാണ് വ്യവസായ മന്ത്രി കിൻഫ്രാപാർക്ക് സന്ദർശിച്ചത്.

പാർക്കിൽ സ്ഥലം ആവശ്യപ്പെട്ട് കൂടുതൽ സംരംഭകർ എത്തിയതോടെയാണ് 96 സെന്റിലായി പുതിയ കെട്ടിട സമുച്ചയം നിർമിക്കുവാൻ പദ്ധതി തയ്യാറാക്കിയത്.

കേന്ദ്രസർക്കാർ പ്രസ്സിൽ നിന്നും വിട്ടുകിട്ടിയ 30 ഏക്കർ സ്ഥലത്താണ് കൊരട്ടിയിലെ കിൻഫ്രാപാർക്ക് പ്രവർത്തിക്കുന്നത്. 35 സ്ഥാപനങ്ങൾ ഇവിടെ നല്ല നിലയിൽ പ്രവർത്തിക്കുന്നു. 1200 പേർ നേരിട്ടും ആയിരക്കണക്കിനാളുകൾ പരോക്ഷമായും ഇവിടെ ജോലി ചെയ്യുന്നുണ്ട്. കിൻഫ്രയും 53 ആയുർവേദ മരുന്ന് ഉല്പാദകരും സംയുക്തമായി കേന്ദ്രസർക്കാരിന്റെ ആയുഷ് പദ്ധതിപ്രകാരം ആരംഭിച്ച കെയർ കേരളം പദ്ധതിയുടെ ആസ്ഥാനവും കൊരട്ടിയിലുള്ള ഈ വ്യവസായ പാർക്കിലാണ്. ■

**റ്റി. എസ്. ചന്ദ്രൻ**

പാലക്കാട് ജില്ലാ
വ്യവസായകേന്ദ്രം മാനേജർ

# ചെറുകിട വ്യവസായങ്ങൾ സെഡ് നിലവാരത്തിലേക്ക്

## 'സെഡ്'- ഇന്ത്യയുടെ സ്വന്തം ഗുണനിലവാര രേഖ



അന്തർദേശീയ മത്സരങ്ങളെ അതിജീവിക്കുന്നതിന് സൂക്ഷ്മ- ചെറുകിട- ഇടത്തരം മേഖലയിലെ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഏറെ മെച്ചപ്പെടുത്തേണ്ടതുണ്ട്. സെഡ് എന്നാൽ സീറോ എഫക്ട്, സീറോ ഡിഫക്ട്. അതായത് ദോഷവും ആഘാതവും ഇല്ലാത്ത അവസ്ഥ. പരിസ്ഥിതിക്ക് ആഘാതമില്ലാതെ ഉയർന്ന ഗുണനിലവാരത്തിൽ ഉല്പന്നങ്ങൾ നിർമിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഭാരതത്തിന്റെ സ്വന്തം ഗുണനിലവാര സാക്ഷ്യപത്രമാണ് സെഡ് എന്ന പ്രത്യേകതയും ഇതിനുണ്ട് 2014-ൽ നമ്മുടെ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ഈ ആശയം മുന്നോട്ടുവച്ചത്. ഒരു അന്തർദേശീയ ഗുണനിലവാര നിയന്ത്രണ രേഖയായി സെഡ് പരിഗണിക്കപ്പെടുന്നു. ചെറുകിട വ്യവസായ മേഖലയെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും, മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനും ഈ ക്വാളിറ്റി കൺട്രോൾ സ്റ്റാൻഡേർഡ് ഉപയോഗപ്പെടുത്തുവാൻ കഴിയും.

### ഗുണമേന്മാ മാതൃകകൾ

അന്തർദേശീയ തലത്തിൽ ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിരവധി മാതൃകകൾ നിലവിലുണ്ട്. ലീൻ മാനുഫാക്ചറിംഗ്, ഐ. എസ്. ഒ 9001, കേപ്പബിലിറ്റി മെച്ചൂരിറ്റി മോഡൽ, ബാൽ ബ്രിഡ്ജ് മോഡൽ, ഇ. എഫ്. ക്യു. എം, ടെസ്റ്റിംഗ് മെച്ചുരിറ്റി മോഡൽ, 5എസ്, കൈസൺ എന്നിവയ്ക്കൊപ്പം ഇനി സെഡും സ്ഥാനം പിടിക്കുകയാണ്. ഇന്ത്യയുടെ സംഭാവനയായ ഈ മോഡലിന് അഞ്ച് റേറ്റിങ്ങുകളുടെ അടിസ്ഥാനത്തിൽ ഗുണമേന്മാ സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നു. ബ്രോൺസ്, സിൽവർ, ഗോൾഡ്, ഡയമണ്ട്, പ്ലാറ്റിനം എന്നീ പേരിലുള്ള സർട്ടിഫിക്കറ്റുകളാണ് സെഡിൽ നൽകുന്നത്.

### സെഡ് മാനദണ്ഡങ്ങൾ

സെഡ് എന്ന ഗുണനിലവാര സാക്ഷ്യപത്രം എം. എസ്. എം. ഇ വിഭാഗത്തിലെ നിർമാണ സ്ഥാപനങ്ങൾക്കാണ് അനുവദിക്കുന്നത്. അതിന് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ എത്രത്തോളം ഫലപ്രദമായി നടപ്പാക്കുന്നു എന്നാണ് ഇവിടെ പരിശോധിക്കുന്നത്. അവയിൽ മുഖ്യമായവ:-

1. നിർമാണ പ്രക്രിയയിലെ കാര്യശേഷി

2. ഡിസൈനർ ശേഷികൾ
3. ഗുണനിലവാരം/ പരിസ്ഥിതി/ സുരക്ഷ
4. ബഹുജന പങ്കാളിത്തവും വികസനവും
5. പരിസ്ഥിതി/ ഗുണമേന്മ എന്നിവയിലെ നിലവാരങ്ങളുടെ സ്ഥിതി.
6. പഠനവും തുടർച്ചയായ മെച്ചപ്പെടുത്തൽ സമ്പ്രദായങ്ങളും
7. നിയമങ്ങളുടെ പാലനം (വ്യത്തിയും, വെടിപ്പും പ്രത്യേകം)

ആകെ 50 മാനദണ്ഡങ്ങളാണ് സെഡ് ഗുണമേന്മ സാക്ഷ്യപത്രത്തിന് വേണ്ടി പരിശോധിക്കുക. ഇതിൽ 30 എണ്ണമെങ്കിലും പാലിച്ചാൽ മാത്രമേ മത്സരിക്കാൻ യോഗ്യതയാകൂ. അതിൽ 20 എണ്ണം നിർബന്ധമായും നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾ തന്നെ ആയിരിക്കണം. ബാക്കി 10 എണ്ണം സ്ഥാപനത്തിന് തിരഞ്ഞെടുക്കാം. ഓരോ മാനദണ്ഡങ്ങൾക്കും അഞ്ച് നിലവാരവും, അതനുസരിച്ച് മാർക്കും നൽകും.

| ക്രമ നമ്പർ | നിലവാരം | മാർക്ക് |
|---|---|---|
| 1 | സ്ട്രഗിളർ | 0 |
| 2 | ബിഗിനർ | 2 |
| 3 | ഓർഗനൈസ്ഡ് | 3 |
| 4 | അച്ചീവർ | 4 |
| 5 | വേൾഡ് ക്ലാസ്സ് | 5 |

ഇതനുസരിച്ച് മാനദണ്ഡങ്ങളെ മൂല്യനിർണയം നടത്തിയാണ് റേറ്റിംഗ് നിശ്ചയിക്കുന്നത്.

## സെഡ് റേറ്റിംഗ്

| 4.00 മാർക്കിന് മുകളിൽ | പ്ലാറ്റിനം സർട്ടിഫിക്കറ്റ് |
|---|---|
| 3.50 ന് മുകളിലും 4 വരെയും | ഡയമണ്ട് |
| 3.00 ന് മുകളിലും 3.50 വരേയും | ഗോൾഡ് |
| 2.50 ന് മുകളിലും 3.00 വരേയും | സിൽവർ |
| 2.20 ന് മുകളിലും 2.50 വരേയും | ബ്രോൺസ് |
| 2.20 ന് താഴെ | റേറ്റിങ് ഇല്ല |

ഉദാ: ഒരു കമ്പനി 35 മാനദണ്ഡങ്ങൾ പാലിക്കുന്നു എന്നു കരുതുക. അതിൽ 18 എണ്ണം നിലവാരം അഞ്ചും, 12 എണ്ണം നാലും അഞ്ച് എണ്ണം മൂന്നും ആണെങ്കിൽ ആ കമ്പനിയുടെ സെഡ് റേറ്റിങ് താഴെ പറയും പ്രകാരം ആയിരിക്കും.

| നിലവാരം | മാനദണ്ഡങ്ങൾ | മാർക്ക് |
|---|---|---|
| 5 | 18 | 90 |
| 4 | 12 | 48 |
| 3 | 5 | 15 |
| **ആകെ** | **35** | **153** |

റേറ്റിംഗ്:- 153/35= 4.37 ആയിരിക്കും. ആ കമ്പനിക്ക് സെഡ് പ്ലാറ്റിനം സർട്ടിഫിക്കേഷൻ ലഭിക്കുന്നതാണ്.

## സെഡ് നേട്ടങ്ങൾ

അന്തർദേശീയതലത്തിൽ വിശ്വസനീയമായ അംഗീകാരം ലഭിക്കുന്നു, നിർമാണപ്രക്രിയ മികച്ചതാകുകയും ഉല്പാദനച്ചെലവ് കുറയുകയും ചെയ്യുന്നു. എവിടെയും കാണിക്കാവുന്ന അന്തസ്സായ ഒരു ഗുണമേന്മാ സാക്ഷ്യപത്രം ലഭിക്കുന്നു. ഉന്നത ഗുണനിലവാരം, കുറഞ്ഞ പിൻതള്ളൽ, ഉയർന്ന വരുമാനം. സാമൂഹിക- പരിസ്ഥിതി സൗഹൃദ അന്തരീക്ഷം. കൂടുതൽ പേർക്ക് തൊഴിൽ. സെഡ് യോഗ്യത നേടിയവർക്ക് ലഭിക്കാവുന്ന സർക്കാർ സഹായങ്ങൾ.

## സംരംഭകർ ചെയ്യേണ്ടത്

സെഡ് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ഓൺലൈൻ ആയി അപേക്ഷ സമർപിക്കണം. കേന്ദ്ര എം. എസ്. എം. ഇ മന്ത്രാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ മോണിറ്ററിംഗ് ആന്റ് ഇംപ്ലിമെന്റിംഗ് യൂണിറ്റിനാണ് അപേക്ഷ നൽകേണ്ടത്. പോർട്ടൽ www.ZED.org. നിശ്ചിത പ്രഫോർമയിൽ ആവശ്യമായ വിവരങ്ങൾ നൽകുകയാണ് വേണ്ടത്. ഇങ്ങനെ സമർപിക്കുന്ന അപേക്ഷ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രതിനിധിയെ കൊണ്ട് പരിശോധിപ്പിക്കുന്നു. അദ്ദേഹമാണ് സ്ഥാപനത്തിലെ പക്വത നിലവാരം പരിശോധിച്ച് റേറ്റിംഗ് നടത്തുന്നത്. പാലിക്കുന്ന മാനദണ്ഡങ്ങളുടെ തോത് അനുസരിച്ച് നിശ്ചിത ക്വാളിറ്റി സർട്ടിഫിക്കേഷന് ശുപാർശ ചെയ്യുന്നു. ഈ സർട്ടിഫിക്കേഷന് നാല് വർഷം പ്രാബല്യമുണ്ട്. പിന്നീട് മാനദണ്ഡങ്ങൾ ഉറപ്പു വരുത്തി പുതുക്കാവുന്നതാണ്. ഇതിൽ പരാജയപ്പെടുന്ന സ്ഥാപനങ്ങൾക്ക് തുടർച്ചയായ കൈത്താങ്ങ് സഹായവും സാങ്കേതിക സഹായവും നൽകി റേറ്റിംഗ് ഉയർത്തി സെഡ് ഗുണമേന്മ സാക്ഷ്യപത്രത്തിന് പ്രാപ്തമാക്കുന്നു.

## ഫീസും സബ്സിഡിയും

സെഡ് സർട്ടിഫിക്കേഷന് അപേക്ഷിക്കുന്നവർ നിശ്ചിത നിരക്കിൽ ഫീസ് അടയ്ക്കണം.

| | |
|---|---|
| 1. ഓൺലൈൻ (സെൽഫ് അസസ്മെന്റ്) | ഫീസില്ല |
| 2. പ്രാഥമിക വിലയിരുത്തൽ (ഡെസ്ക്ടോപ് അസസ്മെന്റ്) | 10,000/- |
| 3. പൂർണമായ വിലയിരുത്തലിനും സർട്ടിഫിക്കേഷനും | 80,000/- |

## അധികഫീസുകൾ

(എ) ഡിഫൻസ് മേഖലയിലെ സംരംഭകർ (ഏതാനും അധിക മാനദണ്ഡങ്ങൾ കൂടി പാലിക്കണം)

നൽകേണ്ട അധികഫീസ് - 40,000/-

(ബി) ഒരിക്കൽ റേറ്റിങ്ങിൽ പരാജയപ്പെട്ട സ്ഥാപനത്തെ വീണ്ടും പരിശോധിക്കുന്നതിന്

അധികഫീസ് - 40,000/-

ഇവയ്ക്ക് സർക്കാർ സബ്സിഡി ലഭ്യമാണ്. അടയ്ക്കുന്ന തുകയുടെ 80% സൂക്ഷ്മസംരംഭങ്ങൾക്കും, 60% ചെറുകിട സംരംഭങ്ങൾക്കും, 50% ഇടത്തരം സംരംഭ

ങ്ങൾക്കും സർക്കാർ സബ്സിഡിയായി തിരികെ നൽകുന്നതാണ്. എം. എസ്. എം. ഇ മന്ത്രാലയമാണ് ഈ തുക അനുവദിക്കുന്നത്. എം. എസ്. എം. ഇ. ഡി. ഐ. തൃശ്ശൂർ, ഏറ്റുമാനൂർ എന്നിവിടങ്ങളിൽ നിന്നും കൂടുതൽ നിർദ്ദേശങ്ങൾ ലഭിക്കുന്നതാണ്.

12-ാം പഞ്ചവത്സര പദ്ധതി കാലത്ത് 22,222 എം. എസ്. എം. ഇ കളെയാണ് ഈ ഗുണമേന്മ സർട്ടിഫിക്കേഷനിൽ ഉൾപെടുത്തുവാൻ ഉദ്ദേശിക്കുന്നത്. കേരളത്തിൽ നിന്നും 200 യൂണിറ്റുകളെയാണ് പ്രതീക്ഷിക്കുന്നത്. ബോധവൽകരണ/പരിശീലന പരിപാടികളും ഇതിന്റെ ഭാഗമായി നടന്നുവരുന്നു. 491 കോടി രൂപ ഈ ഗുണമേന്മ സർട്ടിഫിക്കേഷന്റെ പ്രചരണത്തിനും, നടത്തിപ്പിനുമായി സർക്കാർ നീക്കിവച്ചിട്ടുണ്ട്. വെബ്: www.ZED.org-

## 50 മാനദണ്ഡങ്ങൾ

ആകെയുള്ള 50 മാനദണ്ഡങ്ങളെ നാല് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

**1. ഉല്പന്ന ഗുണമേന്മ:-**

17 മാനദണ്ഡങ്ങളാണ് ഇതിൽ നിശ്ചയിച്ചിരിക്കുന്നത്. ഡിസൈൻ ക്വാളിറ്റി, ഉല്പാദനത്തിന് മുമ്പുള്ള പ്രവർത്തനങ്ങൾ, ഉല്പാദനവും ക്രമീകരണങ്ങളും, ഡിസൈൻ ഗുണമേന്മ, ഉല്പാദനത്തിന് ശേഷമുള്ള ഗുണനിലവാര പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാനമായവ. ഇവയിൽത്തന്നെ നിരവധി ഉപമാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്.

**2. മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ:**

09 മാനദണ്ഡങ്ങളാണ് ഇതിലുള്ളത്. അവയ്ക്ക് ഉപമാനദണ്ഡങ്ങളും ഉണ്ട്. പരിസ്ഥിതി മാനേജ്മെന്റ്/ഡിസൈൻ, ഉല്പാദനത്തിനു മുമ്പ് നടത്തിയ പരിസ്ഥിതി സൗഹൃദപ്രവർത്തനങ്ങൾ, ഉല്പാദന പ്രക്രിയയിൽ ഉപയോഗിക്കുന്നവ, പരിസ്ഥിതി സൗഹൃദ ഡിസൈൻ, ഉല്പാദനത്തിന് ശേഷമുള്ള ഈ രംഗത്തെ പ്രവർത്തനങ്ങൾ.

**3. വിഭവ ആസൂത്രണം:**

10 മാനദണ്ഡങ്ങൾ ഇതിലുണ്ട്. വിഭവങ്ങളെ നന്നായി ഉപയോഗപ്പെടുത്തുവാനുള്ള സൗകര്യങ്ങൾ, മനുഷ്യവിഭവം, പുറത്തുനിന്നും ഉപയോഗപ്പെടുത്തുന്ന സൗകര്യങ്ങൾ, കണ്ടുപിടുത്തങ്ങൾക്കും ക്രിയാത്മകതയ്ക്കും ഉള്ള സൗകര്യങ്ങൾ എന്നിവയാണ് വിഭവമാനേജ്മെന്റിൽ പരിശോധിക്കുക.

**4. ഗുണഫലങ്ങൾ**

14 മാനദണ്ഡങ്ങൾ പാലിക്കണം. ക്വാളിറ്റി പെർഫോർമൻസ്, പ്രവർത്തന പ്രക്രിയകളുടെ ഗുണഫലം, പരിസ്ഥിതിക്കുണ്ടായ നേട്ടങ്ങൾ, സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള നേട്ടങ്ങൾ. ■



ഡോ. മേരി ജോർജ്



# വ്യവസായ മേഖലയ്ക്ക് പ്രത്യാശിക്കാനേറെ

ഏതൊരു രാജ്യത്തും ക്ഷേമ സങ്കൽപത്തിന്റെ കാതൽ സുസ്ഥിര വികസനവും ആ വികസന ഫലത്തിന്റെ സന്തുലിത വിതരണവുമാണ്. ഉയർന്ന സാമൂഹ്യക്ഷേമം ഉറപ്പു വരുത്തി മനുഷ്യ വികസന സൂചികയിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം കൈവിടാതെ സൂക്ഷിക്കുകയാണ് കേരളം ഏതാനും പതിറ്റാണ്ടുകളായി. കേരളത്തിലെ സംഘടിതമേഖലയിലെ തൊഴിലാളികൾ അന്താരാഷ്ട്ര തൊഴിൽ സംഘടന അനുശാസിക്കുന്ന ഉയർന്ന നിലവാരത്തിലുള്ള സേവന, വേതന സൗകര്യങ്ങൾ അനുഭവിക്കുന്നുണ്ട് എന്നത് അവിതർക്കിതമാണ്. എന്നാൽ ഏറ്റവും കൂടുതൽ പേർ തൊഴിൽ ചെയ്യുന്ന അനൗപചാരിക മേഖലയിലെ സ്ഥിതി അതല്ലതാനും. പരമ്പരാഗത മേഖലയിൽ നിലവിലിരിക്കുന്ന കുറഞ്ഞ വേതനവും മോശം തൊഴിൽ സാഹചര്യങ്ങളും അർഹിക്കുന്ന ശ്രദ്ധ നേടുന്നുണ്ടോ എന്ന കാര്യവും സംശയമാണ്. തീർച്ചയായും ഐ. എൽ. ഒ നിർദ്ദേശിക്കുന്ന മാന്യമായ വേതനം, തൊഴിൽ സുരക്ഷ, പെൻഷൻ, സംഘടിക്കാനുള്ള അവകാശം ഇവയൊക്കെ അവരെ സംബന്ധിച്ച് ബാധകമാകുന്നില്ല. കുടുംബം, കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം ഇവയൊക്കെ നടത്തിക്കൊണ്ടു പോകേണ്ട സാഹചര്യത്തിൽ മാന്യമായ വേതനം കിട്ടുന്നില്ല, തുടർച്ചയായ തൊഴിലുമില്ലെങ്കിൽ വാർദ്ധക്യത്തിൽ പെൻഷൻ കൊണ്ടുമാത്രം ക്ഷേമസങ്കൽപം സാർത്ഥകമാവുന്നതെങ്ങനെ? തന്നെയുമല്ല സംഘടിത മേഖലയിൽ നിലവിലിരിക്കുന്ന ഉയർന്ന സേവന, വേതന സൗകര്യങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ നിലനിർത്തിക്കൊണ്ടു പോകാനാവുമോ? കാർഷിക, വ്യാവസായിക ഉൽപന്നങ്ങളുടെ ഉൽപാദനമേഖലകളായ പ്രാഥമിക, ദ്വിതീയ മേഖലകൾ മുരടിപ്പിനും താഴ്ന്ന വളർച്ചയ്ക്കുമിടയിൽ ഏതാണ്ട് മൂന്നു പതിറ്റാണ്ടായി ചാഞ്ചാടിക്കൊണ്ടിരിക്കുകയാണ്. തന്മൂലം കേരള വികസന മോഡൽ ഒരു വികസന മോഡൽ അല്ലെന്ന് വരെ വിമർശനം ആഗോളതലത്തിൽ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിലേയ്ക്ക് സാമ്പത്തികശാസ്ത്ര നോബൽ പുരസ്കാരം (1998) കൊണ്ടുവന്ന ക്ഷേമ സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യസെൻ കേരളത്തിന്റെ ഉയർന്ന മനുഷ്യവികസന സൂചികയുടെ സ്തുതിപാഠകനാണ്. എന്നാൽ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു കേരള സമ്പദ് ഘടന വിദേശ കേരളീയർ അയയ്ക്കുന്ന പണം കൊണ്ട് ഊതി വീർപിച്ച ബലൂൺ ആണ് എന്ന്. ആ വരുമാനം നിലച്ചാൽ ബലൂൺ ശൂന്യമാവുമെന്ന്. അന്താരാഷ്ട്ര പെട്രോളിയം രംഗത്തുണ്ടാവുന്ന മാറ്റങ്ങൾ മറ്റാരെയുംകാൾ കേരളത്തെയാണ് ബാധിക്കുന്നതെന്ന് നാം കണ്ടറിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ സുസ്ഥിര വികസനം കേരളത്തെ സംബന്ധിച്ച് ഒരു മരീചികയായി തീരാതിരിക്കണമെങ്കിൽ നമ്മുടെ കാർഷിക, വ്യാവസായിക മേഖലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയേ മതിയാവൂ. അതുകൊണ്ടുതന്നെ 2017–18 ബജറ്റ് ഏതുതരം സമീപനമാണ് വ്യാവസായികമേഖലയോട് സ്വീകരിച്ചിരിക്കുന്നതെന്നത് പരമപ്രധാനമാണ്.

പട്ടിക ഒന്ന് പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകൾ സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപാദനത്തിന് നൽകുന്ന സംഭാവന സൂചിപ്പിക്കുന്നു.

### എം. എസ്. എം. ഇ. പ്രവർത്തന മികവിൽ

പട്ടിക ഒന്ന് പരിശോധിക്കുമ്പോൾ ദ്വിതീയ മേഖല അഥവാ വ്യവസായ മേഖലയുടെ തീർത്തും ആശങ്കാജനകമായ വളർച്ചാരീതി മനസ്സിലാവും. 1980–81 നുശേഷം തളർച്ച

പട്ടിക- 1

**സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപാദനത്തിൽ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളുടെ സംഭാവന (തിരഞ്ഞെടുത്ത വർഷങ്ങളിൽ ശതമാനമായി)**

| മേഖല | 1980-81 | 1990-91 | 2000-01 | 2010-11 | 2014-15* |
|---|---|---|---|---|---|
| പ്രാഥമിക മേഖല | 39.23 | 35.99 | 19.8 | 10.43 | 9.86 |
| ദ്വിതീയ മേഖല | 24.37 | 23.92 | 19.8 | 19.40 | 22.90 |
| തൃതീയ മേഖല | 36.40 | 40.09 | 60.4 | 70.15 | 67.36 |

* ക്വിക്ക് എസ്റ്റിമേറ്റ്

കടപ്പാട്: എക്കണോമിക് സർവേ, സംസ്ഥാന ആസൂത്രണ ബോർഡ്, പല വർഷങ്ങൾ.

യുടെ പാതയിലായിരുന്ന മേഖല 2014-15 ഓടെ പതുക്കെ വളർച്ചയുടെ പാതയിലേയ്ക്ക് തിരിച്ചെത്തുന്ന പ്രതീതി ഉണ്ടാക്കുന്നു. ഇത് വൻകിട വ്യവസായങ്ങൾ സടകുടഞ്ഞെഴുന്നേറ്റതു കൊണ്ടല്ല, പ്രത്യുത നാമമാത്ര, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ പ്രവർത്തനമികവു മൂലമാണ്. എം. എസ്. എം. ഇ മേഖലയിലെ ഉയർന്ന വളർച്ചയിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം ഒന്നാമതെത്തിയ വർഷമായിരുന്നു 2014-15. നാണ്യവിളകളുടെ ഉയർന്ന സാന്നിദ്ധ്യം, ഭൂമി ദൗർലഭ്യം, ഉയർന്ന ജനസാന്ദ്രത എന്നീ കാരണങ്ങളാൽ കേരളത്തിന് അനുയോജ്യമായ മേഖലയാണ് എം. എസ്. എം. ഇ. അതുകൊണ്ട് ബജറ്റ് എവിടെയാണ് ഊന്നൽ നൽകുന്നതെന്നത് പരിശോധിക്കേണ്ടിയിരിക്കുന്നു.

## പുതിയ വളർച്ചാമേഖലകൾ

പുതിയ വളർച്ചാമേഖലകൾ എന്ന് അഭിസംബോധന ചെയ്തുകൊണ്ടാണ് വ്യവസായ രംഗത്തേയ്ക്ക് ബജറ്റ് കടക്കുന്നത്. അത് കേരളത്തിന്റെ പ്രത്യേകത കണക്കിലെടുത്തിട്ടാണെന്ന് തീർച്ച. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ അഞ്ച് വർഷം കൊണ്ട് 10 ലക്ഷം തൊഴിൽ വാഗ്ദാനം ചെയ്തിട്ടുള്ള ഐ. ടി, വിനോദ സഞ്ചാര മേഖലകളിലാണ് ആദ്യം ശ്രദ്ധയൂന്നിയിരിക്കുന്നത്.




## വിവര സാങ്കേതിക വിദ്യ

ഈ മേഖലയ്ക്കായി വകയിരുത്തിയിരിക്കുന്നത് 549 കോടി രൂപയാണ്. ഈ തുകയുടെ വിഭജനം എങ്ങനെയെന്നു നോക്കാം.

| **മേഖല** | **പണലഭ്യത (കോടിയിൽ)** |
|---|---|
| ടെക്നോപാർക്ക് | 84 |
| ഇൻഫോപാർക്ക് | 67 |
| സൈബർ പാർക്ക് | 25 |
| കോഴിക്കോട്,കണ്ണൂർ, കാസർ ഗോഡ്, കൊരട്ടി ഐ. ടി കേന്ദ്രങ്ങൾ | 55 |
| ടെക്നോ ഇന്നവേഷൻ സെന്റർ | 10 |
| യുവസംരംഭകത്വ വികസനം | 70 |
| കേരള ഐ.ടി. മിഷൻ | 100 |
| ട്രിപ്പിൾ ഐ. ടി. എം. കെ | 52 |
| സി- ഡിറ്റ് | 5 |
| ഐ. ഐ. ടി. | 22.50 |
| മറ്റുള്ളവ | 58.50 |
| **ആകെ** | **549** |

ഐ. ടി. വ്യവസായത്തിന് നൽകുന്ന ഉയർന്ന പരിഗണന തൊഴിൽ സൃഷ്ടിയും വ്യാവസായിക വികസനവും മുന്നിൽ കണ്ടാണ്. 2020 ആകുമ്പോഴേയ്ക്ക് ഇൻഫോപാർക്കിൽ പുതിയതായി ഒരു ലക്ഷം ഐ. ടി. തൊഴിലവസരങ്ങളും ടെക്നോപാർക്കിൽ 75,000 അവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്ന സ്വപ്നമാണ് സാക്ഷാത്കരിക്കേണ്ടത്. ഐ. ടിയോട് ചുറ്റിപ്പറ്റി വളർന്നു വരാനിരിക്കുന്ന തൊഴിൽ സാധ്യതകൾ നേരിട്ട് സൃഷ്ടിക്കുന്നവയേക്കാൾ വളരെ കൂടുതലായിരിക്കും. ഇതിനെല്ലാം ഉപരി കെ. എസ്. ഐ. ഡി. സിയും കെ. എഫ്. സി. യും 1500 സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് ധനസഹായം നൽകും.

ഐ. ടി ഹാർഡ് വെയർ നിർമാണ ഹബ്ബായി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യം വൈകിയിട്ടാണെങ്കിലും ഉത്തമം തന്നെ. ഇതിനായി 12 ഹാർഡ് വെയർ പാർക്കുകളാണ് വിഭാവന ചെയ്തിരിക്കുന്നത്. ഒരു ഹാർഡ് വെയർ മിഷൻ ഈ മേഖലയുടെ പ്രവർത്തനം ഏകോപിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിക്കുന്നതിനായി ഒരു കോടി രൂപ മാറ്റിവച്ചിരിക്കുന്നു.

## കെ. ഫോൺ (കേരള ഫൈബർ ഓപ്റ്റിക് നെറ്റ്‌വർക്ക്)

ഇന്റർനെറ്റ് സൗകര്യം പൗരാവകാശമാക്കി മാറ്റുക എന്ന ലക്ഷ്യം മുന്നിൽ കണ്ടാണ് ഈ പദ്ധതി. 20 ലക്ഷം ദരിദ്ര കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകും. സർക്കാർ, സ്വകാര്യ സേവനങ്ങൾ, വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യക്ഷേമ സേവനങ്ങൾ, വിനോദ വിജ്ഞാന സേവനങ്ങൾ എന്നിവയൊക്കെ കമ്പ്യൂട്ടർ, മൊബൈൽ എന്നിവ മുഖാന്തിരം ലഭ്യമാകുന്ന അവസ്ഥയാണ് നേടാനുദ്ദേശിക്കുന്നത്. ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കുന്നതിനുള്ള ഒരു നിർണായക ചുവടാണത്. 2017-18 ൽ സർക്കാർ ഭരണം ഐ. ടി. അധിഷ്ഠിതമായി മാറുന്നതോടെ കെ. ഫോൺ പൗരന്മാർക്ക് അവശ്യ വസ്തുവായി മാറും. വൈദ്യുതി ബോർഡിന്റെ വൈദ്യുതിശൃംഖലയ്ക്ക് സമാന്തരമായി സൃഷ്ടിക്കുന്ന പുതിയൊരു ഓപ്റ്റിക് ഫൈബർ പാത സൃഷ്ടിച്ചുകൊണ്ടാണ് കെ. ഫോണിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നത്.

## വിനോദസഞ്ചാരം

വിനോദസഞ്ചാരം കേരളത്തിന്റെ മൊത്ത വ്യാവസായിക ഉൽപാദനത്തിന്റെ 10 ശതമാനം സംഭാവന ചെയ്യുന്ന മേഖലയായി വളർന്നു. എന്നാൽ ടൂറിസം മേഖല അരിഷ്ടതകൾ നിറഞ്ഞതാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, അപൂർണമായ കണക്ടിവിറ്റി, ചുവപ്പുനാട, ഖരമാലിന്യപ്രശ്നം (വിദേശ ടൂറിസ്റ്റുകൾ മൂക്കുപൊത്തുന്ന അവസ്ഥ), ഹർത്താൽ, അയൽ സംസ്ഥാനങ്ങളും അയൽ രാജ്യങ്ങളുമായുള്ള താരതമ്യത്തിൽ ഉയർന്ന ജീവിതച്ചെലവ് തുടങ്ങിയവയൊക്കെ വിനോദ സഞ്ചാര മേഖലയെ പിറകോട്ടടിക്കുന്ന ഘടകങ്ങളാണ്. ഇനിയുമൊന്ന് സ്ഥിരതയില്ലാത്ത മദ്യനയമാണ്. ഈ പ്രതികൂല സാഹചര്യങ്ങൾ അനുകൂലമാക്കി മാറ്റാൻ ബജറ്റ് എന്തു ചെയ്യുന്നുവെന്ന് പരിശോധിക്കാം.

**ബജറ്റ് വിഹിതവും വിനോദസഞ്ചാര മേഖലയും (2017-18) (കോടിയിൽ)**

| | | |
|---|---|---|
| 1 | മാർക്കറ്റിങ്ങ് | 75 |
| 2. | ഫെസ്റ്റിവലുകൾ | 15 |
| 3 | ടൂറിസം സ്ഥാപനങ്ങൾ | 25 |
| 4 | ജില്ലാ ടൂറിസം | 12 |
| 5 | ഗസ്റ്റ് ഹൗസുകൾ (പുതിയവയ്ക്കും നിലവിലുള്ളവയ്ക്കും | 31 |
| 6 | ആലപ്പുഴ നോർട്ടണ സ്മാരകം കയർ മ്യൂസിയം | 10 |
| | **ആകെ** | **168** |

ഇതിനെല്ലാം ഉപരിയാണ് മുസിരിസ് ഹെറിട്ടേജ് സ്പൈസ് റൂട്ട് എന്നിവയ്ക്കായി കിഫ്ബി വഴി 40 കോടി വിഭാവന ചെയ്യുന്നത്. തന്നെയുമല്ല സംസ്ഥാനത്തൊട്ടാകെ ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി വഴി 120 കോടി അനുവദിച്ചിരിക്കുന്നു. അങ്ങനെ കിഫ്ബി വഴി 160 കോടിയാണ് ചെലവഴിക്കാനുദ്ദേശിക്കുന്നത്. എന്നാൽ കഴിഞ്ഞ ബജറ്റിൽ ഈ മേഖലയ്ക്കായി ചെലവഴിക്കുമെന്ന് പറഞ്ഞ 400 കോടി എങ്ങുമെത്താതെ കിടക്കുകയാണ്. അന്ന് കിഫ്ബി വെറും ആശയമായിരുന്നു. ഇന്ന്,



കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് വഴി നടത്തുന്ന ചിട്ടിയിൽ വിദേശ കേരളീയരിൽ നിന്ന് വരിസംഖ്യ സ്വീകരിക്കുകയും ആ പണം കിഫ്ബിയുടെ ബോണ്ടുകളിൽ നിക്ഷേപിക്കുകയും ആ നിക്ഷേപം വികസനാവശ്യങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യുക എന്ന മൂർത്തമായ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നു. അങ്ങനെ സ്വപ്നം യാഥാർത്ഥ്യത്തോടടുത്തിരിക്കുന്നു.

## വൻകിട – ഇടത്തരം വ്യവസായങ്ങൾ

ഈ മേഖലയ്ക്ക് 2016-17 ബജറ്റിൽ 291 കോടിയായിരുന്നു അടങ്കൽ. അത് 482 കോടി രൂപയായി ഉയർത്തിയിരിക്കുന്നു. അതായത് 65.6 ശതമാനം വർദ്ധനവ്. എന്നാൽ ഈ തുകയിൽ 270 കോടി നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനാണെന്നത് ആഹ്ലാദകരമായ നീക്കമാണെന്ന് തോന്നുന്നില്ല. സി. എ. ജി. റിപ്പോർട്ട് 2016 (സ്റ്റേറ്റ് ഫിനാൻസസ്, പി 9) ചൂണ്ടിക്കാണിക്കുന്നത് നോക്കാം. ഗവൺമെന്റിന്റെ കമ്പനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ ഇവയുടെ ഓഹരികളിലും വായ്പകളുടെ തിരിച്ചടവിനും, സർക്കാർ വിന്യസിച്ച പണം മുഴുവനും പതിവുപോലെ പ്രയോജനരഹിതമായി. ഇങ്ങനെ ചെലവഴിച്ച് പണത്തിന്മേൽ യാതൊരുതര വരുമാനവും സൃഷ്ടിക്കാൻ പ്രസ്തുത സ്ഥാപനങ്ങൾക്കായില്ല. ഇവയിൽ ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി, കെ. എസ്. ആർ. ടി. സി. ഇങ്ങനെ ചിലതൊഴിച്ചാൽ ബാക്കിയൊന്നും തന്നെ മെറിറ്റ് ഗുഡ്സ്, സോഷ്യൽ ഗുഡ്സ് എന്നിവയൊന്നും ഉൽപാദിപ്പിച്ച് പ്രധാനം ചെയ്യുന്നില്ല. പിന്നെന്തിന് അവയെ നിലനിർത്താൻ നികുതിപ്പണം വൃഥാ ചെലവഴിക്കണം. സർക്കാർ ചെലവിൽ സർക്കാർ ഭൂമിയിൽ ഉല്ലസിച്ചു കഴിയുന്ന ഈ സ്ഥാപനങ്ങൾ ഭൂമിക്കരം, വൈദ്യുതിചാർജ്ജ്, വെള്ളക്കരം തുടങ്ങിയവയുടെ രൂപത്തിൽ പതിറ്റാണ്ടുകളായി ഗവൺമെന്റിലേയ്ക്ക് ഒടുക്കേണ്ടത് മുടക്കി ഇട്ടിരിക്കുകയാണ്. ചൊല്ലിക്കൊടുക്കുക, തല്ലിക്കൊടുക്കുക എന്ന ആപ്തവാക്യം കണക്കിലെടുത്ത് ഈ ഇത്തിളുകൾ വെട്ടി

മാറ്റേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. അവരുടെ പുനരുദ്ധാരണം അവരുടെ ചുമലിൽ മാത്രം അർപിക്കുക. നന്നാവുകയോ നശിക്കുകയോ ചെയ്യട്ടെ എന്ന സമീപനമാണ് നികുതിദായകരോട് ചെയ്യാവുന്ന നീതി പൂർവകമായ കാര്യം.

### ചെറുകിട വ്യവസായങ്ങൾക്ക് മുൻഗണന വേണം

ആധുനിക വ്യവസായങ്ങൾക്കായി 128 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പൊതുമേഖലകളേക്കാൾ എത്രയോ കൂടുതൽ ഊന്നൽ അർഹിക്കുന്നവയാണ് കേരളത്തിന് അനുയോജ്യമായ ചെറുകിട, ഇടത്തരം വ്യവസായങ്ങൾ. പുതിയ ചെറുകിട വ്യവസായ സംരംഭകർക്ക് മൂലധന പിന്തുണ നൽകാൻ 56 കോടി വകകൊള്ളിച്ചിരിക്കുന്നു. ദിവംഗതനായ അബ്ദുൾ കലാംജി കുറിച്ചതുപോലെ തൊഴിൽ സൃഷ്ടിക്കുന്ന സംരംഭകരെ സൃഷ്ടിക്കുക എന്ന ഉദാത്തമായ സ്വപ്നത്തിലേയ്ക്കുള്ള പാതയാണ് ഇവിടെ ഇടുങ്ങിപ്പോകുന്നത്. ജൻഡർ ബജറ്റ് സ്റ്റേറ്റ്മെന്റ് ഉണ്ടെന്നുള്ളത് സത്യം. എന്നാൽ വനിതകളുടെ നൈപുണ്യ വികസനം, സംരംഭകത്വ വികസനം എന്നിവ മുൻനിർത്തിയുള്ള പ്രഖ്യാപനങ്ങൾ കാണുന്നില്ല. കുടുംബശ്രീ നാമമാത്ര സംരംഭങ്ങൾ തന്നെ 150-ൽ പരം ഉൽപന്നങ്ങൾ വിപണിയിലിറക്കുന്ന നാടാണിത്. അവരുടെ വിജയഗാഥ രചിച്ച നാമമാത്ര സംരംഭങ്ങളിൽ കൂടുതൽ മൂലധനം വിന്യസിച്ചാൽ ഒരു പക്ഷെ ചിറ്റിലപ്പള്ളിയോ, മുകേഷ് അംബാനിയോ പിറവിയെടുക്കുകയില്ലെന്നാര് കണ്ടു?

### പരമ്പരാഗത വ്യവസായമേഖല

കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ വ്യവസായങ്ങളെ ആധുനികവൽകരിക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കുവാനുമുള്ള ശ്രമങ്ങളുണ്ട്. എന്നാൽ പൊതുമേഖല ലോബിയോളം പോന്ന ലോബികൾ ഇവിടെയില്ലെന്ന് ഈ മേഖലയിലെ പുനരുദ്ധാരണ പരിപാടികൾ വ്യക്തമാക്കും. കയർ തൊഴിലാളികൾക്ക് 200 ദിവസം തൊഴിൽ ഉറപ്പു ശ്രമങ്ങൾ അഭിനന്ദനം അർഹിക്കുന്നു. സ്കൂൾ യൂണിഫോം കൈത്തറി സംഘങ്ങളിൽ നിന്ന് എന്ന നയവും നല്ലതു തന്നെ. കയർ, കശുവണ്ടി, കൈത്തറി മേഖലയെ യന്ത്രവൽകരിക്കുകയാണ് കരണീയം. ഇവയിൽ നിന്ന് തൊഴിൽ നഷ്ടപ്പെടുന്നവർക്ക് പുതിയ മേഖലകളിൽ പരിശീലനവും തൊഴിലും നൽകി ശാക്തീകരിക്കുകയാണ് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും പരമ്പരാഗത വ്യവസായങ്ങളെ ആധുനിക വൽകരിക്കാനും ഉത്തമമായ മാർഗം.

ചുരുക്കത്തിൽ ഈസ് ഓഫ് ഡൂയിങ് ബിസിനസ് കാര്യത്തിൽ കേരളം വളരെ പിന്നിലാണെന്ന് സമ്മതിക്കുന്ന ഗവൺമെന്റ് അത് മെച്ചപ്പെടുത്താൻ ഏകജാലക സമ്പ്രദായം കൊണ്ടുവരണം. ഹർത്താൽ, നോക്കുകൂലി തുടങ്ങിയവ അവസാനിപ്പിക്കണം. നവസംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കണം. ബജറ്റ് വ്യവസായമേഖലയ്ക്ക് വേണ്ടത്രയില്ലെങ്കിലും, ഉള്ളതിനനുസരിച്ച് മാറ്റിവച്ചിരിക്കുന്നു. കിഫ്ബി വഴി അടിസ്ഥാന സൗകര്യ വികസനം പ്രതീക്ഷിക്കുന്നതുപോലെ, സാധ്യമായാൽ സ്വകാര്യ വ്യവസായങ്ങൾ താനെ കടന്നുവരും. ആക്കം കൂട്ടാൻ വ്യവസായ ഇടനാഴിയും പ്രാവർത്തികമാവണം. ■

Yea me Enterprises
City Tower, Venus Jn., Kottarakara
Ph: 9744424151, 9747218934

Email : creakfood1000@gmail.com
fssai : 11312011000523

K. PEETHAMBARAN
Ph : 0495 2431745
Mob : 9388676118

# CREAK FOODS

Near Botanical Garden
P.O. G.A. College, Pokkunnu, Calicut -14

ബൈജു നെടുങ്കേരി



# നാളികേര വെള്ളത്തിൽ നിന്നും നാറ്റാ ഡി കൊക്കോ

കേരളം നാളികേരത്തിന്റെ നാടായിരുന്നു. കവി വർണനകളിലൂടെയും ഐതീഹ്യങ്ങളിലൂടെയും ചരിത്രത്തിലൂടെയുമെല്ലാം മലയാള നാടിന്റെ സംസ്കൃതിയിലേയ്ക്ക് ഇഴുകിച്ചേർന്ന വൃക്ഷം. കാലാന്തരത്തിൽ നാളികേര കൃഷിയിലെ പെരുമ നമുക്ക് നഷ്ടപ്പെട്ടു തുടങ്ങി. നാളികേരത്തിന്റെ വിലയിടിവും വിപണിമൂല്യമുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമിക്കുന്നതിനുള്ള സാങ്കേതിക വിദ്യകളുടെ അഭാവവും കൃഷിയിലെ ഉയർന്ന കൂലി ചെലവും നാളികേര കൃഷിയെ പിന്നോട്ടടിച്ചു. നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമാണത്തിലൂടെ നമുക്ക് നാളികേര കൃഷിയെ പുനർജീവിപ്പിക്കാൻ സാധിക്കും. അന്തർദേശീയ വിപണി കീഴടക്കാൻ പറ്റിയ ഉല്പന്നങ്ങൾ നമ്മുടെ നാട്ടിൽ അന്തർദേശീയ നിലവാരത്തോടെ നിർമിക്കാൻ കഴിഞ്ഞാൽ നാളികേര കൃഷിയുടെ ജാതകം തന്നെ മാറ്റി മറിക്കാൻ സാധിക്കും. ലോക ഭക്ഷ്യ വിപണിയിൽ ഏറെ പ്രാധാന്യമുള്ള ഒരു ഭക്ഷ്യ ഉല്പന്നമാണ് നാറ്റാ ഡി കൊക്കോ. നമ്മുടെ നാട്ടിലെ പാഴായിപ്പോകുന്ന നാളികേര വെള്ളത്തിൽ നിന്നും അന്തർദേശീയ നിലവാരമുള്ള ഉല്പന്നത്തിന്റെ സാധ്യത പരിചയപ്പെടുത്തുകയാണ് ഈ ലക്കത്തിൽ.

## സാധ്യതകൾ

നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന നാളികേര വെള്ളം നാളികേര ഉല്പന്ന നിർമാതാക്കളെ സംബന്ധിച്ച് വലിയ തലവേദനയാണ് സൃഷ്ടിക്കുന്നത്. ചുരുങ്ങിയ സമയത്തിനുള്ളിൽ പുളിച്ച് തുടങ്ങുന്ന നാളികേരവെള്ളം ഫലപ്രദമായി സംസ്കരിക്കുന്നതിന് പലപ്പോഴും കഴിയാറില്ല. വിനഗറും കോക്കനട്ട് ഹണിയും സാധ്യതകളായി മുന്നിലുണ്ടെങ്കിലും വിപണിയിലെ സ്വീകാര്യതക്കുറവ് ഈ രംഗത്ത് വലിയ സാധ്യതകൾ ബാക്കിവയ്ക്കുന്നില്ല. ഇവിടെയാണ് നാറ്റോ ഡി കൊക്കോയുടെ പ്രസക്തി. പ്രകൃതിദത്ത ഭക്ഷണത്തിന് ആദ്യത്തെ വിപണിയിലും പ്രിയം ഏറുകയാണ്. കയറ്റുമതിയേക്കാൾ നാട്ടിൽ തന്നെ വിപണി കണ്ടെത്താൻ കഴിയുന്ന ഉല്പന്നമാണ് നാറ്റാ ഡി കൊക്കോ.

ജെല്ലി രൂപത്തിലുള്ള നാറ്റ ഡി കൊക്കോ പൂർണമായും നാളികേരവെള്ളത്തിൽ നിന്നുമാണ് നിർമിക്കുന്നത്. പൂർണമായും നാരുകൾ അടങ്ങിയ ഭക്ഷണം നേരിട്ടും ഐസ്ക്രീം, യോഗർട്ട്, ഫ്രൂട്ട് സലാഡ് എന്നിവയിലെ ചേരുവയായും നാറ്റാ ഡി കൊക്കോ ഉപയോഗിക്കുന്നു. ഉല്പാദകരില്ലേ എന്നതും ആവശ്യത്തിന് നാറ്റാ ഡി കൊക്കോ ലഭ്യമല്ല എന്നതുമാണ് ഈ രംഗത്ത് നിലവിലുള്ള പ്രശ്നം. ആവശ്യക്കാർ ഏറെയുണ്ട് താനും.

നാറ്റാ ഡി കൊക്കോയിൽ അടങ്ങിയിരിക്കുന്ന നാരുകൾ ദഹനപ്രക്രിയയെ ഏറെ സഹായിക്കുന്നു. ഇതുമൂലം ശരീരത്തിന്റെ അമിതഭാരം കുറയ്ക്കുന്നു. ഇന്ന് നമ്മളെ അലട്ടിക്കൊണ്ടിരിക്കുന്ന കോൺസ്റ്റിപേഷൻ, അപ്പെന്റിസൈറ്റിസ്, ഡയബറ്റിസ്, കൊറോണറി ഹാർട്ട് ഡിസീസസ് തുടങ്ങിയ രോഗങ്ങൾ തടയാൻ ഏറ്റവും ഫലപ്രദമായ ഒരു ഉല്പന്നം കൂടിയാണിത്. കാത്സ്യം, ഇരുമ്പ്, ഫോസ്ഫറസ്, പ്രോട്ടീൻ, വൈറ്റമിൻ ബി1, ബി2, സി തുടങ്ങി പുഷ്ടിപ്രദമായ ആഹാരമാണ് നാറ്റാ ഡി കൊക്കോ. മധുരം കൊണ്ട് കുട്ടികളേയും പോഷകസമൃദ്ധി കൊണ്ട് മുതിർന്നവരേയും ഒരേപോലെ ആകർഷിക്കുന്നു. നാറ്റാ ഡി കൊക്കോയുടെ പി.എച്ച് വാല്യൂ 40 ആണ്. ബ്രിക്സ് ലെവൽ 14–16 ഉം.



## ഉല്പാദനരീതി

കൊപ്രകളിൽ നിന്നും ശേഖരിക്കുന്ന നാളികേര വെള്ളം അരിച്ചെടുത്തതിന് ശേഷം മദർ കൾച്ചർ ചേർത്ത് പ്ലാസ്റ്റിക് ട്രേകളിൽ മൂടി സൂക്ഷിക്കുന്നു. 15 ദിവസം കഴിയുമ്പോൾ ട്രേകളിൽ സെല്ലുലോസുകൾ രൂപപ്പെട്ടു തുടങ്ങും.

വളർച്ചയെത്തിയ സെല്ലുലോസുകളെ പച്ചവെള്ളത്തിൽ കഴുകി ശുദ്ധീകരിക്കുന്നു. പിന്നീട് പുളിപ്പ് പൂർണമായും നീക്കുന്നതിനായി ദിവസം മുഴുവൻ ശുദ്ധജലത്തിൽ മുക്കി വയ്ക്കുന്നു. ഇങ്ങനെ ലഭിക്കുന്ന നാറ്റാ ഡി കൊക്കോയെ ജ്യൂസായും ജെല്ലിയായും വീണ്ടും മൂല്യവർദ്ധനവിന് വിധേയമാക്കാം. കൂടാതെ നാറ്റാ ഡി കൊക്കോ അതേ രൂപത്തിലും വില്പന നടത്താം. പോളി പ്രൊപ്പലിൻ കണ്ടെയ്നറുകളിൽ ഫ്ളേവറുകൾ ചേർത്ത് ആകർഷകമാക്കി പായ്ക്ക് ചെയ്തതിനു ശേഷം വാട്ടർ സ്റ്റെറിലൈസേഷന് വിധേയമാക്കിയാൽ സാധാരണ ഊഷ്മാവിൽ പോലും ആറ് മാസത്തിൽ അധികം സൂക്ഷിപ്പ് കാലാവധി ലഭിക്കും. ഉല്പന്നത്തോടൊപ്പം മദർ കൾച്ചറും നിർമിച്ചു കൊണ്ടിരിക്കണം.

## സാങ്കേതികവിദ്യ പരിശീലനം

നാറ്റാ ഡി കൊക്കോ നിർമാണത്തിന്റെ സാങ്കേതികവിദ്യയും പരിശീലനവും ആവശ്യത്തിനുള്ള മദർ കൾച്ചറും കേരളത്തിലെ ആദ്യ കർഷക- ഭക്ഷ്യ സംസ്കരണ- വ്യവസായ രംഗത്തെ സുസ്ഥിര സംരംഭകത്വ വികസന കേന്ദ്രമായ പിറവം അഗ്രോപാർക്കിൽ ലഭിക്കും.

ഫോൺ: 0485-224231

## മാർക്കറ്റിംഗ്

നാറ്റോയ്ക്ക് ലോകവിപണിയിൽ വലിയ വ്യാപാര അന്വേഷണങ്ങൾ നിലനിൽക്കുന്നുണ്ട്. ഓൺലൈൻ മാർക്കറ്റിംഗിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാൽ ഈ അന്വേഷണങ്ങൾ വിരൽ തുമ്പിൽ ലഭിക്കും. കൂടാതെ ആഭ്യന്തര വിപണി കണ്ടെത്തലും വളരെ സുഗമമാണ്. കാരണം മത്സരിക്കാൻ മറ്റ് കമ്പനികൾ നിലവിലില്ല. നാളികേര ഉല്പന്നങ്ങൾ നിർമിക്കുന്ന സ്ഥലങ്ങളിൽ നിന്നും മാത്രമേ നാളികേരവെള്ളം ലഭിക്കൂ എന്നതിനാൽ ചുരുക്കം സംസ്ഥാനങ്ങളിലേ ഉല്പാദനത്തിന് സാധ്യതയുള്ളൂ. ഇതും വിപണി മത്സരം ഒഴിവാക്കുന്നതിന് സഹായിക്കും. കുറഞ്ഞ മുതൽ മുടക്കും ഉല്പന്നത്തിന്റെ സ്വീകാര്യതയും അനുകൂല ഘടകങ്ങളാണ്. നാറ്റാ ഡി കൊക്കൊ അടങ്ങിയ ജ്യൂസുകൾ ഇന്ന് വിപണിയിൽ ലഭ്യമായിക്കഴിഞ്ഞു. ഈ ജ്യൂസ് നിർമാതാക്കളും ആവശ്യക്കാരാണ്. ജെല്ലി രൂപത്തിലും പുറത്തിറക്കാം.

## മൂലധനനിക്ഷേപം

| | |
|---|---|
| 1. വാട്ടർ സ്റ്റെറിലൈസേഷൻ യന്ത്രങ്ങൾ, പായ്ക്കിംഗ് യന്ത്രങ്ങൾ | 2,00,000 |
| 2. പ്ലാസ്റ്റിക് ട്രേകൾ, പാത്രങ്ങൾ, ഫിൽട്രേഷൻ ഉപകരണങ്ങൾ | 1,50,000 |
| 3. മദർ കൾച്ചർ സംസ്കരിക്കുന്നതിനുള്ള ടാങ്കും അനുബന്ധ സംവിധാനങ്ങളും | 1,50,000 |
| 4. സാങ്കേതികവിദ്യ, പരിശീലനം | 1,00,000 |
| 5. മദർ കൾച്ചർ- 50 ലിറ്റർ | 1,25,000 |
| **ആകെ** | **7,25,000** |

## പ്രവർത്തന ചെലവുകൾ

( പ്രതിമാസം 3000 കിലോ നാറ്റ ഡി കൊക്കോ നിർമിക്കുന്നതിനുള്ള ചെലവ്)



| | | |
|---|---|---|
| 1. നാളികേരവെള്ളം | 6000 * 2 | 12,000 |
| 2. മദർ കൾച്ചർ | | 40,000 |
| 3. വേതനം | | 1,00,000 |
| 4. പായ്ക്കിംഗ്, സ്റ്റെറിലൈസേഷൻ ഇതര ചെലവുകൾ | | 30,000 |
| **ആകെ** | | **1,82,000** |

## വരവ്

(പ്രതിമാസം 3000 കിലോ നാറ്റാ ഡി കൊക്കോ വില്പന നടത്തുമ്പോൾ ലഭിക്കുന്നത്)

| | | |
|---|---|---|
| നാറ്റാ ഡി കൊക്കോ | 3000 കിലോ * 200 | 6,00,000 |

## ലാഭം

| | |
|---|---|
| വരവ് | 6,00,000 |
| ചെലവ് | 1,82,000 |
| ലാഭം | 4,18,000 |

കണ്ണൂർ സ്വദേശി അബ്ദുള്ള ഈ രംഗത്ത് വിജയം നേടിയ വ്യക്തിയാണ് പ്രതിമാസം മൂന്ന് ടൺ നാറ്റ ഡി കൊക്കോ ഉല്പാദിപ്പിക്കുന്ന അദ്ദേഹം തന്റെ ഉല്പാദനം പ്രതിമാസം 10 ടൺ അധികം വർധിപ്പിക്കാൻ ശ്രമിക്കുകയാണ്. ദേശീയ അന്തർദേശീയ വിപണിയിലാണ് അദ്ദേഹത്തിന്റെ മുഖ്യ ഇടപെടൽ. ജ്യൂസും ജെല്ലിയും സ്വന്തം ബ്രാന്റിലും വിപണിയിലെത്തിക്കുന്നു.

## ലൈസൻസ്, സബ്സിഡി

ഉദ്യോഗ് ആധാർ, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ലൈസൻസ്, വില്പന നികുതി വകുപ്പിന്റെ രജിസ്ട്രേഷൻ എന്നിവ സംരംഭകർ നേടിയിരിക്കണം. വ്യവസായ വകുപ്പ് നാളികേര വികസന ബോർഡ് എന്നിവരുടെ സബ്സിഡികളും ലഭിക്കും. ■

# Subscribe/Renew today
# Vyavasaya Keralam

## SUBSCRIBER'S APPLICATION

I would like to subscribe Vyavasaya Keralam for One year at Rs. 300/- (12 issues)

Please send my copies to:

Name..........................................................................................................


Address.......................................................................................................

......................................................................................................................

......................................................................................................................

District.........................................................................................................

Pincode.........................................Phone..............................................................




Demand Draft for Rs.300/- drawn in favour of

"K-Bip. Vyavasayakeralam", payable at Thiruvananathapuram

is enclosed (D.D No............................................dated.....................................

of..........................................................................................................Bank

**Send to**


The Editor
Vyavasayakeralam
DIC Building,
Vellayambalam,
Thiruvananthapuram
Pin:695033
Phone: 0471-2322789



## കെട്ടിടനിർമാണസാമഗ്രികളുടെ വിലനിലവാരം

**ഫെബ്രുവരി അവസാനവാരം വിപണികളിൽനിന്നു ശേഖരിച്ചത്**

| | *തിരുവനന്തപുരം* | *കൊച്ചി* | *കോഴിക്കോട്* |
|---|---|---|---|
| സിമന്റ് (ബാഗിന്)ലോക്കൽ പർചേസ് | 400 | 395 | 365(സുവാരി) |
| സ്റ്റീൽ (കി.ഗ്രാം) | 40.48 | 43 | 42.48 |
| തടി ( ക്യുബ്ക് അടി) താന്നി | | | 852.40 |
| തടി ( ക്യുബ്ക് അടി) സെക്കന്റ് ക്ലാസ് ഹാർഡ് | - | - | - |
| എം.സാന്റ്(ക്യുബ്ക് അടി) | 57 | 47 | 62 |
| ക്വാറി ഡസ്റ്റ് | 35 | 48 | - |
| മെറ്റൽ (3/4 ഇഞ്ച്) | 29.50 | 29 | 35 |
| മെറ്റൽ (1/4 ഇഞ്ച്) | 28 | 32 | 35 |
| മെറ്റൽ (1½ ഇഞ്ച്) | 23 | 32 | 35 |
| ഹോളോ ബ്ലോക്ക് (8 ഇഞ്ച്) | 34.25 | 38 | 49 |
| ഹോളോ ബ്ലോക്ക് (6 ഇഞ്ച്) | - | - | - |
| ഹോളോ ബ്ലോക്ക് (4 ഇഞ്ച്) | 21 | 38 | 32.15 |
| സോളിഡ് ബ്ലോക്ക് (6 ഇഞ്ച്) | 34 | 27 | - |
| സോളിഡ് ബ്ലോക്ക് (4 ഇഞ്ച്) | 24.75 | 20 | 28.20 |
| ഇഷ്ടിക | 6.25 | 7.50 | 9.00 |
| റെഡിമിക്സ് | 6100 | 5750 | - |

*അവലംബം : സതേൺ ഇൻവെസ്റ്റ്മെന്റ്സ് (Si) പ്രൈവറ്റ് ലിമിറ്റഡ്*


Since 1982
IS 9535
ISI
PART III
The Ultimate in Safety and Durability
GEO
PLASTICS AND POLYMERS
Water Pipes | Wiring Pipes ISI & NON ISI




*With best complements*

*From*

# T.R. Packing Products

**Manufacturers of Paper Tubes (Cores) and suppliers of Packing Materials and Bopp Packing Tapes**

**FACTORY AND Office**
**1 plot, vadakacl**
**Amalal**

ശാലിനി. പി
ചേളന്നൂർ വ്യവസായ വികസന ഓഫീസർ

**അന്താരാഷ്ട്ര വനിതാ ദിനം ഒരിക്കൽ കൂടി കടന്നുപോയിരിക്കുന്നു. കഠിനമായ പടവുകൾ താണ്ടി ആത്മാഭിമാനത്തോടെ മുന്നോട്ടു നടക്കുന്ന എല്ലാ വനിതാ സംരംഭകർക്കും അഭിവാദ്യങ്ങൾ. വേറിട്ട സംരംഭക വഴികളിൽ മുന്നേറുന്ന പ്രബുദ്ധരായ ചില വനിതകളെ പരിചയപ്പെടാം.**

സക്സസ് സ്റ്റോറി

# ഘടികാര വൈവിദ്ധ്യങ്ങളിലെ പെൺ കരങ്ങൾ

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പരിധിയിലുള്ള അന്നശ്ശേരി എന്ന സ്ഥലത്താണ് ക്ലോക്ക് നിർമാണത്തിൽ പുതിയ ചുവട് വച്ച് ജിനിഷ ഷനോജിന്റെ ഉടമസ്ഥതയിലുള്ള വിക്ടറി എന്റർപ്രൈസസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നത്.

അധികം വ്യാപകമല്ലാത്ത ക്ലോക്ക് നിർമാണം എന്ന മേഖല തിരഞ്ഞെടുക്കാൻ ജിനിക്ക് ആത്മവിശ്വാസം നൽകിയത് ഭർത്താവായ ഷനോജിന് ക്ലോക്ക് നിർമാണത്തിലുള്ള ഒന്നര പതിറ്റാണ്ടിന്റെ പരിചയമാണ്. ചെറുപ്രായത്തിൽ തന്നെ കോഴിക്കോട് ഉണ്ടായിരുന്ന പ്രീമിയർ ക്വാർട്ട്സ് എന്ന സ്ഥാപനത്തിൽ ജോലി തുടങ്ങിയ ഷനോജ് ക്ലോക്ക് നിർമാണത്തിൽ വൈദഗ്ദ്ധ്യം നേടി. ആ സ്ഥാപനം പൂട്ടിയതിനെ തുടർന്ന് ആദ്യം ചെറിയ രീതിയിൽ സ്വന്തമായി നിർമാണം തുടങ്ങുകയും പിന്നീട് വീട്ടിൽ നിന്നും 16 കിലോമീറ്റർ ദൂരത്തുള്ള അന്നശ്ശേരി എന്ന സ്ഥലത്ത് വാടകയ്ക്കെടുത്ത മൂന്ന് മുറികളിലായി സ്ഥാപനം ആരംഭിക്കുകയും ചെയ്തു.



സ്വന്തമായി നിർമ്മിച്ച ക്ലോക്കുകളുമായി ജിനിഷ ഷനോജ്

പരിസ്ഥിതിക്ക് ഉപദ്രവകരമായ പ്ലാസ്റ്റിക് പുറംചട്ടയുള്ള ക്ലോക്കുകൾക്ക് പകരം മലേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ജാക്ക് വുഡിലാണ് ക്ലോക്ക് നിർമിക്കുന്നത്. മരം യന്ത്രസഹായത്തോടെ ഡിസൈൻ അനുസരിച്ച് മുറിച്ചെടുത്ത ശേഷം പെയിന്റ് ചെയ്ത്, ഈട്ടിയുടെയും മറ്റും ഫിനിഷിങ്ങിൽ കഥകളിത്തല, സൂര്യൻ, വാളും പരിചയും, സൗദി സർക്കാരിന്റെ ചിഹ്നം മുതലായ ആകൃതികളിൽ ക്ലോക്കുകൾ നിർമിക്കുന്നു. ക്ലോക്കിന്റെ യന്ത്രഭാഗങ്ങൾ ഗുജറാത്തിൽ നിന്നുമാണ് കൊണ്ടുവരുന്നത്. ഇതിന് ഒരു വർഷത്തെ വാറന്റിയും നൽകുന്നു. സൺവുഡ് ക്വാർട്സ് എന്ന പേരിലാണ് ക്ലോക്കുകൾ വിപണിയിൽ ഇറക്കുന്നത്.

ചാവി തിരിച്ചു പ്രവർത്തിപ്പിക്കുന്ന പഴയ കാലത്തെ പെൻഡുലം ക്ലോക്ക് പുതിയ രീതിയിൽ ഈ സ്ഥാപനത്തിൽ നിർമിക്കുന്നു എന്നതാണ് പുതുമ. ഇതിന് ആവശ്യക്കാർ ഏറെയുണ്ട്. 400 രൂപ മുതൽ 2400 രൂപ വരെയുള്ള ക്ലോക്കുകൾ നിർമിക്കുന്നുണ്ട്. കൂടാതെ വധൂവരന്മാരുടെയും, കൊച്ചു കുട്ടികളുടെയുമൊക്കെ ചിത്രങ്ങൾ ഡയലിൽ പതിച്ചതും രാഷ്ട്രീയ നേതാക്കളുടെ ചിത്രങ്ങൾ പതിച്ചതുമായ ക്ലോക്കുകൾ നിർമിക്കുന്നുണ്ട്.

ജില്ലാ വ്യവസായകേന്ദ്രം മുഖേന ബാങ്ക് വായ്പയും സബ്സിഡിയും നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ ജിനിയെയും ഷനോജിനെയും കൂടാതെ സമീപവാസികളായ നാല് പേർ ജോലി ചെയ്യുന്നു. ഒരു ദിനപത്രത്തിൽ തന്റെ സംരംഭത്തെക്കുറിച്ച് വാർത്ത വന്നശേഷം കൂടുതൽ ഓർഡറുകൾ വരുന്നതായി ജിനി പറഞ്ഞു.

സ്ഥാപനത്തിന്റെ പേര് അന്വർത്ഥമാക്കിക്കൊണ്ട് വിജയത്തിന്റെ പാതയിലെത്താൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണ് വിക്ടറി എന്റർപ്രൈസസിന്റെ സാരഥികളായ ജിനിയും ഷനോജും.

**മൊബൈൽ: 9995703662** ■

വേണു കള്ളാർ

സക്സസ്സ് സ്റ്റോറി



# ലക്ഷ്യം 100 പേർക്ക്കൂടി തൊഴിൽ

"ഇനിയും ഒരു നൂറ് പേർക്കെങ്കിലും തൊഴിൽ കൊടുക്കണമെന്നുണ്ട്. എന്റെ വല്യ ആഗ്രഹമാണിത്. എത്രയോ പെണ്ണുങ്ങൾ തൊഴിലൊന്നും ഇല്ലാതെ... ജീവിക്കാൻ ഒരു വഴിയും ഇല്ലാതെ നടക്കുന്നുണ്ട്. അവർക്ക് ഒരു വഴി കാണിച്ചു കൊടുക്കാൻ കഴിഞ്ഞാൽ സന്തോഷമല്ലേ...." പുരസ്കാര ഫലകത്തിൽ വിരലോടിച്ചുകൊണ്ട് ഉമാവതി പറഞ്ഞു.

സംസ്ഥാനത്തെ ഏറ്റവും മികച്ച വ്യവസായ സംരംഭകയ്ക്കുള്ള പുരസ്കാരം കാസർകോട് അണങ്കൂരിലെ പി. കെ. ഉമാവതിയെ തേടിയെത്തിയത് യാദൃശ്ചികമായല്ല. അതിനു പിന്നിൽ 16 വർഷത്തെ കഠിന പ്രയത്നത്തിന്റെയും കഷ്ടതകളുടെയും കഥയുണ്ട്. നിശ്ചയദാർഢ്യത്തിന്റെയും മനസിൽ പണ്ടേ ഉറപ്പിച്ചു വെച്ച ജീവിത ലക്ഷ്യത്തിന്റെയും വിജയഗാഥയാണിത്.

സ്ത്രീകൾക്കുള്ള മാക്സി ഉത്പാദന വിപണന രംഗത്ത് ഉത്തരകേരളത്തിൽ വിശ്വാസമാർജിച്ച ഉമ ഗാർമെന്റ്സ് എന്ന സ്ഥാപനത്തിന്റെ ഉടമയാണ് ഉമാവതി. സ്വന്തമായി തുന്നിയുണ്ടാക്കിയ ഉടുപ്പുകൾ സഞ്ചിയിലാക്കി കടകൾ തോറും കയറിയിറങ്ങിയിരുന്ന കാലം പിന്നിട്ട് നാല്പതോളം തൊഴിലാളികൾക്ക് ഉപജീവനമാർഗം നൽകുന്ന വ്യ



ജീവനക്കാർക്കൊപ്പം ഉമാദേവി

വസായരംഗത്തെ നവാഗതയ്ക്ക് ഇതൊരു വരുമാന മാർഗമെന്നതിനപ്പുറം ജീവിത ദൗത്യം കൂടിയാണ്.

"പാവങ്ങളായ കുറച്ച് സ്ത്രീകൾക്കെങ്കിലും തൊഴിലവസരം നൽകണമെന്നത് ചെറുപ്പത്തിലെയുള്ള ആഗ്രഹമായിരുന്നു. കല്യാണം കഴിഞ്ഞതോടെ വീട്ടിൽ വെറുതെയിരിക്കാതെ എന്തെങ്കിലും ചെയ്യണമെന്ന് എനിക്കുതോന്നി. അതുമാത്രമല്ല, ജീവിക്കാനൊരു തൊഴിലില്ലാതെ പ്രയാസമനുഭവിക്കുന്ന നിരവധി സ്ത്രീകളെ ഞാൻ കാണുന്നുണ്ടായിരുന്നു. സർക്കാർ ജോലി കിട്ടാനൊന്നും അവസരമില്ലാത്തവർ. അവർക്കൊരു ജോലി കൊടുക്കാൻ കഴിഞ്ഞാൽ അത്രയെങ്കിലുമായല്ലോ എന്നു വിചാരിച്ചാണ് ഞാൻ ഇങ്ങനെയൊരു ശ്രമത്തിന് ഒരുങ്ങിയത്. സ്വന്തം പേരിൽ ഒരു ഉത്പന്നം വിപണിയിൽ ഇറക്കണമെന്ന ആഗ്രഹവും പണ്ടേ ഉണ്ടായിരുന്നു. കല്യാണം കഴിഞ്ഞ ശേഷമാണ് ബിസിനസ് തുടങ്ങുന്നത്. ബിസിനസിൽ താത്പര്യമുള്ള ഭർത്താവ് പി. പി. സുമിത്രനാണ് ഇതിന് പിന്തുണ നൽകിയത്–" ഉമാവതി പറയുന്നു.

## വേറിട്ട വ്യക്തിത്വം

വ്യവസായ വാണിജ്യ മേഖലകളിൽ വനിതാ സാന്നിധ്യം ഏറെയില്ലാത്ത വടക്കൻ കേരളത്തിന്റെ മണ്ണിൽ ഈ മുപ്പത്തഞ്ചുകാരി വേറിട്ട വ്യക്തിത്വമാവുകയാണ്. ഇപ്പോൾ മൂന്നു നിലകളുള്ള ഫാക്ടറി കെട്ടിടവും നാല് വാഹനങ്ങളും ഈ യുവ വ്യവസായ സംരംഭകയ്ക്ക് സ്വന്തമായുണ്ട്. ജനിച്ചു വളർന്നത് ബദിയഡുക്ക പഞ്ചായത്തിൽ മാന്യ എന്ന ഗ്രാമത്തിലാണ്. കൂലിത്തൊഴിലാളിയായിരുന്ന പരമേശ്വരന്റെയും ദേവമ്മയുടെയും മകളാണ് ഉമാവതി. വളരെ പാവപ്പെട്ട കുടുംബമാണ് എന്റേത്. ചെറുപ്പകാലത്ത് ഒരുപാട് വിഷമം അനുഭവിച്ചാണ് ജീവിച്ചത്. ഡ്രസ്സൊന്നും നമുക്ക് വേണ്ടത്ര ഉണ്ടായിരുന്നില്ല. അച്ഛൻ കൂലിപ്പണിക്ക് പോയാണ് ഞങ്ങളെ പോറ്റിയതും പഠിപ്പിച്ചതും. അഞ്ച് സഹോദരങ്ങളുണ്ട്. രണ്ട് ജ്യേഷ്ഠന്മാരും രണ്ട് ചേച്ചിമാരും ഒരനുജനും. ഏട്ടന്മാരും ചേച്ചിമാരും അധികമൊന്നും പഠിച്ചിട്ടില്ല. ഞാൻ നീർച്ചാൽ മഹാജന സംസ്കൃത കോളേജ് ഹയർ സെക്കണ്ടറി സ്കൂളിലാണ് പഠിച്ചത്. വീട്ടിലെ പ്രയാസങ്ങൾ കാരണം പ്ലസ് ടു പഠനം പകുതിക്ക് നിർത്തേണ്ടി വന്നു. കുറച്ചുകാലം കാസർകോട്ടെ കുഴൽ കിണർ കമ്പനിയിൽ ജോലിക്ക് പോയി.

ബിസിനസ് മേഖലയിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ ചെറുപുഴ സ്വദേശി സുമിത്രൻ ജീവിതത്തിലേയ്ക്ക് കടന്നുവന്നത് അക്കാലത്താണ്. അതൊരു വഴിത്തിരിവായി. 2009 –ൽ ഞങ്ങളുടെ ഗ്രാമത്തിനടുത്ത് നീർച്ചാൽ എന്ന സ്ഥലത്ത് ചെറിയൊരു മുറിയിലായിരുന്നു ഉമ ഗാർമെന്റ്സിന്റെ തുട

**സംസ്ഥാനത്തെ മികച്ച സംരംഭകയ്ക്കുള്ള പുരസ്കാരം നേടിയ കാസർഗോഡുകാരി ഉമാവതി പിന്നിട്ട വഴികളിലൂടെ...**



ഭർത്താവ് സുമിത്രനും കുട്ടികൾക്കുമൊപ്പം അവാർഡ് ദാന വേളയിൽ ഉമാവതി

ക്കം. 50 പേർക്കെങ്കിലും ജോലി നൽകാൻ കഴിയണമെന്ന ലക്ഷ്യം മനസിലുണ്ടായിരുന്നു. ജില്ലാ വ്യവസായകേന്ദ്രം മുഖേന വായ്പയായി കിട്ടിയ 1.80 ലക്ഷം രൂപയുപയോഗിച്ചാണ് മെഷീനുകളും തുണികളുമൊക്കെ വാങ്ങിയത്. വായ്പ തരാൻ ബാങ്കുകാർക്ക് മടിയായിരുന്നു. വ്യവസായ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരൊക്കെ ഇടപെട്ടപ്പോഴാണ് കിട്ടിയത്.

## വിജയിക്കാൻ കുറുക്കുവഴിയില്ല

ടെയ്ലറിംഗ്, കട്ടിംഗ് പരിശീലകയായ പ്രേമ ടീച്ചറാണ് ഇങ്ങനെയൊരു സ്ഥാപനത്തിന്റെ സാധ്യതയെക്കുറിച്ചും വ്യവസായ കേന്ദ്രത്തിന്റെ സഹായം കിട്ടാനുള്ള വഴികളെക്കുറിച്ചും പറഞ്ഞുതന്നത്. തുടക്കത്തിൽ പ്രേമടീച്ചറും കൂടെയുണ്ടായിരുന്നു. ആറ് സഹായികളുമുണ്ടായി. ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്ന് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് പരിശീലനവും തന്നു. കച്ചവടം നല്ല രീതിയിൽ നടക്കാതായപ്പോൾ മാർക്കറ്റിലേയ്ക്ക് ഞാൻ നേരിട്ടുതന്നെ ഇറങ്ങി. ഉച്ച വരെ കടയിലിരുന്ന് തയ്യൽ ജോലി ചെയ്യും. തുന്നിയെടുത്ത നൈറ്റികൾ സഞ്ചിയിലാക്കി ഉച്ച കഴിഞ്ഞ് കടകളിലേയ്ക്ക് യാത്രയാകും. നടന്നും ബസ് കയറിയും കിലോമീറ്ററുകൾ സഞ്ചരിച്ച് നേരം ഇരുട്ടും വീട്ടിലെത്താൻ. കാസർകോഡ് മുതൽ കമ്പള, ബദിയഡുക്ക, പെർള എന്നിങ്ങനെ ഓരോ ദിവസവും ഓരോ നാടുകളിലേയ്ക്ക് പോയി. ഓരോ കടയിലും ചെന്ന് ചോദിക്കും. ആദ്യമൊക്കെ കടക്കാർ വേണ്ടെന്നു പറഞ്ഞു. കുറഞ്ഞ വിലയ്ക്ക് പുറം നാടുകളിൽ നിന്ന് ഇഷ്ടംപോലെ നൈറ്റികൾ കടകളിലെത്തുന്നുണ്ടായിരുന്നു. കാസർകോഡ് ജില്ലയിൽ നൈറ്റി ഉത്പാദനം വലിയ തോതിൽ ഉണ്ടായിരുന്നില്ല. പലപ്പോഴും വിറ്റശേഷം പണം തന്നാൽ മതിയെന്നു പറഞ്ഞ് ലാഭമില്ലാതെ മുടക്കുമുതലിനു തന്നെ നൽകേണ്ടി വരുന്നു. പതുക്കെ ആവശ്യക്കാർ കൂടി. പലരും ഇങ്ങോട്ട് വിളിച്ച് ആവശ്യപ്പെടാൻ തുടങ്ങി. സ്ഥല സൗകര്യം തികയാതെ വന്നപ്പോൾ കാസർകോഡ് ടൗണിനടുത്ത് ബി. സി. റോഡിലെ വാടകക്കെട്ടിടത്തിലേയ്ക്ക് സ്ഥാപനം മാറ്റി. 30 ജീവനക്കാരായി. അവിടെ അഞ്ച് കൊല്ലം പ്രവർത്തിച്ചു. ആ കട ഇപ്പോഴുമുണ്ട്.

വിതരണത്തിന് ഒരു ഓമ്നി വാൻ വാങ്ങി. വാടകയ്ക്കെടുത്ത കെട്ടിടത്തിലെ സൗകര്യം തികയാതായി. അങ്ങനെയാണ് വിദ്യാനഗർ ചാല റോഡിൽ ഭൂമി വാങ്ങി അതിൽ കെട്ടിടം നിർമിച്ചത്. മൂന്ന് സെന്റ് ഭൂമിയിൽ നിർമിച്ച മൂന്ന് നില കെട്ടിടത്തിൽ ഓഫീസും ഗോഡൗണും പണിശാലയും പ്രവർത്തിക്കുന്നു. ഇപ്പോൾ വിതരണത്തിന് മൂന്ന് വാഹനങ്ങളുണ്ട്. വലിയ ലാഭമായതുകൊണ്ടല്ല, കെട്ടിട വാടക വർഷംതോറും കൂടിക്കൊണ്ടിരുന്നപ്പോൾ നിലനിൽപിനു വേണ്ടിയാണ് വായ്പയെടുത്ത് സ്ഥലവും കെട്ടിടവും സ്വന്തമാക്കിയത്.

2016 ലാണ് പുതിയ കെട്ടിടത്തിലെ പ്രവർത്തനം ഉദ്ഘാടനം ചെയ്തത്. ജില്ലാ വ്യവസായകേന്ദ്രം മുഖേന പഞ്ചാബ് നാഷണൽ ബാങ്ക് വായ്പയായി അനുവദിച്ച 35 ലക്ഷം രൂപ ഉപയോഗിച്ചാണ് ഭൂമി വാങ്ങിയതും കെട്ടിടം നിർമിച്ചതും. ആദ്യം ബാങ്കുകാർ ഇത്രയും വലിയ തുക വായ്പ തരാൻ കഴിയില്ലെന്നൊക്കെ പറഞ്ഞു. ബിസിനസ് നല്ല രീതിയിൽ മുന്നോട്ടു പോകുന്നത് കണ്ടപ്പോൾ വായ്പ



തരാൻ തയ്യാറായി. ഗഡുക്കൾ കുടിശിക വരാതെ കൃത്യമായി അടയ്ക്കുന്നുണ്ട്. ബാങ്കാണ് വണ്ടി വാങ്ങാനും വായ്പ തന്നത്. പ്രതിമാസം 90,000 രൂപ വായ്പയിനത്തിൽ തിരിച്ചടയ്ക്കണം. ഇതിൽ 25,000 രൂപയും പലിശയാണ്.

## ബന്ധുക്കൾക്കും തുണയായി

ഇപ്പോൾ 40 ജീവനക്കാരുണ്ട്. തുന്നൽ ജോലി ചെയ്യുന്നവരിൽ 10 പേർ ബംഗാളിൽ നിന്നുള്ള പുരുഷന്മാരാണ്. ബാക്കി സ്ത്രീകളും. സഹോദരങ്ങൾക്കും സ്ഥാപനത്തിൽ അവസരം നൽകുവാൻ കഴിഞ്ഞു. മൂത്ത ഏട്ടൻ ഗോപാലകൃഷ്ണനാണ് വിതരണ കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നത്. മൂത്തചേച്ചി പുഷ്പാവതി ജീവനക്കാരുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ സഹായിക്കുന്നു. കട്ടിംഗ്, സ്റ്റിച്ചിംഗ് വിഭാഗത്തിന്റെ ചുമതല രണ്ടാമത്തെ ചേച്ചി സത്യവതിയ്ക്കാണ്. കണ്ണൂർ, കാസർകോഡ് ജില്ലകളിലും ദക്ഷിണ കർണാടകയിലെ മംഗളുരു, പുത്തൂർ, സുള്ള്യ എന്നിവിടങ്ങളിലും വിതരണം ചെയ്യുന്നുണ്ട്. മുംബൈ, സൂറത്ത്



സ്ഥാപനത്തിനു മുന്നിൽ ഉമാദേവി


സംസ്ഥാന അവാർഡിന്റെ സന്തോഷം പങ്കിട്ടപ്പോൾ

എന്നിവിടങ്ങളിൽ നിന്നാണ് തുണി കൊണ്ടു വരുന്നത്. നല്ല തുണി ഉപയോഗിച്ച് നല്ല രീതിയിൽ തയ്ച്ച് മാക്സികൾ തയ്യാറാക്കി വിപണിയിലെത്തിക്കുമ്പോൾ അതിന് മതിയായ വില തരാൻ വ്യാപാരികൾ മടിക്കുന്നു. ഒരു രൂപയെങ്കിലും കൂട്ടിക്കിട്ടിയാൽ തൊഴിലാളികൾക്ക് നൽകാമായിരുന്നു. അത് സാധിക്കുന്നില്ല.

## കൂടിയ നികുതി നിരക്ക് വെല്ലുവിളി

പുറമെ നിന്ന് ഗുണനിലവാരം കുറഞ്ഞ ഉത്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് എത്തുന്നുണ്ട്. നമ്മൾ 138 രൂപയ്ക്ക് വിൽക്കുമ്പോൾ അവർ 123 രൂപയ്ക്ക് സാധനം എത്തിക്കുന്നു. അവരോട് മത്സരിക്കാൻ കഴിയുന്നില്ല.

നല്ലൊരു തുക നികുതിയായും നൽകേണ്ടി വരുന്നു. തുണി കൊണ്ടുവരുമ്പോൾ വിലയുടെ രണ്ട് ശതമാനവും മാക്സിക്ക് അഞ്ച് ശതമാനവും നികുതിയടയ്ക്കണം. അതു കൊണ്ട് മുന്നോട്ടുള്ള പോക്ക് കടുത്ത പ്രയാസത്തിലാണ്. പ്രതിവർഷം ഒന്നരക്കോടി രൂപയുടെ ബിസിനസ് നടക്കുന്നുണ്ട്. പക്ഷെ ജീവനക്കാരുടെ പ്രതിഫലവും നികുതിയും ബാങ്ക് വായ്പയും ഒക്കെ കൊടുത്തു തീരുമ്പോൾ നീക്കിയിരിപ്പ് കാര്യമായൊന്നും ഉണ്ടാകുന്നില്ല. ഇപ്പോഴും വാടക വീട്ടിലാണ് ഞങ്ങൾ താമസിക്കുന്നത്. ഇങ്ങനെയൊക്കെയാണെങ്കിലും എന്റെ ശ്രമം വിജയത്തിലാണെന്ന് ഞാൻ തന്നെ പറയും. ഇത്രത്തോളം പേർക്ക് ജോലി നൽകാൻ കഴിയുന്നതു തന്നെ വലിയ കാര്യമല്ലേ? അതു തന്നെയാണ് എന്റെ ലാഭം. ഉമാവതി പറയുന്നു.

## ആത്മാർത്ഥതയുള്ള ബംഗാളി തൊഴിലാളികൾ

ബംഗാളികളായ 10 തൊഴിലാളികളാണ് ഉമാ ഗാർമെന്റ്സിൽ ഉള്ളത്. വർഷത്തിൽ രണ്ട് മാസം മാത്രം അവർ അവധിയെടുത്ത് നാട്ടിൽ പോകും. ബാക്കിയുള്ള 10 മാസങ്ങളിൽ നന്നായി ജോലി ചെയ്യും. സീസൺ കാലത്ത് രാവിലെ എട്ട് മണി മുതൽ 12 മണി വരെ യാതൊരു ടെൻഷനും ഉണ്ടാക്കാതെ അവർ ജോലി ചെയ്യും. വേണമെങ്കിൽ ഞായറാഴ്ചയും ജോലിക്ക് വരാൻ തയ്യാറാണ്. കമ്മീഷൻ വ്യവസ്ഥയിലാണ് കൂലി നൽകുന്നത്. അധികം ജോലി ചെയ്യുമ്പോൾ അതിനനുസരിച്ച് പ്രതിഫലവും നൽകും. അവർക്ക് താമസസൗകര്യം ഞങ്ങൾ സൗജന്യമായി ഏർപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. ഓണം, വിഷു, ദസറ എന്നിങ്ങനെ വിശേഷ ദിവസങ്ങളിൽ ഭക്ഷണവും വസ്ത്രങ്ങളും കൊടുക്കും. നല്ല ജീവനക്കാരെയാണ് നമുക്ക് കിട്ടിയത്.

ഇവിടെ അതുപോലെ ജോലി ചെയ്യാൻ ആളെ കിട്ടാനില്ല. ഇവിടെയുള്ളവരെ പ്രതീക്ഷിച്ചാണ് ഞങ്ങൾ സ്ഥാപനം ആരംഭിച്ചത്. അവർക്ക് കൃത്യസമയത്ത് എഴുന്നേറ്റ് പോകണം. അതിലപ്പുറം നിൽക്കാൻ തയ്യാറാകില്ല. ഏറ്റെടുത്ത ജോലി തീർന്നോ എന്നത് വിഷയമല്ല. ബംഗാളികൾ അങ്ങനെയല്ല. നല്ല വർക്കാണ് അവരുടേത്. മാർക്കറ്റിൽ കൊണ്ടു പോയാൽ ആരും അത് വേണ്ടെന്നു പറയില്ല. അത്രയ്ക്ക് നല്ല ഫിനിഷിംഗാണ്.

വ്യവസായ കേന്ദ്രത്തിലെ ഓഫീസറായ ഉണ്ണികൃഷ്ണൻ സാറാണ് അവാർഡ് കിട്ടാനുള്ള രേഖകളൊക്കെ തയ്യാറാക്കി അയയ്ക്കാൻ സഹായിച്ചത്. ഏറ്റവും കൂടുതൽ പിന്തുണ തന്നതും വ്യവസായ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരാണ്. രണ്ട് മക്കളാണ് ഉമാവതി-സുമിത്രൻ ദമ്പതികൾക്ക്. മൂത്തമകൻ അദ്വൈത് അഞ്ചാം ക്ലാസിലും രണ്ടാമത്തെയാൾ ആദ്യ ഒന്നാം ക്ലാസ്സിലും പഠിക്കുന്നു.

## ലക്ഷ്യം 100 പേർക്ക് തൊഴിൽ

ഇനി നൂറു പേർക്കുള്ള തൊഴിലവസരം ഉണ്ടാക്കുകയാണ് അടുത്ത ലക്ഷ്യം. പുതിയ ഉത്പന്നങ്ങളായി ലേഡീസ് കുർത്തിയും കുട്ടികൾക്കുള്ള ഫ്രോക്കുകളും തയ്യാറാക്കി വിപണിയിലിറക്കണമെന്നത് എന്റെ വലിയ ആഗ്രഹമാണ്. ഈ വർഷം ഡിസംബറിൽ ഇവ വിപണിയിറിക്കാനാവുമെന്നാണ് കരുതുന്നത്.

പുതിയ ഉത്പന്നങ്ങൾ ഇറക്കുമ്പോൾ ഇവിടുത്തെ സൗകര്യങ്ങൾ മതിയാകില്ല. എന്റെ വലിയൊരു ആഗ്രഹം കാസർകോഡ് സീതാംഗോളിയിലെ കിൻഫ്ര വ്യവസായ പാർക്കിലേയ്ക്ക് ഫാക്ടറി മാറ്റണമെന്നാണ്. അതിന് വ്യവസായ വകുപ്പിന്റെ സഹായം വേണം. അത് കിട്ടുമെന്ന് തന്നെയാണ് കരുതുന്നത്- ഉമാവതിയുടെ വാക്കുകളിൽ പ്രതീക്ഷ നിറയുന്നു.

**ഉമാവതി ഫോൺ: 9745703360** ■

സക്സസ് സ്റ്റോറി

ബാലശങ്കർ അമ്പലപ്പുഴ



തേജസ്വിനി

ചിത്രങ്ങൾ: രമ്യ മുരിങ്ങലത്ത്

# ബാൻ സുരിയയിലെ ഹരിത തേജസ്

ഒഡീഷയിൽ നിന്ന് മലയാളത്തിന്റെ മരുമകളായെത്തിയ തേജസ്വിനി ദാസും, പേപ്പർ ക്യാരിബാഗും തമ്മിലെന്തു ബന്ധം എന്നു ചോദിക്കാൻ വരട്ടെ? പ്ലാസ്റ്റിക് സംസ്കാരത്തിൽ നിന്നും മലയാളിക്ക് മോചനമേകാൻ കഴിഞ്ഞ 10 വർഷമായി അശ്രാന്തം നടത്തിയ പരിശ്രമങ്ങൾ കുറച്ചെങ്കിലും ഫലിച്ചെന്ന സന്തോഷത്തിലാണ് തേജസ്വിനി എന്ന ഈ ഒറിയക്കാരി.

വിവാഹശേഷം ഭർത്താവുമായി പോണ്ടിച്ചേരി അരബിന്ദോ ആശ്രമത്തിലേക്കു നടത്തിയ യാത്രയാണ് തന്നിലെ പരിസ്ഥിതി പ്രേമിയെ അടിമുടി മാറ്റിമറിച്ച തീരുമാനത്തിലെത്തിച്ചതെന്ന് തേജസ്വിനി ഓർക്കുന്നു. ആശ്രമത്തിന്റെ നേതൃത്വത്തിലുള്ള ഹാന്റ് മെയ്ഡ് പേപ്പർ യൂണിറ്റുകൾ നടന്നുകണ്ടിരുന്നു. നാം പാഴാക്കി



കളയുന്ന ഓരോ വസ്തുവിൽ നിന്ന് അതിമനോഹരമായ കളർ പേപ്പറുകൾ രൂപം കൊള്ളുന്നതുകണ്ട് തേജസ്വിനി അമ്പരന്നു. ആശ്രമത്തിൽ നിന്നും ഇതിന്റെ പ്രാഥമികപാഠങ്ങൾ അതിവേഗം ഹൃദിസ്ഥമാക്കി. നാട്ടിലെത്തിയ ശേഷം പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങൾ തുടങ്ങിയാലോ എന്ന ചിന്തയ്ക്ക് തേജസ്വിനി വിത്തിട്ടു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയെ സമീപിച്ച് കാര്യങ്ങൾ അവതരിപ്പിച്ചു. പേപ്പർ ക്യാരിബാഗ് കയ്യിലൊതുക്കാൻ മലയാളി ഒട്ടും താത്പര്യം കാട്ടാത്ത കാലത്താണ് ബാങ്ക് നൽകിയ നാല് ലക്ഷത്തിൽ നിന്ന് വീടിനോട് ചേർന്ന കാർ ഷെഡ്ഡിൽ തന്റെ കടലാസ് ഫാക്ടറിക്ക് തിരികൊളുത്തിയത്.

തിരുവനന്തപുരം കണ്ണമ്മൂലയിലെ വീടിനു സമീപത്തുള്ള ഏഴോളം വനിതകൾക്ക് പരിശീലനം നൽകി പേപ്പർ ക്യാരിബാഗ് എന്ന തന്റെ സ്വപ്നം തേജസ്വിനി യാഥാർത്ഥ്യമാക്കി. ഹോട്ടലുകൾ, ബേക്കറി, ഫാർമസി തുടങ്ങി ചെറിയ ചെറിയ ഇടങ്ങളിലേയ്ക്ക് തന്റെ ക്യാരിബാഗിനെ തേജസ്വിനി കയറ്റിവിട്ടു. പ്ലാസ്റ്റിക് സഞ്ചികൾ മാത്രം കണ്ടുപഠിച്ച മലയാളിയെ ഇക്കോ ഫ്രണ്ട്ലിയാക്കാൻ ഇത്തിരി ബുദ്ധിമുട്ടിയെന്ന് തേജസ്വിനി പറയുന്നു. നാം കളയുന്ന പാഴ്വസ്തുക്കൾ, കോട്ടൺ, പഴത്തൊലി, കുലയുടെ കാളാമുണ്ടൻ എന്നുവേണ്ട നാം വലിച്ചെറിയുന്ന സകലതും തേജസ്വിനിയുടെ ബാൻസുരിയയിലെത്തുമ്പോൾ മനോഹരമായ കടലാസ്സായും കടലാസ് ഉൽപന്നങ്ങളായും രൂപം കൊള്ളും.

## വൈവിദ്ധ്യമാർന്ന ഉത്പന്നങ്ങൾ

ഗിഫ്റ്റ് ഐറ്റംസ്, ക്രിസ്തുമസ്-പുതുവത്സര കാർഡുകൾ, ഹാന്റ് ബാഗുകൾ, സാരികൾ സൂക്ഷിക്കുവാനുള്ള ബോക്സുകൾ എന്നിവയെല്ലാം അഞ്ച് വ്യത്യസ്ത രൂപങ്ങളിൽ തയ്യാറാക്കി. ഇതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് കൂടുതൽ പ്രോഡക്ടുകൾ ജന്മമെടുത്തു. മുള, ഈറ, ചണം



ചേർന്ന ബാഗുകൾ, തുണി സഞ്ചികൾ, ചുരിദാറിന്റെയും ബ്ലൗസിന്റെയും പീസുകൾ ചേർത്തുള്ള ഹാന്റ് ബാഗുകൾ, ലഞ്ച് ബോക്സുകൾ, പേനയും പെൻസിലും ഇടാനുള്ള ചെറിയ ബോക്സുകൾ തുടങ്ങി ആകർഷകങ്ങളായ പല ഉൽപന്നങ്ങളും വിപണിയിലിറക്കി. കച്ചവടം പച്ച പിടിച്ചതോടെ വഴുതക്കാട് ഡി. പി. ഐ. ജംഗ്ഷനിൽ ബാൻസുരിയയുടെ ബുട്ടിക്ക് ഷോപ്പ് തുറന്നു.

തുടർന്ന് കാനറാ ബാങ്കിൽ നിന്നുള്ള വായ്പ കൂടി ലഭിച്ചതോടെ കച്ചവടം പൊടിപൊടിച്ചു. അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പ്രത്യേകതരം പുല്ലുകൾ സംസ്കരിച്ചെടുത്ത പഴ്സുകൾ, പേപ്പർ കളർ ലാമ്പ് ഷെയ്ഡുകൾ, ചകിരി നാരുകൾ സംസ്കരിച്ചെടുത്ത് കലമാൻ, ആന എന്നിവയുടെ രൂപങ്ങൾ, കോൺഫറൻസ് മെറ്റീരിയലുകൾ, ഓഫീസുകൾക്കും വീട്ടാവശ്യത്തിനുമുള്ള പ്രകൃതിജന്യവസ്തുക്കൾ, എന്നിവയെല്ലാം ആവശ്യക്കാരനെ തേടിയെത്തി. സാധാരണക്കാരന് താങ്ങാവുന്ന വിലയ്ക്കാണ് ഇവയെല്ലാം നൽകിയത്. ഈ വരുമാനത്തിലൂടെ വായ്പ അടയ്ക്കുവാനും സ്റ്റാഫുകൾക്ക് ശമ്പളം നൽകുവാനും സാധ്യമായതായി തേജസ്വിനി ശുദ്ധമലയാളത്തിൽ പറഞ്ഞു ചിരിച്ചു.

സെറ്റുസാരികളിൽ നാം വരയ്ക്കുന്ന മ്യൂറൽ പെയിന്റ് പോലെ കോട്ടൺ സാരികളിൽ ബംഗാളി ആർട്ട് ജമിനി റോയ് പരീക്ഷിച്ചതും വൻവിജയമായി. ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്നും സോഷ്യോളജിയിൽ ബിരുദാനന്തരബിരുദം നേടിയ ശേഷം നിയമബിരുദവും, ജേർണലിസത്തിൽ പി. ജി യും സ്വന്തമാക്കി. ഇപ്പോൾ ഓൺലൈനിലൂടെയാണ് ബിസിനസ് ഏറെയും.

കൊല്ലം ചാത്തന്നൂർ എൻ. എസ്. എസ് ഹയർ സെക്കന്ററി സ്കൂളിൽ അധ്യാപകനായ ഭർത്താവ് മനു. പി. നായരുടെ പ്രോത്സാഹനമാണ് തന്നിലെ ബിസിനസ്സ് സംരംഭകയെ നയിക്കുന്നതെന്ന് വിനയത്തോടെ തേജസ്വിനി പറയുന്നു. മകൾ ഷാരിബ എട്ടാം ക്ലാസ്സിൽ പഠിക്കുന്നു. ഭർത്താവിന്റെ കുടുംബവീടായ ചാത്തന്നൂരിൽ വിപുലമായ ബോട്ടിക്ക് ഷോറൂം തുടങ്ങുവാനുള്ള തയ്യാറെടുപ്പിലാണിപ്പോൾ.

സുന്ദരമായ മലയാളത്തിൽ സംസാരിക്കുന്ന ഈ ഒഡീഷക്കാരി പരിസ്ഥിതി ഉൽപന്നങ്ങളുടെ പ്രചുരപ്രചാരത്തിനായാണ് സമയമേറെയും ചെലവഴിക്കുന്നത്. ലാളിത്യവും വിനയവും ചാലിച്ച വാക്കുകളിൽ തേജസ്വിനി ഓരോ മലയാളിയോടും പറയുന്നത് ഇത്രമാത്രം. ഭൂമിയെ പ്രണയിച്ച് പ്ലാസ്റ്റിക്കിനോട് വിടപറയുക.

തേജസ്വിനി **ഫോൺ: 9497161354,** ഇ- മെയിൽ: tejaswinimanu@gmail.com ■

ബാലശങ്കര്‍ അമ്പലപ്പുഴ

സക്സസ്സ് സ്റ്റോറി

# തൈബുവിന്റെ കരകൗശലകാഴ്ചകള്‍

ഈറയും മുളയും കൊണ്ട് വടിയും കുട്ടയും നെയ്ത് ജീവിതപ്രാരാബ്ധങ്ങളുടെ ചുമടിറക്കാന്‍ പാടുപെടുന്നവര്‍ തലസ്ഥാനത്ത് വഞ്ചിയൂര്‍ ലക്ഷ്മി മംഗലം ലൈനിലെ തൈബുവിനെ കണ്ടു പഠിക്കണം. കാരണം ഇതേ വട്ടിയിലും, കൊട്ടയിലുമാണ് തൈബു പണം വാരുന്നതും, കെട്ടുറപ്പുള്ള വിശ്വാസം നെയ്തെടുക്കുന്നതും.

കോട്ടയം കൈപ്പുഴ മാന്തുരുത്തില്‍ സൈമണിന്റെയും ഗ്ലോറിയുടെയും മകള്‍ തൈബുവിന് ബാല്യം മുതലേ പ്രകൃതിജന്യ വസ്തുക്കളോടാണ് പ്രിയം. മണ്‍പാത്രം, മണ്‍കലം, ചിരട്ടത്തവി, കോപ്പകള്‍ ഇത്യാദി പുരാതനരോട് ഇത്തിരി ഇഷ്ടക്കൂടുതല്‍. പഠിച്ചത് പ്രകൃതി രസതന്ത്രമാണെങ്കിലും പയറ്റുന്നത് പ്രകൃതി വിഭവങ്ങളിലാണെന്നു മാത്രം. വനോല്‍പന്നങ്ങളായ ഈറ, മുള, ചൂരല്‍, തടി, വേരുകള്‍ എന്നിവയിലൂന്നിയ നിര്‍മാണ സാമഗ്രികളുടെ വ്യവസായമാണ് തൈബുവിന്റെ ലോകം. ഇവയാല്‍ വാര്‍ത്തെടുക്കുന്ന ഉല്‍പന്നങ്ങള്‍ സ്വദേശത്തും വിദേശത്തും ഒരുപോലെ പ്രിയങ്കരവും.

ചൂരലില്‍ നിര്‍മിച്ച നക്ഷത്രവിളക്കുകള്‍, ഈറയിലുള്ള പൂക്കൂടകള്‍, ലാമ്പ് ഷെയ്ഡ്, വേസ്റ്റ്ബിന്‍, കാന്‍ഡില്‍ സ്റ്റാന്റ്, പെന്‍ സ്റ്റാന്റ്, ലേഡീസ് ബാഗുകള്‍, മഗ്ഗ്, ട്രേ, മുളയാല്‍ കോര്‍ത്ത മാലകള്‍, കമ്മലുകള്‍, കപ്പുകള്‍, പീഠങ്ങള്‍ എന്നുവേണ്ട ലാപ്പ്ടോപ്പിന്റെ മോഡല്‍ പോലും തൈബു നിര്‍മിക്കുന്നു. പരിസ്ഥിതി സൗഹൃദ ഉല്‍പന്നങ്ങളുടെ ഈ കരവിരുതാണ് തൈബുവിന് കരകൗശല വസ്തുക്കളുടെ മേല്‍വിലാസം സൃഷ്ടിച്ചത്. മാസം അരലക്ഷത്തിലധികമാണ് ഈ കൗശലത്തിലൂടെ തൈബു നേടുന്നത്.



തൈബു

റിഫ്ളക്ഷന്‍സ് എന്ന ഓണ്‍ലൈന്‍ വ്യാപാരത്തിലൂടെയാണ് ബിസിനസ്സിന്റെ തുടക്കം. ആദ്യം മുതലേ ഇക്കോ ഫ്രണ്ട്ലി ആയതിനാല്‍ ഇന്നുവരെ ഒരു മുടക്കവും വന്നിട്ടില്ല എന്ന് തൈബു തറപ്പിച്ചു പറയുന്നു.

ടെക്നോപാര്‍ക്കുകള്‍, ഹോട്ടലുകള്‍, വ്യാപാര സ്ഥാപനങ്ങള്‍, റിസോര്‍ട്ടുകള്‍ എന്നിവിടങ്ങളില്‍ എക്സിബിഷന്‍ നടത്തിയാണ് കച്ചവടം മുന്നേറുന്നത്. കൂടാതെ പാറ്റൂരില്‍ ഭര്‍ത്താവ് മാത്യുവിന്റെ ഉടമസ്ഥതയിലുള്ള സീഡ് ഹോളിഡേയ്സ് എന്ന സ്ഥാപനത്തിലും ഉല്‍പന്നങ്ങള്‍ ലഭ്യമാണ്.

## പ്ലാസ്റ്റിക് പടിക്കുപുറത്ത്

വിവാഹത്തിന്റെയും ഇവന്റ് മാനേജ്മെന്റിന്റെയും കരാര്‍ നടത്തിപ്പും തൈബുവിനുണ്ട്. പക്ഷേ പ്ലാസ്റ്റിക് ഉല്‍പന്നങ്ങള്‍ പടിക്കു പുറത്തെന്നതാണ് തൈബുവിന്റെ ഉറച്ച നിലപാട്. പ്രകൃതിജന്യ വസ്തുക്കള്‍ മാത്രം ഉപയോഗിച്ച് സമീപകാലത്ത് സംഘടിപ്പിച്ച ഒരു എന്‍. ആര്‍. ഐ. വിവാഹം ഏറെ പ്രശംസ പിടിച്ചു പറ്റിയതും ഇക്കാരണത്താലാണ്. പശ്ചിമ ബംഗാളിലെയും ചാര്‍ഖണ്ഡിലെയും ആദിവാസി യൂണിറ്റുകളാണ് തൈബുവിന്റെ ഉല്‍പന്നങ്ങള്‍ സൃഷ്ടിക്കുന്നത്. മോഡലുകള്‍ അയച്ചുകൊടുത്ത് രൂപകല്‍പനയില്‍ ചെറിയ മാറ്റങ്ങള്‍ വരുത്തി മനോഹര സൃഷ്ടികള്‍ വാര്‍ത്തെടുക്കുകയാണ് പതിവ്. പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന ഒന്നിനും ഇവിടെ സ്ഥാനമില്ല. ഈ ഉല്‍പന്നങ്ങളെല്ലാം വീട്ടമ്മമാര്‍ക്ക് പരിശീലനം നല്‍കി വ്യാപകമാക്കുകയാണ് തൈബുവിന്റെ അടുത്ത ലക്ഷ്യം.

**ഫോണ്‍: 9846799993** ■



ചിത്രങ്ങള്‍:
രമ്യ മുരിങ്ങലത്ത്

സക്സസ്സ് സ്റ്റോറി

ബാലശങ്കർ അമ്പലപ്പുഴ

# തളിരിടുന്ന പേനകൾ



വിത്തൊളിപ്പിച്ച പേപ്പർ പേനകളുമായി ലക്ഷ്മി മേനോൻ

ഒരു പേനയിലെന്തിരിക്കുന്നു എന്നു ചോദിച്ചാൽ ഒരുപാടു കാര്യങ്ങൾ ഒളിഞ്ഞിരിക്കുന്നു എന്നാണ് ലക്ഷ്മി മേനോന്റെ അഭിപ്രായം. കാരണം പേനകളുടെ നിർമിതികളെല്ലാം പ്ലാസ്റ്റിക്കിലാണ്. അഞ്ച് വയസ്സുകാർ തൊട്ട് 85 വയസ്സുള്ളവർ വരെ പേനകൾ ഉപയോഗിക്കുന്നു. ഉപയോഗശേഷം ഇതെല്ലാം നാം വലിച്ചെറിയുന്നു. ഓർത്തു നോക്കൂ ലക്ഷക്കണക്കിനു പ്ലാസ്റ്റിക്കാണ് ഇത്തരത്തിൽ ഭൂമിക്കുമേൽ നാം നിക്ഷേപിക്കുന്നത്. ഇതിനുള്ള പോംവഴി എന്താണ്? പേപ്പർ പേന കണ്ടെത്തിയാണ് മുളന്തുരുത്തി ശ്രീലക്ഷ്മിയിൽ ലക്ഷ്മി മേനോൻ ഇതിനുള്ള ഉത്തരം എഴുതിച്ചേർത്തത്.

നാം കത്തിച്ചു കളയുന്ന വേസ്റ്റ് കടലാസ്, ബ്രൗൺ പേപ്പർ എന്നിവ ചേരുംപടി ചേർക്കുമ്പോൾ ലക്ഷ്മിയുടെ പേപ്പർ പേനയായി. ഇതെല്ലാം ലക്ഷ്മിയും തന്റെ യൂണിറ്റിലെ 10 വനിതകളും ചേർന്ന് പശ തേച്ച് പേന പരുവത്തിലാക്കുന്നു. താൻ സ്വയം ഡിസൈൻ ചെയ്തെടുത്ത മെഷീനിൽ റോൾ പ്രോസസ് നടത്തി കറുപ്പ്, നീല, ചുവപ്പ്, പച്ച നിറത്തിലുള്ള റീഫീൽ ഇട്ട് പേനയുടെ ആദ്യഘട്ടം പൂർത്തിയാക്കുന്നു. പേനയുടെ ആകാര വടിവിനാണ് മെഷീൻ വർക്ക്. ബാക്കി എല്ലാം ഹാൻഡ് മെയ്ഡ്, പേപ്പർ ക്ലിപ്പ് കൂടി ഇട്ട് കഴിഞ്ഞാൽ പേന റെഡി. പക്ഷേ ലക്ഷ്മിയുടെ റോൾ – എ-പേന ബ്രാന്റ് ഒഴുകി എഴുതുവാനുള്ള പൂർണത കൈവരിക്കുന്നില്ല. പേനയുടെ പിറകിൽ അഗസ്തമരത്തിന്റെ ഒരു വിത്തും ഉണ്ടാകും. ഉപയോഗശേഷം കളയുന്ന (യൂസ് ആന്റ് ത്രോ) സംസ്കാരം വ്യാപകമായപ്പോൾ ലക്ഷ്മിയുടെ തലയിലുദിച്ച മിന്നുന്ന ആശയം. വലിച്ചെറിയുന്ന ഓരോ

പേപ്പർ പേനയിൽ നിന്നും ഓരോ തൈമരം മുള പൊട്ടുന്നു.

ഇന്റീരിയർ ഡിസൈനിങ് പഠിച്ച് ഫാഷൻ ഡിസൈനിംഗിനെ വഴിക്കു കൂട്ടി അമേരിക്കയിൽ പോയി ജ്വല്ലറി നിർമാണത്തിൽ പ്രത്യേക വൈദഗ്ദ്ധ്യം നേടിയിട്ടുണ്ട് ലക്ഷ്മി. നമുക്ക് വാസഗേഹമൊരുക്കുന്ന ഭൂമിയെ നാമെല്ലാവരും ചേർന്ന് പ്ലാസ്റ്റിക്കിൽ മൂടുന്ന ഭീകരക്കാഴ്ച കണ്ടു മടുത്താണ് രൂപ കൽപനകളിൽ അവശ്യം മാറ്റങ്ങൾ വരുത്തി സാമൂഹ്യഹരിത വ്യവസായത്തിലോട്ട് (സോഷ്യൽ ഗ്രീൻ ബിസിനസ്) പദമൂന്നിയത്.

**പേനയുടെ പിറകിൽ അഗസ്തമരത്തിന്റെ ഒരു വിത്തും ഉണ്ടാകും. ഉപയോഗശേഷം കളയുന്ന സംസ്കാരം വ്യാപകമായപ്പോൾ ലക്ഷ്മിയുടെ തലയിലുദിച്ച മിന്നുന്ന ആശയം.**







കേരളത്തിലെ അറിയപ്പെടുന്ന പല വൻകിട കോർപ്പറേറ്റുകളുടെയും ഇന്റീരിയർ ഡിസൈനിങ് ലക്ഷ്മിയുടേതാണ്. പക്ഷെ ഇതൊന്നും സാധാരണക്കാരനെ പ്രകൃതി ജീവനത്തിലോട്ട് മാറ്റുന്നില്ല. ഇതിൽ തനിക്ക് ചെയ്യാനുള്ളതായി ലക്ഷ്മി കണ്ടെത്തിയതാണ് പേപ്പർ പേന യൂണിറ്റ്. 12 രൂപയാണ് പേപ്പർ പേനയുടെ വില.

മലയാളത്തിലെ അക്ഷരമാലകളും, വിജയത്തിലോട്ട് നമ്മെ ചിന്തിപ്പിക്കുന്ന ആപ്തവാക്യങ്ങളുമാണ് പേനയുടെ മെയ്യ് അലങ്കരിക്കുന്നത്. ഗുജറാത്തിലെ മഹാത്മാ ഗാന്ധി ആശ്രമത്തിനുവേണ്ടി തയ്യാറാക്കിയ പേനകളിലെല്ലാം ഗാന്ധിജിയുടെ പ്രശസ്ത വാക്യങ്ങൾ എഴുതിച്ചേർത്തു. മാസം പതിനായിരത്തിലധികം പേനകളാണ് ലക്ഷ്മിയും സഹപ്രവർത്തകരും വിറ്റഴിക്കുന്നത്. ലക്ഷങ്ങളുടെ വരുമാനത്തേക്കാൾ, മൂല്യങ്ങളുടെ വിപണിയിലെ അമൂല്യ ധാർമികതയാണ് ലക്ഷ്മിയും കൂട്ടരും പേപ്പർ പേനയിലൂടെ സാമൂഹ്യ മനസ്സുകളിലേയ്ക്ക് എഴുതിച്ചേർക്കുന്നത്.

**ഫോൺ: 9895040899** ■

കെ. കെ. ജയകുമാർ



# ബിസിനസിലെ വിജയമന്ത്രങ്ങൾ

സംരംഭങ്ങളുടെ ലോകത്ത് വനിതകൾക്ക് മാത്രമായി പ്രത്യേകിച്ച് അവസരങ്ങളില്ല, അതേപോലെ വനിതകൾക്ക് മാത്രമായി പ്രത്യേകിച്ച് വെല്ലുവിളികളുമില്ല. ജെൻഡർ വിവേചനമില്ലാത്ത ലോകത്തെ ഏക മേഖലയും ബിസിനസ് ലോകമായിരിക്കും. അവസരങ്ങൾക്ക് പിന്നാലെ പായുക. പണത്തിനു പിന്നാലെ പായാതിരിക്കുക. വിജയത്തിനു പിന്നാലെ പായുക. പണം വിജയം കൊണ്ടു വന്നുതരും. പണത്തിനു പിന്നാലെ പാഞ്ഞാൽ ഒരിക്കലും പണം വിജയം കൊണ്ടു വന്നുതരില്ല. ബിസിനസിലേയ്ക്ക് ഇറങ്ങും മുമ്പ് സ്ത്രീ ആയാലും പുരുഷനായാലും പ്രത്യേകം ഓർത്തിരിക്കേണ്ടതാണ് ഇത്. ഏറ്റവും മികച്ചതിനായി അധ്വാനിക്കുക. ബിസിനസ് വിജയത്തിനായി ഏറ്റവും അത്യാവശ്യം വേണ്ടത് ഇതാണ്. നിങ്ങൾ ബിസിനസിലേയ്ക്ക് ഇറങ്ങാൻ ആഗ്രഹിക്കുന്ന വനിതയാണോ. എങ്കിൽ ഇനി ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

## പ്രേരണവേണം ഉള്ളിൽ നിന്ന്

എന്തുകൊണ്ടാണ് നിങ്ങൾ ബിസിനസിലേയ്ക്ക് ഇറങ്ങിയത്. ധാരാളം ഒഴിവു സമയം ഉള്ളതുകൊണ്ട്, ജീവിക്കാൻ ഒരു മാർഗം ആവശ്യമായതുകൊണ്ട്, സ്വന്തമായി ഒരു സംരംഭം കെട്ടിപ്പടുക്കാൻ ആഗ്രഹമുള്ളതുകൊണ്ട്, ധാരാളം പണം ഉണ്ടാക്കാൻ വേണ്ടി, ലോകത്തിനു മുന്നിൽ തല ഉയർത്തിപ്പിടിക്കാൻ വേണ്ടി.... ഇങ്ങനെ കാരണങ്ങൾ പലതാകാം. കാരണങ്ങൾ എന്തുതന്നെ ആയാലും അത് ഉള്ളിൽ നിന്നുള്ള ശക്തമായ പ്രേരണയായി മാറണം. അത് നിങ്ങളെ നിരന്തരം അലട്ടണം. അത്തരം നിതാന്തമായ അലട്ടലിന്റെ അവസാനം മാത്രമാകണം ബിസിനസിലേയ്ക്ക് ഇറങ്ങേണ്ടത്. പെട്ടെന്നുള്ള ആവേശത്തിൽ എടുത്തു ചാടേണ്ട മേഖലയല്ല ബിസിനസ്. തമാശയ്ക്ക് തുടങ്ങിയ ഒരു ബിസിനസും ലോകത്ത് ഒരു പ്രസ്ഥാനമായി പടർന്നു പന്തലിച്ചിട്ടില്ല.

തുടക്കത്തിൽ തിരിച്ചടികൾ പ്രതീക്ഷിക്കണം. എത്ര കഴിവുണ്ടെങ്കിലും ബിസിനസുമായി ബന്ധപ്പെട്ട കാര്യങ്ങൾ തുടക്കത്തിൽ ഭംഗിയായി തന്നെ മുന്നോട്ടു പോകണം എന്നില്ല. അതുകൊണ്ട് തിരിച്ചടി നേരിടാൻ തുടക്കത്തിലേ മനസ് പാകപ്പെടുത്തിയിരിക്കണം. പരാജയം സംഭവിക്കുമ്പോൾ കുറ്റപ്പെടുത്താനും ഒറ്റപ്പെടുത്താനും ആളുകൾ കൂടുതലായിരിക്കും. ഉപദേശിക്കാനും നന്നാക്കാനും എന്ന രീതിയിൽ നിരവധി പേർ തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ മത്സരിക്കും. വിജയം ഉണ്ടാകുമ്പോൾ പ്രോത്സാഹിപ്പിക്കാനും ആളുകൾ ഏറെ ഉണ്ടാകും.

ബിസിനസ് കാര്യങ്ങളും കുടുംബ കാര്യങ്ങളും കൂട്ടിക്കുഴയ്ക്കരുത്. ഒരു ജോലിക്കു പോകുന്നതു പോലെയല്ല സ്വന്തമായൊരു സംരംഭം തുടങ്ങുന്നത്. രാവിലെ 10 മണി മുതൽ വൈകിട്ട് അഞ്ചു വരെ എന്ന രീതിയിൽ ബിസിനസുമായി ബന്ധപ്പെട്ട ജോലികളെ കാണാൻ കഴിയില്ല. സംരംഭത്തിൽ സജീവമാകും മുമ്പ് ഇക്കാര്യങ്ങളെല്ലാം ഭർത്താവുമായും മക്കളുമായും സംസാരിച്ച് പിന്തുണ ഉറ

പ്പാക്കണം. ബിസിനസിൽ കൂടുതൽ ശ്രദ്ധിക്കുന്നതു കൊണ്ട് കുടുംബ കാര്യങ്ങളോ കുടുംബ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നതു കൊണ്ട് ബിസിനസോ പാളിപ്പോകാൻ ഇട യാകരുത്.

ഒരു കുഞ്ഞിനെ വളർത്തുമ്പോഴുള്ള ശ്രദ്ധയും പരിചരണവും ബിസിനസിനു നൽകണം. എല്ലാം അതിന്റെ വഴിക്ക് പോയിക്കോളും എന്നു വിചാരിക്കരുത്. കുഞ്ഞ് നട ക്കാൻ തുടങ്ങുമ്പോൾ, സംസാരിക്കാൻ തുടങ്ങുമ്പോൾ മാതാ പിതാക്കൾ കാണിക്കുന്ന ക്ഷമയും കരുതലും തുടക്കത്തിൽ ബിസിനസിനു നൽകണം. ഒഴിവ് സമയം ചെലവഴിക്കാൻ ലഘു ബിസിനസ് ആരംഭിക്കുകയാണെങ്കിൽ കുഴപ്പമില്ല. പക്ഷേ അത്തരത്തിൽ തുടങ്ങിയ ലഘു സംരംഭത്തെ വളർത്താൻ കൂടുതൽ മുടക്കു മുതൽ നടത്തുമ്പോൾ കാര്യ ങ്ങൾ മാറും.

## തൊഴിലാളിയായി തുടങ്ങണം

ബിസിനസിന്റെ ഉടമ എന്ന ലേബലിലല്ല ഒരു തൊഴി ലാളി എന്ന ലേബലിലാണ് തുടക്കത്തിൽ നിങ്ങൾ സ്ഥാപന ത്തിനുള്ളിൽ അറിയപ്പെടേണ്ടത്. സംരംഭത്തിന്റെ വിജയത്തി നായി നിങ്ങൾ നടത്തുന്ന കഠിനാധ്വാനവും അർപ്പണ മനസും ഓരോ ജോലിക്കാരനും ലക്ഷ്യബോധവും പ്രചോദ നവും നൽകണം.

വനിത ബിസിനസ് നോക്കുമ്പോൾ പുരുഷൻ വീടു നോക്കിയാലെന്താ? ഇത്തരം ചിന്താഗതികൾ വച്ചു പുലർത്തേണ്ടതില്ല. തുടങ്ങുന്നത് നിങ്ങളാണെങ്കിലും ഭാര്യയും ഭർത്താവും ബിസിനസിന്റെ വിജയത്തിനായി യോജിച്ച് പ്രവർത്തിക്കണം. ഇത്രയും നാൾ ഞാൻ വീടു നോക്കിയില്ലേ ഇനി ഭർത്താവ് അതു നോക്കട്ടെ ഞാൻ ബിസി നസ് നോക്കിക്കൊള്ളാം എന്ന മനോഭാവം വേണ്ട. പങ്കു വയ്ക്കാവുന്ന ജോലികളും ഉത്തരവാദിത്തങ്ങളും പങ്കിട്ടെ ടുത്ത് ചെയ്യുക. യാത്രകളും മറ്റും ആവശ്യമാണെങ്കിൽ ഭർത്താവിനെ കൂടെ കൂട്ടാം. അല്ലെങ്കിൽ അത്തരം ജോലി കൾ ഭർത്താവിനോട് ചെയ്യാൻ ആവശ്യപ്പെടാം. ജോലികൾ പങ്കു വയ്ക്കുമ്പോൾ അഭിരുചികളും കഴിവുകളും പരിഗ ണിക്കണം. ആളുകളെ അഭിമുഖീകരിക്കാനും കാര്യങ്ങൾ വിശദീകരിക്കാനും മടിയുണ്ടെങ്കിൽ അത്തരം ജോലികൾ ഏൽപിക്കരുത്.

## സ്വന്തം തീരുമാനം പ്രധാനം

സംശയമോ സന്നിദ്ഗ്ധ ഘട്ടമോ ഉണ്ടാകുമ്പോൾ ആരോടു വേണമെങ്കിലും ഉപദേശവും നിർദേശവും തേടാം. പക്ഷേ തീരുമാനം എടുക്കേണ്ടത് നിങ്ങൾ തന്നെ ആകണം. നിങ്ങൾക്കു വേണ്ടി തീരുമാനങ്ങൾ എടുക്കാനുള്ള അവ കാശം മറ്റുള്ളവർക്ക് വിട്ടു കൊടുക്കരുത്. എല്ലാ ഉപദേശ ങ്ങളും കേട്ട ശേഷം സ്വന്തം മനസു പറയുന്ന കാര്യങ്ങൾക്കു കൂടി ചെവി കൊടുക്കുക. അതിനുശേഷം തീരുമാനം സ്വയം എടുക്കുക. ആ തീരുമാനം ശരിയായാലും തെറ്റായാലും ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുക. കൊച്ചിയിലെ പട്ടിമ റ്റത്ത് വീഗാലാന്റ് (ഇപ്പോൾ വണ്ടർലാ) അമ്യൂസ്മെന്റ് പാർക്കിനുള്ള ആശയം മുന്നോട്ടു വച്ചപ്പോൾ സാമ്പത്തിക വിദഗ്ധരും അടുപ്പമുള്ളവരും അതുവേണ്ട വേണ്ട എന്ന് കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളിയോടു ഉപദേശിച്ചു. ഒരു ടൂറിസ്റ്റ് ആകർഷണീയതയുമില്ലാത്ത പട്ടിമറ്റമെന്ന കുഗ്രാമത്തിൽ അമ്യൂസ്മെന്റ് പാർക്ക് തുടങ്ങിയാൽ ആരും വരില്ല എന്നാ യിരുന്നു വാദം. താനുണ്ടാക്കുന്ന പാർക്കിൽ വിനോദത്തി നുള്ള ഉപാധികൾ വേണ്ടുവോളമുണ്ടായിരിക്കും. അപ്പോൾ അത് ആസ്വദിക്കാൻ വേണ്ടി മാത്രം ആളുകൾക്ക് അങ്ങോട്ടു വന്നാലെന്താ എന്നാണ് കൊച്ചൗസേപ്പ് ചിന്തിച്ചത്. അതു കൊണ്ട് ഉപദേശങ്ങളെ തള്ളിക്കളഞ്ഞ് സ്വന്തം മനസു പറ യുന്ന കാര്യത്തിന് അദ്ദേഹം ചെവി കൊടുത്തു. ഇന്ന് കേര ളത്തിലെ ഏറ്റവും വലിയ മനുഷ്യ നിർമിത ടൂറിസ്റ്റ് കേന്ദ്ര മാണ് അത്. ■



പി. കെ. ശങ്കരൻകുട്ടി



# സ്ത്രീകൾക്ക് സാന്ത്വനമായി ശരണ്യ സ്വയം തൊഴിൽ പദ്ധതി

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അവശരും ആലംബഹീനരുമായ വനിതകൾക്ക് ആശ്വാസം പകരുന്ന ഒരു സ്വയംതൊഴിൽ പദ്ധതിയാണ് ശരണ്യ. പേരു കൊണ്ടുതന്നെ ഈ പദ്ധതിയുടെ ഉദ്ദേശ്യം സുവ്യക്തമാണ്. വിധവകൾ, വിവാഹമോചിതർ, 30 വയസ്സ് കഴിഞ്ഞിട്ടും വിവാഹം കഴിക്കാത്തവർ, ഏഴ് വർഷത്തിലേറെയായി ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾ, പട്ടികവർഗക്കാരിൽ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിയുള്ള വനിതകൾ, ശയ്യാവലംബരായ ഭർത്താക്കന്മാരെ പരിചരിക്കുന്നവർ എന്നിവർക്ക് ഈ ആനുകൂല്യത്തിന് അപേക്ഷിക്കാം.

അപേക്ഷകരുടെ വാർഷിക കുടുംബ വരുമാനം രണ്ട് ലക്ഷം രൂപ കഴിയാൻ പാടില്ല. എന്തെങ്കിലും സ്വയം തൊഴിൽ ആദായകരമായി ചെയ്ത് ഉപജീവനം കണ്ടെത്തുന്നതിനു വേണ്ടി 50,000 രൂപയാണ് പ്രവർത്തന മൂലധനമായി എംപ്ലോയമെന്റ് വകുപ്പ് നൽകുന്നത്. ഇതിൽ 25,000 രൂപ തിരിച്ചടയ്ക്കേണ്ടതില്ല. ബാക്കി 25,000 രൂപ തവണകളായി തിരിച്ചടച്ചാൽ മതി. ഇതിന് പലിശ ഈടാക്കുന്നതല്ല. 18 നും 55 നും മധ്യേ പ്രായമുള്ളവർക്ക് ഈ സ്വയം തൊഴിൽ പദ്ധതിക്ക് അപേക്ഷ നൽകാം. തുടങ്ങാൻ പോകുന്ന സ്വയം തൊഴിൽ സംരംഭത്തെക്കുറിച്ച് വ്യക്തമായ ഒരു ധാരണ ഉണ്ടാകണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷാഫോറം വ്യക്തമായി പൂരിപ്പിക്കണം. പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം, അടിസ്ഥാന സൗകര്യങ്ങൾ, നടത്തിപ്പിന്റെ പ്രായോഗികത, മാർക്കറ്റിംഗ്, പ്രതിവർഷം പ്രതീക്ഷിക്കുന്ന ലാഭം, 50 ശതമാനം വായ്പതുക തിരിച്ചടയ്ക്കാൻ കഴിയുന്ന വിധമുള്ള പ്രവർത്തനക്ഷമത തുടങ്ങിയവയെക്കുറിച്ച് വ്യക്തമായ ധാരണ രൂപപ്പെടുത്തണം. നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ ഇവ സംബന്ധിച്ചുള്ള വിവരം നൽകേണ്ടതുണ്ട്. അപേക്ഷയോടൊപ്പം ഏതു വിഭാഗത്തിൽ പെടുന്നു എന്നു കാണിക്കുന്ന ഔദ്യോഗിക രേഖയും ആധാർ കാർഡിന്റെയും, ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങളുടെയും രേഖകൾ കാണിക്കണം. ബന്ധപ്പെട്ട തദ്ദേശ ഭരണ അധികാരികളിൽ നിന്നോ, റവന്യൂ അധികാരികളിൽ നിന്നോ വാങ്ങിയ സർട്ടിഫിക്കറ്റുകളാണ് ഹാജരാക്കേണ്ടത്. വിധവകളെ സംബന്ധിച്ചിടത്തോളം പുനർവിവാഹം നടത്തിയിട്ടില്ല എന്ന ഔദ്യോഗിക രേഖ അനുപേക്ഷണീയമാണ്. ബന്ധപ്പെട്ട താലൂക്ക്, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തന്നെ അപേക്ഷ നൽകണം. അപേക്ഷാഫാറം പൂരിപ്പിക്കാൻ പ്രയാസമുള്ളവർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ജീവനക്കാരുടെ സഹായം തേടാവുന്നതാണ്.

ബന്ധപ്പെട്ട രേഖകൾ സഹിതം പേര് രജിസ്റ്റർ



ചെയ്തിട്ടുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സമർപ്പിക്കണം. ഇതിനായി പ്രത്യേക തീയതി നിശ്ചയിച്ചിട്ടില്ല. ഏത് പ്രവൃത്തി ദിവസവും അപേക്ഷ സമർപ്പിക്കാം. ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറും, ജില്ലയിലെ സെൽഫ് എംപ്ലോയ്മെന്റ് ആഫീസർ, ലീഡ് ബാങ്ക് മാനേജർ, വ്യവസായ വകുപ്പിന്റെ ഒരു പ്രതിനിധി എന്നിവർ ഉൾപെടുന്ന സമിതിയാണ് അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ തിരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുക്കുന്നവർക്ക് ആറ് ദിവസത്തെ തൊഴിൽ സംരംഭകത്വ വികസന പരിശീലനം നൽകാൻ ലീഡ് ബാങ്കിനെ ചുമതലപ്പെടുത്തും. ഇവർക്ക് റീജിയണൽ സെൽഫ് എംപ്ലോയ്മെന്റ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടു വഴി സൗജന്യ പരിശീലനമാണ് നൽകുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് സംരംഭകരുടെ ബാങ്ക് അക്കൗണ്ടിൽ എംപ്ലോയ്മെന്റ് വകുപ്പ് തുക നിക്ഷേപിക്കും. പണം കൈപ്പറ്റി സ്വയം തൊഴിൽ ആരംഭിച്ച് മൂന്ന് മാസം കഴിയുമ്പോൾ 50 ശതമാനം തുകയായ 25,000 രൂപ മാസ തവണകളായി തിരിച്ചടയ്ക്കണം. യഥാസമയം പണം തിരിച്ചടയ്ക്കാതിരുന്നാൽ പിഴപ്പലിശ നൽകേണ്ടി വരും. പണം ഒട്ടും തന്നെ തിരിച്ചടയ്ക്കാതിരിക്കുകയോ, ഭാഗികമായി മാത്രം തിരിച്ചടയ്ക്കുകയോ ചെയ്താൽ റവന്യൂ റിക്കവറി ഉണ്ടാകും. സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനം നടത്താൻ അർഹരായ വനിതകൾക്ക് നൽകുന്ന ശരണ്യ സ്വയം തൊഴിൽ പദ്ധതി ഏറെ പ്രയോജനകരമാണ്. ■


RAJAN NAIR
09388323108
08879903195
09821266356

VIJAY KUMAR
09446625930
09847012232
09496121356



RI ROSHNI

HS HI-STIC

ROSHNI INDUSTRIES

Manufactures of : BOPP Self Adhesive Tapes, Stretch Film, Strapping Rolls, HDPE Bags

Off. & Factory : Attathara, Kundannur Post, Wadakanchery, Via Thrissur, Kerala 680 590
E-mail : roshniindustries12@gmail.com/ rknairroshniindustries@rediffmail.com
roshniindustries@rediffmail.com
Telefax : 04885 - 262792 Website : roshniindustries.co.in

# പാള പ്ലേറ്റിന് ആവശ്യക്കാരേറെ



ഇന്ന് വളരെവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ് പാള പ്ലേറ്റ് നിർമാണം. ലോകം മുഴുവൻ ധാരാളം ആവശ്യക്കാരുള്ള വളരെ ഡിമാന്റുള്ള ഉൽപന്നമാണ് പാള പ്ലേറ്റുകൾ. ഫൈവ് സ്റ്റാർ ഹോട്ടലുകൾ, കാറ്ററിങ്ങ് സർവീസുകാർ, റിസോർട്ടുകൾ, പള്ളികൾ, അമ്പലങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ പാള പ്ലേറ്റുകൾ ധാരാളമായി ഉപയോഗിക്കുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും ധാരാളം ഉപഭോക്താക്കൾ ഈ പ്ലേറ്റുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ആവശ്യത്തിന് പ്ലേറ്റുകൾ തികയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഈ സാഹചര്യത്തിൽ പാള പ്ലേറ്റ് നിർമാതാക്കൾക്ക് അവസരങ്ങൾ നിരവധിയുണ്ട്.

**പാള പ്ലേറ്റുകളുടെ പ്രത്യേകതകൾ**

1. പാള പ്ലേറ്റുകൾ പെട്ടെന്ന് മണ്ണിൽ അലിഞ്ഞുചേരുന്നു.
2. തികച്ചും പ്രകൃതിദത്തമാണ്
3. ശുചിത്വപരമായി മുമ്പന്തിയിൽ.
4. കുറഞ്ഞവില
5. ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും പ്ലേറ്റ് കഴുകുന്നതിനുള്ള ജോലി ലാഭം.

**ആകർഷകമായ കാര്യങ്ങൾ**

1. പാളപ്ലേറ്റ് നിർമാണം വഴി മലിനീകരണമില്ല.
2. വില്പന നികുതി ഒഴിവ്

**ദീപം പാം ഡിഷ്**

കുറഞ്ഞ മുതൽമുടക്കിൽ പാളപ്ലേറ്റ് നിർമാണം ആരംഭിക്കാം. ഈ രംഗത്ത് മാതൃകാപരമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് തൃശൂരിലുള്ള ദീപം പാം ഡിഷ്. ദീപം ഡിഷ് കേരളത്തിൽ മാത്രമല്ല, തമിഴ്നാട്, കർണാടക, ആന്ധ്ര, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങളിലും പ്ലേറ്റ് നിർമാണത്തിൽ പരിശീലനം നൽകി യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ട്. ആസ്സാമിൽ 300 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇന്ന് ധാരാളം പാള പ്ലേറ്റ് നിർമാണകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. പാള പ്ലേറ്റിനു പുറമെ നോൺ ഓവൻ ബാഗ്, പേപ്പർ പ്ലേറ്റ്, എൻവലപ്പ് മുതലായവയെക്കുറിച്ച് പരിശീലനം നൽകിവരുന്നു. കഴിഞ്ഞ 20 വർഷമായി മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ എം. ഡി. ലോനപ്പൻ പന്തല്ലൂക്കാരന് 2004 ൽ കേരള ഗവൺമെന്റിന്റെ ഇനോവേഷൻ പുരസ്കാരം ലഭിച്ചിട്ടുണ്ട്.



**മുള പാള പ്ലേറ്റ്**

വെറുതെ നശിച്ചുപോകുന്ന മുളപാളകൾ കൊണ്ട് പ്ലേറ്റുകൾ നിർമിച്ചു കൊണ്ടിരിക്കുകയാണ് ഇന്ന് ദീപം പാംഡിഷ്. ■


Best complements from
Leetha Industries
PIONEERS IN PACKAGING
ISO 22000 : 2005 Certified Company
100 % Export Oriented Unit
Manufacturers & Exporters of
Packaging Products & Paper Cups
USA
Regd. Office : Major Industrial Estate
South Kalamassery - 683104, Kerala, India.
Tel : 0484 2541099 / 2541868 / 2558153
Fax : 0484 2532133
mail : mail@leetha.com
Factories : Kalamassery | Muringoor
www.Leetha.com | www.Lepac.in

# നികുതിഭീകരത

2017-ലെ കേന്ദ്രബജറ്റ് വെറുതെ ഒന്നു വായിച്ചു നോക്കിയാൽ അതിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾക്ക് എവിടെനിന്ന് പണം കണ്ടെത്തും എന്നുള്ളതിൽ സംശയം തോന്നിയേക്കാം. നമ്മുടെ പ്രധാനമന്ത്രിയുടെയും ധനമന്ത്രിയുടെയും ചില പഴയതും പുതിയതുമായ പ്രസ്താവനകൾ വായിച്ചാൽ ഇതിനുള്ള ഉത്തരം കിട്ടും.

(1) പിൻവലിച്ച നോട്ടുകളിൽ അഞ്ച് ലക്ഷം കോടി രൂപ എങ്കിലും തിരിച്ചു വരില്ല എന്നും അത് സർക്കാർ ഖജനാവിലേയ്ക്ക് മുതൽകൂട്ടി ജനക്ഷേമ പദ്ധതികളിലൂടെയും നികുതിയാശ്വാസങ്ങളിലൂടെയും ചരിത്രത്തിൽ തന്നെ സ്ഥാനം പിടിക്കാമെന്നുമുള്ള ദിവാസ്വപ്നങ്ങൾ വെറും ജലരേഖകളായിത്തീർന്നു എന്നുള്ളതാണ് സത്യം. സ്വാതന്ത്ര്യത്തിന് ശേഷമുള്ള എല്ലാ രേഖകളും പരിശോധിച്ചു കള്ളപ്പണമെല്ലാം പുറത്തു കൊണ്ടു വരുമെന്നും അതിനായി എത്ര ഉദ്യോഗസ്ഥരെ വേണമെങ്കിലും നിയോഗിക്കുമെന്നുമുള്ള പ്രസ്താവന തീർത്തും അപ്രായോഗികമാണ്.

(2) ആദ്യം പറഞ്ഞു രണ്ടരലക്ഷം വരെയുള്ള ബാങ്ക് നിക്ഷേപങ്ങളെ വെറുതെ വിടുമെന്ന്. ശതകോടികൾ ജൻധൻ അക്കൗണ്ടുകളിലൂടെയും മറ്റ് ബാങ്ക് അക്കൗണ്ടുകളിലൂടെയും ഒഴുകിയെത്തിയപ്പോൾ വിരണ്ടുപോയ ധനമന്ത്രാലയം ഈ വാക്ക് മാറ്റിപ്പറഞ്ഞു. ഈ പരിധിക്കു താഴെയുള്ള നിക്ഷേപങ്ങളെയും സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കും എന്നായി. അവിടെയും ലക്ഷ്യം നികുതി മാത്രമല്ല. നികുതി നിയമത്തിൽ വരുത്തിയ ഭേദഗതികളിലൂടെ കൊണ്ടു വന്ന ഭീമമായ പിഴയുമാണ്. ഇപ്പോൾ പലർക്കും നോട്ടീസുകൾ ലഭിച്ചു തുടങ്ങിയിട്ടുണ്ട്.

(3) ആദായനികുതി നിയമത്തിലെ വകുപ്പ് 269 എസ്. എസ്, 2015 ജൂൺ മുതൽ ഭേദഗതി വരുത്തിയ വിവരം പൊതുജനങ്ങളും സംസ്ഥാന സർക്കാർ രജിസ്ട്രേഷൻ വകുപ്പും ശ്രദ്ധിച്ചുവോ എന്ന കാര്യത്തിൽ സംശയമുണ്ട്. സ്ഥാവര വസ്തുക്കൾ കൈമാറ്റം ചെയ്യുമ്പോൾ 20,000 രൂപയിൽ കൂടുതലുള്ള ഇടപാടുകൾ ക്യാഷ് ആയി നടത്താൻ പാടില്ല എന്നാണ് ഭേദഗതി. ഇത് ലംഘിച്ചാൽ 100 ശതമാനമാണ് പിഴ. ഇത് പൊതുജനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ പതിവുപോലെ ആരും മിനക്കെട്ടില്ല. രജിസ്ട്രേഷൻ വകുപ്പ് ആകട്ടെ ഈ വകുപ്പ് ലംഘിച്ചു കൊണ്ടുള്ള ആധാരങ്ങൾ രജിസ്റ്റർ ചെയ്തുകൊടുത്തു കൊണ്ടുമിരുന്നു. ഈ വകുപ്പിന്റെ ലംഘനങ്ങൾ എല്ലാം പരിശോധിച്ച് പിഴ ഈടാക്കുമെന്നുള്ള ധനമന്ത്രിയുടെ പ്രസ്താവം ഈ പശ്ചാത്തലത്തിൽ വേണം കാണാൻ. വെടക്കാക്കി തനിക്കാക്കുക എന്ന ബഷീറിന്റെ പ്രയോഗം ഇവിടെ പ്രസക്തമാകുന്നു.



(4) ആദായനികുതി നിയമത്തിൽ നിലവിലുള്ള വകുപ്പ് 271 എഫ് പ്രകാരം നികുതി റിട്ടേണുകൾ താമസിച്ച് ഫയൽ ചെയ്താൽ 500 രൂപ പിഴ നൽകേണ്ടി വരാം. മതിയായ കാരണങ്ങൾ ഉണ്ടെന്ന് ബോധ്യപ്പെടുത്തിയാൽ ഈ പിഴയിൽ നിന്നും രക്ഷപ്പെടാൻ നികുതിദായകന് അവസരമുണ്ടായിരുന്നു. ഈ വകുപ്പ് എടുത്തു കളഞ്ഞ് പുതിയ ഒരു വകുപ്പ് കൊണ്ടുവരാനാണ് ബജറ്റ് നിർദ്ദേശം. ഇതുപ്രകാരം താമസിച്ച് റിട്ടേൺ സമർപിച്ചാൽ പിഴയല്ല 10,000 രൂപ ഫീസ് ആണ് നൽകേണ്ടി വരിക. അതായത് ഈ അധികതുക നികുതിദായകർ സാധാരണ നികുതി പോലെ തന്നെ സ്വയമേവ അടച്ചുകൊള്ളണം.

മേൽപറഞ്ഞതൊക്കെ നികുതി ഭീകരത നിലവിൽ വരാൻ പോകുന്നു എന്നതിന്റെ സൂചനകളാണ്.

(5) തങ്ങളുടെ അധ്വാനത്തിലൂടെ ആർജിച്ച പണം ബാങ്കിൽ നിന്നും പിൻവലിക്കാനായി വരിനിന്ന ജനം ആദ്യത്തെ 50 ദിവസങ്ങൾ കഴിഞ്ഞിട്ടും അച്ഛാ ദിൻ എന്നുവരും എന്നുള്ള കാത്തിരിപ്പിലാണ്. ഇതിനായി അവർ ഉറ്റുനോക്കിയിരുന്നത് ബജറ്റിലേയ്ക്കായിരുന്നു. തങ്ങളുടെ ദുരിതങ്ങൾക്കും കഷ്ടപ്പാടുകൾക്കും പ്രതിഫലം ഈ ബജറ്റിലൂടെ തന്നെ ലഭ്യമാക്കുമെന്ന് അവർ പ്രതീക്ഷിക്കുന്നുണ്ടായിരുന്നു. ഈ പ്രതീക്ഷകളെല്ലാം അസ്ഥാനത്തായി എന്നതാണ് സത്യം.

(6) കറൻസി റദ്ദാക്കലിനുശേഷം രാജ്യത്തെ പ്രത്യക്ഷ നികുതി വരുമാനത്തിൽ 14 ശതമാനവും പരോക്ഷനികുതി വരുമാനത്തിൽ 26 ശതമാനവും വർദ്ധനവുണ്ടായി എന്നു ധനമന്ത്രി പറയുന്നു. ഈ അവകാശവാദങ്ങൾ വസ്തുതാപരമായി ശരിയായിരിക്കാമെന്നു വച്ചാൽതന്നെ ഈ വർദ്ധന

കൾക്കു പിറകിലുള്ള യഥാർത്ഥ കാരണങ്ങളും കൂടി പരിശോധിക്കേണ്ടിയിരിക്കുന്നു.

### ഭയചകിതരായ നികുതിദായകർ

(എ) എസ്. ബി അക്കൗണ്ടുകളിലെ ക്യാഷ് ഡെപ്പോസിറ്റുകൾ സൂക്ഷ്മപരിശോധന നടത്തുക, ഭൂമിയിടപാടുകളെക്കുറിച്ച് അന്വേഷണങ്ങൾ നടത്തുക എന്നിങ്ങനെ ഭീമമായ പിഴ ഈടാക്കുവാനുള്ള പ്രചാരണം നികുതിദായകരെ പരിഭ്രാന്തരാക്കുകയും അവർ സ്വമേധയാ മുൻകൂർ നികുതിയായി വൻതുകകൾ അടയ്ക്കുകയും ചെയ്തു എന്നതും പ്രത്യക്ഷനികുതി വരുമാനത്തിൽ ഉണ്ടായി എന്നു പറയുന്ന



വർധനവിന് ഒരു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ചില വകുപ്പുകൾ പ്രകാരം 100 ശതമാനം വരെ പിഴ നൽകേണ്ടിവരും എന്നുള്ള ഭയപ്പാട് സാധാരണ നികുതിദായകരെ ഭയചകിതരാക്കി എന്നുള്ള സത്യം അവഗണിക്കാവുന്നതല്ല. ദിവസേനയെന്നോണം പരസ്പരവിരുദ്ധമായി പുറത്തിറക്കിയ വിജ്ഞാപനങ്ങളും സർക്കുലറുകളും എല്ലാവർക്കും ചിന്താക്കുഴപ്പം ഉണ്ടാക്കിയെന്നുള്ളതും ഒരു വസ്തുതയാണ്. പഴയ നോട്ടുകൾ ഉപയോഗിച്ച് നികുതികൾ അടയ്ക്കാനനുവദിച്ചതും പ്രത്യക്ഷനികുതി പിരിവിന്റെ വർദ്ധനയിൽ പ്രതിഫലിച്ചിട്ടുണ്ടാകാമെന്ന വസ്തുതയും കണക്കിലെടുക്കേണ്ടതുണ്ട്. മുൻകൂർ നികുതി എന്നത് അന്തിമമായ ഒരു നികുതി നിർണയപ്രക്രിയ അല്ല എന്നും റിട്ടേൺ സമർപ്പണവേളയിൽ യഥാർത്ഥ നികുതിബാധ്യത തട്ടിക്കിഴിച്ച് 2017 -18 സാമ്പത്തിക വർഷത്തിൽ ഭീമമായ തുകകൾ റീഫണ്ടായി നൽകേണ്ടി വന്നേക്കാമെന്നുള്ള വസ്തുതയും ഇവിടെ പരിഗണിക്കേണ്ടതുണ്ട്.

(ബി) കറൻസി ലഭ്യതയിൽ വന്ന അനിശ്ചിതത്വത്തിന്റെ പശ്ചാത്തലത്തിൽ സാധാരണ ജനങ്ങൾ അത്യാവശ്യസാധനങ്ങൾ വാങ്ങിക്കൂട്ടുമെന്നുള്ളത് സ്വാഭാവികം മാത്രം. ലാഭം കൊയ്യാനുള്ള പൂഴ്ത്തിവയ്പല്ല ഇത്. വരും നാളുകളിൽ കഴിഞ്ഞുകൂടാൻ ആവശ്യമായ ഉപഭോഗവസ്തുക്കൾ വാങ്ങി സൂക്ഷിക്കുകയെന്നത് ഒരു മുൻകരുതൽ മാത്രമാണ്. ഇതിന്റെ ഫലമായി ഈ ഗണത്തിൽപെട്ട ചരക്കുകളുടെ വിൽപനയിൽ ഗണ്യമായ വർദ്ധനയുണ്ടായതാണ് പരോക്ഷനികുതി സമാഹരണത്തിൽ ഉണ്ടായെന്നു പറയുന്ന കുതിച്ചു ചാട്ടത്തിന് ഒരു പരിധിവരെ കാരണമെന്നതും കണക്കിലെടുക്കണം. കയ്യിലെത്തിയ പണം ശേഖരിച്ചു വയ്ക്കാനുള്ള പ്രവണത സംഗതികൾ ഗുരുതരമാക്കിയെന്നതും ഇവിടെ ഓർക്കേണ്ടതുണ്ട്.

### കർഷർക്ക് ദുരിതം

(6)(എ) കറൻസി അസാധുവാക്കൽ നടപടിയിലൂടെ ഏറ്റവും കൂടുതൽ ദുരിതമനുഭവിച്ചത് സാധാരണ കർഷകരാണെന്ന കാര്യത്തിൽ സംശയമില്ല. 31.12.2016 ൽ രാജ്യത്തോടായി പ്രധാനമന്ത്രി നടത്തിയ പ്രസംഗത്തിൽ ഇതു സംബന്ധിച്ച പരാമർശവും അവർക്ക് ആശ്വാസം നൽകുന്ന പദ്ധതികളെക്കുറിച്ചുള്ള പ്രഖ്യാപനങ്ങളുമുണ്ടായി. ഇവയുടെ ചുവടു പിടിച്ച് ഗ്രാമങ്ങളിലെ രണ്ടു ലക്ഷം രൂപ വരെയുള്ള ഭവന വായ്പകളിന്മേലുള്ള പലിശയ്ക്ക് മൂന്ന് ശതമാനം പലിശയിളവ് പദ്ധതിക്ക് ബജറ്റിന് മുന്നേ തന്നെ മന്ത്രിസഭ അംഗീകാരം നൽകി. ഭവന നിർമാണത്തിനും നിലവിലുള്ള ഭവനങ്ങൾ വലുതാക്കുകയോ പുനർ നിർമിക്കുകയോ ചെയ്യുന്നതിനുമായെടുത്ത ഭവന വായ്പകൾക്കാണ് പലിശയിളവ്. ഇതും ബജറ്റിനെ കാര്യമായി ബാധിച്ചിട്ടുണ്ട്.

(ബി) സഹകരണ ബാങ്കുകളിൽ നിന്നും ഹ്രസ്വകാല വായ്പ എടുത്തിട്ടുള്ള കർഷകരുടെ 2016 നവംബർ, ഡിസംബർ മാസങ്ങളിലെ പലിശയിനത്തിൽ 660.50 കോടി രൂപ എഴുതിത്തള്ളാനും പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തെ ആസ്പദമാക്കി കേന്ദ്രമന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ സഹകരണ ബാങ്കുകൾക്ക് വായ്പ നൽകാനായി 20,000 കോടി രൂപ കടമെടുക്കാനായി നബാർഡിനു വന്ന ചെലവുകളിലേയ്ക്കായി 400 കോടി രൂപ നൽകാനും മന്ത്രിസഭാ തീരുമാനമുണ്ട്. ഇതും നികുതിയാശ്വാസങ്ങൾ നൽകുന്നതിൽ നിന്നും ധനമന്ത്രിയെ പിൻതിരിപ്പിച്ച ഒരു ഘടകം തന്നെ.

(സി) 31.12.2016 ലെ പ്രധാനമന്ത്രിയുടെ പ്രസംഗത്തിൽ മുതിർന്ന പൗരന്മാർക്ക് എട്ട് ശതമാനമെങ്കിലും പലിശ നൽകുന്ന പദ്ധതിയെക്കുറിച്ച് പ്രഖ്യാപനമുണ്ടായിരുന്നു. നോട്ട് അസാധുവാക്കലിനുശേഷം ഒരു ലക്ഷം കോടി രൂപയെങ്കിലും ബാങ്കിംഗ് മേഖലയ്ക്ക് നഷ്ടമുണ്ടായി എന്നുള്ളത് സത്യമാണെങ്കിൽ ബാങ്കുകൾക്ക് ഇക്കാര്യത്തിലുണ്ടായ ഭയാശങ്കകൾ സ്വാഭാവികം മാത്രം. ഇതിനു ബദലായി എൽ. ഐ. സി. മുഖാന്തിരം പ്രതിമാസം എട്ട് ശതമാനം പലിശയ്ക്ക് തുല്യമായ പെൻഷൻ നൽകുന്ന വരിഷ്ഠ പെൻഷൻ പദ്ധതി ഈ സാമ്പത്തിക വർഷത്തിൽ തന്നെ നടപ്പിലാക്കാനാണ് മന്ത്രിസഭാ തീരുമാനം. ഈ നിക്ഷേപത്തിനും നികുതിയിളവിന് അർഹതയുണ്ടോ എന്നതിന് ഇപ്പോൾ വ്യക്തതയില്ല. ഇക്കാര്യത്തിൽ എൽ. ഐ. സി. ക്കു വരുന്ന നഷ്ടവും കേന്ദ്രസർക്കാർ വഹിക്കണം. ഇതിനുള്ള വകയിരുത്തലും ബജറ്റിനെ ബാധിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല.

പട്ടിക

**മുതിർന്ന പൗരന്മാരുടെ നികുതിനഷ്ടം**

| 2016–17 | | | | 2017–18 | | | |
|---|---|---|---|---|---|---|---|
| വാർഷിക വരുമാനം | നികുതി | റിബേറ്റ് | അറ്റനികുതി | നികുതി | റിബേറ്റ് | അറ്റനികുതി | നേട്ടം/നഷ്ടം |
| 3,50,000 | 5,000 | 5,000 | 0 | 2,500 | 2500 | 0 | 0 |
| 3,55,000 | 5,500 | 5,000 | 500 | 2,750 | 0 | 2750 | (–) 2250 |
| 3,60,000 | 6,000 | 5,000 | 1000 | 3,000 | 0 | 3,000 | (–) 2000 |
| 3,65,000 | 6,500 | 5,000 | 1500 | 3,250 | 0 | 3,250 | (–) 1750 |
| 3,70,000 | 7,000 | 5,000 | 2000 | 3,500 | 0 | 3,500 | (–) 1500 |
| 3,75,000 | 7,500 | 5,000 | 2,500 | 3,750 | 0 | 3750 | (–) 1250 |
| 3,80,000 | 8,000 | 5,000 | 3000 | 4000 | 0 | 4000 | (–) 1000 |
| 3,85,000 | 8,500 | 5,000 | 3500 | 4250 | 0 | 4250 | (–) 750 |
| 3,90,000 | 9,000 | 5,000 | 4000 | 4500 | 0 | 4500 | (–) 500 |
| 3,95,000 | 9,500 | 5,000 | 4500 | 4,750 | 0 | 4750 | (–) 250 |
| 4,00,000 | 10,000 | 5,000 | 5000 | 5,000 | 0 | 5000 | 0 |

ഇനി നമുക്ക് ഈ ബജറ്റിൽ സാധാരണക്കാരായ നികുതിദായകർക്ക് എന്തൊക്കെ ആശ്വാസങ്ങളാണ് ധനമന്ത്രി ഒരുക്കിയിരിക്കുന്നത് എന്നു നോക്കാം.

## സാധാരണക്കാർക്കും ആശ്വാസമില്ല

അതിമോഹത്തോടെയാണ് സാധാരണക്കാരൻ ബജറ്റിനെ കാത്തിരുന്നത് എന്ന് ആദ്യമേ സൂചിപ്പിച്ചുവല്ലോ. ശരിയാണ് അത്രയധികം കഷ്ടപ്പാടുകൾ ആണ് അവൻ സഹിച്ചത്. അപ്പോൾപിന്നെ മോഹങ്ങൾ അതിരു കടന്നത് സ്വാഭാവികം മാത്രം.

ഏറെ കൊട്ടിഘോഷിക്കപ്പെട്ട ഒന്നാണ് ആദായനികുതി നിരക്കിൽ വരുത്തി എന്നു പറയുന്ന പരിഷ്കാരം. ബജറ്റ് പ്രസംഗം കേട്ടാൽതോന്നും വാരിക്കോരി നൽകിയിരിക്കുകയാണ് എന്ന്. രണ്ടര ലക്ഷം രൂപ മുതൽ അഞ്ച് ലക്ഷം രൂപ വരെയുള്ള വരുമാനത്തിന് നിലവിൽ വ്യക്തികളായ നികുതിദായകർ 10 ശതമാനം നിരക്കിലാണ് നികുതി നൽകേണ്ടത്. ഇത് അഞ്ച് ശതമാനമാക്കി കുറച്ചു എന്നത് നേരാണ്. പക്ഷെ ബജറ്റ് പ്രസംഗം മാത്രം കേട്ടാൽ പോര. പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട ധനകാര്യ ബില്ലിലെ ചെറിയ അക്ഷരങ്ങളും കൂടി വായിച്ചുനോക്കണം. നിലവിൽ അഞ്ച് ലക്ഷം രൂപ വരെ നികുതി വിധേയവരുമാനം ഉള്ളവർക്ക് ആദായനികുതി നിയമത്തിലെ വകുപ്പ് 87 എ പ്രകാരം 5,000 രൂപ വരെ നികുതിയിൽ നിന്നും റിബേറ്റ് ലഭിക്കുമായിരുന്നു. ഇത് 2500 രൂപയാക്കി കുറച്ചതും വരുമാനപരിധി അഞ്ച് ലക്ഷത്തിൽ നിന്നും 3.50 ലക്ഷമാക്കി താഴ്ത്തിയതും ബജറ്റ് പ്രസംഗത്തിലില്ല. പക്ഷെ ബില്ലിലുണ്ട്. ഇതുംകൂടി പരിഗണിച്ചാൽ എല്ലാ ഗണത്തിലുംപെട്ട നികുതിദായകർക്ക് 12,500 രൂപയുടെ നികുതിലാഭം ഉണ്ട്, എന്ന അവകാശവാദത്തിന്റെ പൊള്ളത്തരം വ്യക്തമാകും. സത്യത്തിൽ 60 വയസ്സ് തികഞ്ഞ മുതിർന്ന പൗരന്മാരിൽ പലർക്കും നികുതിബാധ്യത കൂടുകയാണ് ഉണ്ടായത് എന്നുകാണാം. (പട്ടിക കാണുക)

## അടിസ്ഥാന ഒഴിവുകളിൽ മാറ്റമില്ല

ആദ്യത്തെ സ്ലാബിൽ നിരക്ക് കുറച്ചുവെങ്കിലും നിലവിലുള്ള അടിസ്ഥാന ഒഴിവുകളിൽ മാറ്റം ഒന്നും വരുത്തിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്. അതിനാൽ ആദായനികുതി റിട്ടേൺ സമർപിക്കാനുള്ള ബാധ്യതയിൽ നിന്നും ഈ ഭേദഗതിയിലൂടെ ആരും തന്നെ വിമുക്തരാകുന്നില്ല. പക്ഷെ ചെറുകിട നികുതിദായകർക്കായി ലളിതമായിട്ടുള്ള ഒറ്റപേജ് റിട്ടേൺ ഏർപെടുത്തുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്.

ദീർഘകാല മൂലധനലാഭം കണക്കാക്കുന്നതിലേയ്ക്കായി സ്ഥാവര വസ്തുക്കൾ കുറഞ്ഞത് 36 മാസമെങ്കിലും കൈവശം വച്ചിരിക്കണം എന്നുള്ളത് 24 മാസമാക്കി കുറവ് ചെയ്തത് ഒട്ടേറെ നികുതിദായകർക്ക് പ്രയോജനപ്പെടും. അതുപോലെ തന്നെ വളരെ പഴയ ആസ്തികളുടെ മുതൽമുടക്ക് കണക്കാക്കാനായി പ്രസ്തുത ആസ്തികളുടെ 01.04.1981 ലെ കമ്പോള വില പരിഗണിക്കാം എന്നും നിലവിലുള്ള ആശ്വാസം 01.04.2001 എന്ന് മുന്നോട്ടാക്കിയതും സ്വാഗതാർഹം തന്നെ.

സ്റ്റാർട്ട് അപ് കമ്പനികൾക്ക് നൽകിയ നികുതിയാശ്വാസവും എടുത്തുപറയേണ്ട ഒന്നാണ്. കമ്പനികൾക്ക് നിലവിലുള്ള ആദായനികുതി നിരക്ക് 30% ആണ്. ഇത് ഘട്ടംഘട്ടമായി കുറച്ചു കൊണ്ടുവരും എന്നുള്ള മുൻപ്രഖ്യാപനങ്ങളുടെ ആദ്യപടി എന്നോണം സ്റ്റാർട്ട് അപ് കമ്പനികളുടെ നിരക്ക് 25% ആക്കി കുറച്ചത് പുതിയ വ്യവസായ സംരംഭങ്ങൾക്ക് ഉത്തേജനം നൽകും എന്ന കാര്യത്തിൽ സംശയമില്ല. അതുപോലെ തന്നെ ഇത്തരം കമ്പനികൾക്ക് നിലവിലുള്ള വകുപ്പ് 80 ഐ. എ. സി. പ്രകാരം ലഭ്യമായ 100% നികുതിയൊഴിവ് ആദ്യത്തെ അഞ്ച് വർഷത്തിൽ ഏതെങ്കിലും മൂന്ന് വർഷം എന്നുള്ളത് ഭേദഗതി ചെയ്ത് ആദ്യത്തെ ഏഴ് വർഷത്തിൽ ഏതെങ്കിലും മൂന്ന് വർഷം എന്നാക്കിയതും ഈ ഒഴിവ് നേടിയെടുക്കാൻ ഇത്തരം സംരംഭകർക്ക് സാവകാശം നൽകും എന്നതിൽ സംശയമില്ല.

ജി. എസ്. റ്റി. നിലവിൽ വരുമെന്നുറപ്പായതിനാൽ സേവന നികുതിനിരക്ക് 15% എന്നതിൽ നിന്നും 17% എന്നാകും എന്ന് ഭയപ്പെട്ടിരുന്നത് സംഭവിച്ചില്ല എന്ന് ആശ്വസിക്കാമെങ്കിലും ജി. എസ്. റ്റി നിലവിൽ വരുന്നതോടെ ഈ നിരക്ക് 18% ആയിത്തീരും എന്ന് ഏറെക്കുറെ ഉറപ്പായതിനാൽ ഈ സമാശ്വാസം അൽപായുസ്സുള്ളതാണ്. ജി. എസ്. റ്റി വരുമ്പോൾ നിലവിലുള്ള ഒട്ടുമിക്ക പരോക്ഷ നികുതികളും അതിൽ ലയിക്കുമെന്നിരിക്കെ പരോക്ഷ നികുതികളിൽ നിന്നുള്ള നികുതി വരുമാനത്തിന് ബജറ്റിൽ ഇടം കൊടുത്തത് ദുരൂഹമാണെന്നും പറയേണ്ടിയിരിക്കുന്നു.

നിലവിൽ വകുപ്പ് 44 എ. ഡി. പ്രകാരം ചെറുകിട ബിസിനസ്സുകാർക്ക് തങ്ങളുടെ ടേണോവറിന്റെ എട്ട് ശതമാനം അനുമാന നിരക്കിൽ വരുമാനം കണക്കാക്കി നികുതിയടച്ചാൽ കണക്കും സൂക്ഷിക്കണ്ട, ഓഡിറ്റും ഒഴിവാക്കാമെന്നുള്ള വ്യവസ്ഥയുണ്ട്. ഇങ്ങനെയുള്ള ടേണോവറിൽ ഡിജിറ്റലായി നടത്തപ്പെടുന്ന സംഖ്യയുടെ ആറ് ശതമാനം നിരക്കിൽ മാത്രം വരുമാനം കണക്കാക്കി, നികുതിയടച്ചാൽ മതി എന്നുള്ള ഭേദഗതി നിർദ്ദേശം ഡിജിറ്റലൈസേഷനെ പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണെങ്കിലും ഒട്ടനവധി പേർക്ക് പ്രയോജനപ്പെടും.

## കുരുക്കുവിലങ്ങുകൾ

നേരത്തെ പറഞ്ഞതുപോലെ ഈ ബജറ്റിൽ നികുതിദായകനെ കുരുക്കാനും പിഴകൾ ഈടാക്കാനുമായി നിരവധി നിർദ്ദേശങ്ങളാണ് ഒളിപ്പിച്ചു വച്ചിരിക്കുന്നത് എന്നുകാണാം:-

(1) ബിസിനസ്സ് ചെലവുകൾ നടത്തുമ്പോൾ 10,000 രൂപയിൽ കൂടുതലുള്ളവ ക്യാഷ് ആയി നൽകിയാൽ അവ അനുവദിക്കപ്പെടുകയില്ല (നേരത്തെ ഈ പരിധി 20,000 രൂപയായിരുന്നു. വകുപ്പ് 40 (എ)(3) പ്രകാരം). അതുപോലെ തന്നെ വകുപ്പ് 80 ജി പ്രകാരം സംഭാവനകൾക്കുള്ള കിഴിവ് ലഭിക്കണമെങ്കിൽ 2,000 രൂപയിൽ കൂടുതലുള്ള തുകകളും ക്യാഷ് ആയി നൽകിയാൽ ലഭിക്കില്ല (നേരത്തെയുള്ള പരിധി 10,000 രൂപ)

(2) മൂന്നു ലക്ഷം രൂപയിൽ കൂടുതലുള്ള എല്ലാ ഇടപാടുകളും ക്യാഷ് അല്ലാതെ വേണം നടത്താൻ.

(3) ടാക്സ് ഓഡിറ്റ് നിർബന്ധമുള്ളവരായ വ്യക്തികളും ഹിന്ദു അവിഭക്ത കുടുംബങ്ങളും നിലവിലെ നിയമപ്രകാരം തന്നെ നിശ്ചിതപരിധിക്കുമേൽ വാടക നൽകുമ്പോൾ ടി. ഡി. എസ്. പിടിക്കണം. പുതിയതായി കൊണ്ടുവരുന്ന വകുപ്പ് 194-1 ബി പ്രകാരം മാസത്തിൽ 50,000 രൂപയിൽ കൂടുതൽ വാടക നൽകുന്ന പക്ഷം ടി. ഡി. എസ്. ബാധ്യത വരും. എന്നാൽ ഇക്കൂട്ടരെ റ്റാൻ (ടാക്സ് ഡിഡക്ഷൻ അക്കൗണ്ട് നമ്പർ) എടക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ഇങ്ങനെയുള്ള പശ്ചാത്തലത്തിൽ സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഈ ബജറ്റിലൂടെ നികുതിയാനുകൂല്യങ്ങൾ കാര്യമായൊന്നും ലഭിച്ചില്ല എന്നു മാത്രമല്ല വരുംദിനങ്ങളിൽ പിഴകളെ ഓർത്ത് ആശങ്കാകുലരായി കഴിയേണ്ട ഗതികേടിലേയ്ക്ക് അവൻ എത്തിച്ചേരുകയുമാണ് ചെയ്തിരിക്കുന്നത് എന്നു പറയേണ്ടിയിരിക്കുന്നു. ■




## വ്യവസായ യൂണിറ്റുകളിൽ മാലിന്യ സംസ്കരണം നിർബന്ധം

**മൂ**ന്നു മാസത്തിനകം മാലിന്യ സംസ്കരണ സംവിധാനമുണ്ടാക്കാത്ത വ്യവസായ യൂണിറ്റുകൾ അടച്ചു പൂട്ടാൻ നടപടിയെടുക്കണമെന്ന് സുപ്രീം കോടതി സംസ്ഥാനങ്ങളിലെ മലിനീകരണ നിയന്ത്രണബോർഡുകൾക്ക് നിർദ്ദേശം നൽകി. ജലാശയങ്ങളിലേയ്ക്ക് മാലിന്യങ്ങൾ ഒഴുക്കുന്നതു തടയാൻ നടപടിയാവശ്യപ്പെട്ട് ഗുജറാത്തിൽ നിന്നുള്ള ഒരു പരിസ്ഥിതി സംഘടന നൽകിയ പൊതു താൽപര്യഹർജിയിലാണ് ചീഫ് ജസ്റ്റിസ് ജെ. എസ്. കേഹാർ അധ്യക്ഷനായ ബെഞ്ചിന്റെ നടപടി. കോടതിയുടെ നിർദ്ദേശങ്ങൾ ചുവടെ:-

1. മാലിന്യസംസ്കരണ സംവിധാനമുണ്ടാക്കാൻ വ്യവസായ സംരംഭങ്ങൾ മൂന്നു മാസത്തിനകം നടപടിയെടുക്കണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡുകൾ (പി സി ബി) പൊതു പരസ്യത്തിലൂടെ നിർദ്ദേശിക്കണം.

2. മൂന്നു മാസത്തിനുശേഷം പി സി ബികൾ വ്യവസായ യൂണിറ്റുകളിൽ പരിശോധന നടത്തി മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും അവ പ്രവർത്തിക്കുന്നുണ്ടോയെന്നും ഉറപ്പു വരുത്തണം.



3. മാലിന്യ സംസ്കരണ സംവിധാനമില്ലെങ്കിൽ യൂണിറ്റ് അടച്ചു പൂട്ടാൻ നടപടിയെടുക്കണം. വൈദ്യുതിബന്ധം വിഛേദിക്കാൻ വൈദ്യുതി ബോർഡിനോട് നിർദ്ദേശിക്കണം.

4. മാലിന്യ സംസ്കരണ സംവിധാനങ്ങളെക്കുറിച്ച് സംസ്ഥാനങ്ങൾ ദേശീയ ഹരിത ട്രൈബ്യൂണലിന് റിപ്പോർട്ട് നൽകണം.

5. പൊതു മാലിന്യ സംസ്കരണ സംവിധാനമുണ്ടാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മൂന്നു വർഷത്തിനുള്ളിൽ നടപടിയെടുക്കണം. ഇതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് പണമില്ലെങ്കിൽ സെസ് ചുമത്തി പണം കണ്ടെത്തണം. ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ മാർച്ച് 31 നകം തയ്യാറാക്കണം. പണമുള്ള തദ്ദേശ സ്ഥാപനങ്ങൾ സെസ് ചുമത്തരുത്.

6. വ്യവസായങ്ങളിൽ നിന്നുള്ളതല്ലാത്ത മാലിന്യങ്ങൾ സംസ്കരിക്കാനും തദ്ദേശ സ്ഥാപനങ്ങൾ നടപടിയെടുക്കണം.

## വ്യാപാര ക്ഷേമനിധി അംഗത്വം പുതുക്കാം

**സൗ**ത്ത് ഇന്ത്യൻ ബാങ്കിന്റെ ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റത്തിന് ഐ. എസ്. ഒ 27001: 2013 അംഗീകാരം. എസ്. ഐ. ബി യുടെ ക്രെഡിറ്റ്, പേഴ്സണൽ വിഭാഗങ്ങളും ഡാറ്റാ സെന്ററും മുമ്പ് ഐ. എസ്. ഒ 9001 ക്വാളിറ്റി മാനേജ്മെന്റ് പുരസ്കാരം നേടിയിട്ടുണ്ട്.

ബാങ്കിന്റെ സാങ്കേതിക ചട്ടക്കൂടുകളും പ്രക്രിയകളും ലോക നിലവാരത്തിലുള്ളതാണെന്ന് ഉറപ്പാക്കുന്ന പ്രതിബദ്ധതയുടെ സാക്ഷ്യപത്രമാണ് അംഗീകാരമെന്ന് സി. ഇ. ഒ യും മാനേജിങ് ഡയറക്ടറുമായ വി. ജി. മാത്യു പറഞ്ഞു.

## സംരംഭകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ

**സം**സ്ഥാന പിന്നോക്ക വിഭാഗ വികസന കോർപറേഷൻ ഒ. ബി. സി.- മതന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള ദിശ 2017 രണ്ടാംഘട്ട ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

അപേക്ഷകർ 18 നും 55 നും മധ്യേ പ്രായമുള്ളവരാവണം. ഒ. ബി. സി. വിഭാഗത്തിൽപെട്ടവരുടെ കുടുംബ വാർഷിക വരുമാനം ഗ്രാമത്തിൽ 98,000 രൂപയിലും നഗരത്തിൽ 1,20,000 രൂപയിലും താഴെയാവണം. മതന്യൂനപക്ഷ വിഭാഗങ്ങളിൽ പെട്ടവർക്ക് (മുസ്ലീം, ക്രിസ്ത്യൻ മുതലായവ) വരുമാനപരിധി പരമാവധി ആറ് ലക്ഷം രൂപ വരെയാണ്. ഒ. ബി. സി. വിഭാഗക്കാർക്ക് പത്ത് ലക്ഷം രൂപ വരെയും മതന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവർക്ക് 30 ലക്ഷം രൂപ വരെയും വായ്പ ലഭിക്കും. പലിശനിരക്ക് ആറ് മുതൽ എട്ട് ശതമാനം വരെ. ലാഭക്ഷമതയോടും നിയമപരമായും നടത്താൻ പറ്റുന്ന ഏതു സംരംഭത്തിനും വായ്പ നൽകും.



താത്പര്യമുള്ളവർ www.ksbcdc.com എന്ന വെബ്സൈറ്റിൽ രജിസ്ട്രേഷൻ നടത്തണം. യോഗ്യരായവരെ അതത് ജില്ലകളിൽ ഏപ്രിൽ 29 ന് നടത്തുന്ന ദിശ 2017 സംരംഭകത്വ വർക്ക്ഷോപ്പിലേയ്ക്ക് ക്ഷണിക്കും. ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ട അവസാന തീയതി ഏപ്രിൽ 15.

# പാലക്കാട് നിക്ഷേപക സംഗമം

നൂറിലേറെ സംരംഭകർ പങ്കെടുത്ത നിക്ഷേപകസംഗമം പാലക്കാട് നടന്നു. ടോപ്പ് ഇൻ ടൗണിൽ നടന്ന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ. ശാന്തകുമാരി ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ കെ. എസ്. പ്രദീപ് കുമാർ അദ്ധ്യക്ഷനായിരുന്നു.




ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ശാന്തകുമാരി നിക്ഷേപക സംഗമം ഉദ്ഘാടനം ചെയ്യുന്നു.

കാർഷിക അധിഷ്ഠിത സംരംഭങ്ങൾക്ക് പാലക്കാട് വൻസാധ്യതയുണ്ടെന്നും, അതിലൂടെ കർഷകരെ രക്ഷിക്കുവാൻ കഴിയുമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. പരിസ്ഥിതിക്ക് ഇണങ്ങുന്ന വ്യവസായങ്ങൾക്ക് മുൻഗണന നൽകണമെന്നും അവർ ഓർമിപ്പിച്ചു.

കെ. എസ്. എസ്. ഐ. എ പ്രസിഡന്റ് സി. എസ്. ഹക്കിം, ലീഡ് ബാങ്ക് ഓഫീസർ ജയകുമാർ, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ചെയർമാൻ കെ. പി. മോഹനരാജ്, കെ. ഐ. എഫ് പ്രസിഡന്റ് വി. രവീന്ദ്രൻ, പി. എം. എ. പ്രസിഡന്റ് സുനിൽ ജോസഫ്, ജില്ലാ വ്യവസായകേന്ദ്രം ഓഫീസർമാരായ ടി. എസ്. ചന്ദ്രൻ, വി. കെ. ജോസഫ്, എ. ഹനീഫ സംബന്ധിച്ചു.

സാമ്പത്തിക ആസൂത്രണം, ജി. എസ്. ടി., എം. എസ്. എം. ഇ. ഡി. ഐ., മലിനീകരണ നിയന്ത്രണം, കെ. എസ്. ഐ. ഡി. സി. പദ്ധതികൾ, എംപ്ലോയ്മെന്റ് പദ്ധതികൾ എന്നിവയെക്കുറിച്ച് അതത് രംഗത്തെ വിദഗ്ധരുടെ ക്ലാസ്സുകളും ചർച്ചകളും നടന്നു.


# ദാമോദർ അവണൂർ കെ. എസ്. എസ്. ഐ. എ പ്രസിഡന്റ്



ദാമോദർ അവണൂർ

സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റായി ദാമോദർ അവണൂരിനെയും (പെരിന്തൽമണ്ണ), സംസ്ഥാന ജനറൽ സെക്രട്ടറിയായി എ. നിസാറുദ്ദീനേയും (കൊല്ലം) തിരഞ്ഞെടുത്തു.

വൈസ് പ്രസിഡന്റുമാരായി എം. ഖാലീദ് (കോഴിക്കോട്) നോർത്ത് സോൺ, കെ. എ. ജോസഫ് (എറണാകുളം) സെൻട്രൽ സോൺ, കെ. കെ. രമേഷ് (ആലപ്പുഴ) സൗത്ത് സോൺ, ജോയിന്റ് സെക്രട്ടറിമാരായി ബെന്നി പാറേൽ (സൗത്ത് സോൺ), പത്തനംതിട്ട, എബ്രഹാം കുര്യാക്കോസ് (സെൻട്രൽ സോൺ), കോട്ടയം, എം. ഒ. ജോസ് കുമാർ (നോർത്ത് സോൺ) കണ്ണൂർ, സംസ്ഥാന ട്രഷററായി പി. ജെ. ജോസ് (എറണാകുളം) എന്നിവരെയും തിരഞ്ഞെടുത്തു.



എ. നിസാറുദ്ദീൻ


With best compliments

VISHNU BRICKS

For all type of hollow bricks & Metal sand

Kattuparambil, Pathiyoor West

Kareelakulangara

PH.9495992987

## പൊന്നാനിയിൽ നിക്ഷേപക സംഗമം

**പൊ**ന്നാനി സിവിൽ സ്റ്റേഷൻ കോൺഫറൻസ് ഹാളിൽ താലൂക്ക് തല വ്യവസായ നിക്ഷേപക സംഗമം നടന്നു. നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. സൂക്ഷ്മ ചെറുകിട വ്യവസായത്തിന് ഊന്നൽ നൽകുന്ന വ്യവസായ നയം ഉടൻ പ്രഖ്യാപിക്കുമെന്നും ഏകജാലക സംവിധാനം ശക്തിപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. പൊന്നാനി നഗര സഭാ ചെയർമാൻ സി. പി. മുഹമ്മദ് കുഞ്ഞി അദ്ധ്യക്ഷനായിരുന്നു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ അബ്ദുൾ വഹാബ് മുഖ്യപ്രഭാഷണം നടത്തി. താലൂക്ക് വ്യവസായ ഓഫീസർ പി. സ്മിത, വ്യവസായ വികസന ഓഫീസർ മുഹമ്മദ് ഫവാസ്, ബ്ലോക്ക് പ്രസിഡന്റുമാരായ പി. എം. ആറ്റുണ്ണി തങ്ങൾ, കെ. ലക്ഷ്മി, വ്യവസായ കേന്ദ്രം മാനേജർ കെ. ബാബുരാജൻ, തഹസിൽദാർ ഹരീഷ് പങ്കെടുത്തു.



സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ
നിക്ഷേപക സംഗമം ഉദ്ഘാടനം ചെയ്യുന്നു.

വ്യവസായവികസനം പൊന്നാനി പോർട്ടിന്റെ പശ്ചാത്തലത്തിൽ എന്ന വിഷയത്തിൽ അബ്ദുറഹിമാൻ ക്ലാസ്സെടുത്തു. ഷോപ്പ് ക്ഷേമനിധി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ എ. ശ്രീധരൻ തൊഴിൽ നിയമങ്ങളെക്കുറിച്ച് ക്ലാസെടുത്തു. തുടർന്ന് മോട്ടിവേഷൻ വിഷയത്തിൽ ജെ സി ഐ ട്രെയിനർ ദിലീപ് കുമാർ ക്ലാസെടുത്തു. തുടർന്ന് വ്യവസായികളുടെ സംശയങ്ങൾക്ക് താലൂക്ക് വ്യവസായ ഓഫീസർ മറുപടി നൽകി. നൂറോളം പേർ പരിപാടിയിൽ സംബന്ധിച്ചു.

## തയ്യൽ യൂണിറ്റുകൾക്ക് സ്റ്റോഴ്സ് പർച്ചേസ് ഇളവ്

**കു**ടുംബശ്രീയുടെ കീഴിലുള്ള വിവിധ അപ്പാരൽ/ ചെറുകിട യൂണിറ്റുകൾക്ക് മറ്റ് സ്ഥാപനങ്ങളിൽ നിന്നും തയ്യൽ സംബന്ധമായ ജോലികൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് ലഭ്യമാക്കുന്നതിന് സ്റ്റോഴ്സ് പർച്ചേസ് വ്യവസ്ഥകളിൽ ഒരു വർഷത്തേയ്ക്ക് ഇളവ് നൽകി ഉത്തരവായി. സർക്കാർ വകുപ്പുകൾ, അർധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയ്ക്കും തയ്യൽ സംബന്ധമായ വിവിധ ജോലികൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ടു ചെയ്തു ലഭിക്കാൻ കുടുംബശ്രീ യൂണിറ്റുകളെ സമീപിക്കാം. കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന 19 അപ്പാരൽ പാർക്കുകൾക്കും ആയിരത്തോളം ചെറുകിട തയ്യൽ യൂണിറ്റുകൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

നിലവിൽ ടെണ്ടറുകളിൽ പങ്കെടുക്കാൻ സാമ്പത്തിക കാരണങ്ങളാൽ സാധിക്കാത്ത കുടുംബശ്രീക്ക് ഇത്തരം ജോലികൾ നേരിട്ട് ലഭിച്ചാൽ സാധാരണ സ്ത്രീ സമൂഹത്തിന്റെ ഉന്നമനത്തിന് സഹായകമാകും എന്നത് കണക്കിലെടുത്താണ് തീരുമാനം.

ആശംസകളോടെ...

കെ. ആർ. പി

കൺസ്ട്രക്ഷൻ മെറ്റീരിയൽ ഹയറിംഗ് സെന്റർ

പുത്തൂർ, കൊല്ലം

റെജി വർഗ്ഗീസ് – ഫോൺ : 9447066658, 0474 2416163

ജാക്കി, സ്പാൻ, സ്കഫോൾഡിംഗ്, ഷട്ടറിംഗ്

കെട്ടിട നിർമ്മാണത്തിനാവശ്യമായ എല്ലാ സാധനങ്ങളും വാടകയ്ക്ക് കൊടുക്കപ്പെടും

# റോയൽ ഫ്ളോർ & ഓയിൽ മിൽസ്

**ഇ.** എസ്. എസ് പദ്ധതിയിൽ ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരം സന്ധ്യ, കൊപ്പംഗള ഹൗസ്, വാണി നഗർ സിന്റിക്കേറ്റ് ബാങ്ക് ശാഖയിൽ നിന്നും വായ്പ കൈപ്പറ്റി ആരംഭിച്ച റോയൽ ഫ്ളോർ & ഓയിൽ മിൽസ്, എൻമകജെ പഞ്ചായത്ത് പ്രസിഡന്റ് രൂപവാണി, ആർ. ഭട്ട് ഉദ്ഘാടനം ചെയ്തു. കാസറഗോഡ് അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ സി. പി. ഉണ്ണികൃഷ്ണൻ, വാർഡ് മെമ്പർ ചന്ദ്രാവതി സംബന്ധിച്ചു.



റോയൽ ഫ്ളോർ & ഓയിൽ മിൽസ് എൻമകജെ പഞ്ചായത്ത് പ്രസിഡന്റ് രൂപവാണി, ആർ. ഭട്ട് ഉദ്ഘാടനം ചെയ്യുന്നു.

# പത്തനംതിട്ടയിൽ ടെക്നോളജി ക്ലിനിക്

**പ**ത്തനംതിട്ട ജില്ലാ വ്യവസായകേന്ദ്രം ഹോട്ടൽ മണ്ണിൽ റീജൻസിയിൽ ദ്വിദിന സംരംഭക സാങ്കേതിക ശില്പശാല നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പരിപാടി ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ (ഇൻചാർജ്) കെ. ഷൈലമ്മ അദ്ധ്യക്ഷയായിരുന്നു. ചെറുകിട വ്യവസായ അസോസിയേഷൻ ജില്ലാ സെക്രട്ടറി മോർളി ജോസഫ്, ഡെപ്യൂട്ടി രജിസ്ട്രാർ സി. എം. ഷാജഹാൻ, ഉപജില്ലാ വ്യവസായ ഓഫീസർ എസ്. ശശികുമാർ, ജില്ലാ വ്യവസായകേന്ദ്രം മാനേജർമാരായ സി. ആർ. സുരേഷ്, പി. എൻ. അനിൽകുമാർ പങ്കെടുത്തു.

ഉദ്ഘാടനശേഷം പാരമ്പര്യേതര ഊർജ വ്യവസായ സാദ്ധ്യതകൾ എന്ന വിഷയത്തെ അധികരിച്ച് റവ: ഡോ. എബ്രഹാം മുളമൂട്ടിൽ ക്ലാസ്സെടുത്തു. ഗാർഹിക വ്യാവസായിക മേഖലകളിലെ ഉപയോഗങ്ങൾക്ക് ഇന്ന് ഏറെ പ്രസക്തമായ സൗരോർജ്ജ പദ്ധതികളെക്കുറിച്ച് സമഗ്രമായി അപഗ്രഥിച്ചുകൊണ്ട് ഈ മേഖലയിലെ സംരംഭ സാധ്യതകളുടെ വ്യക്തമായ ചിത്രം അദ്ദേഹം ക്ലാസ്സിൽ അവതരിപ്പിച്ചു.

ഇതിനുശേഷം മലയോര ജില്ലയായ പത്തനംതിട്ടയെ സംബന്ധിച്ച് വളരെ ഏറെ പ്രാധാന്യം അർഹിക്കുന്ന റബർ അധിഷ്ഠിത വ്യവസായങ്ങളും സാധ്യതകളും എന്ന വിഷയത്തെ മുൻനിർത്തി റബർ ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ പി. സതീഷ് ബാബു ക്ലാസ്സെടുത്തു. തുടർന്ന് ബാർകോഡിംഗ് സാധ്യതകൾ ആവശ്യകതകൾ സംബന്ധിച്ച് എറണാകുളം സ്റ്റാലിയൻ സിസ്റ്റംസ് ആന്റ് സൊല്യൂഷൻസ് സി. റ്റി. ഒ. ശ്രീനിഷ് ഷേണായി വിശദമായ ക്ലാസ് എടുത്തു.




സാങ്കേതിക ശിൽപശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണാദേവി ഉദ്ഘാടനം ചെയ്യുന്നു.

പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിലെ ഹോംസയൻസ് വിഭാഗത്തിൽ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റായ ഷാനാ ഹർഷൻ ചക്കയും മൂല്യവർദ്ധിത ഉത്പന്നങ്ങളും എന്ന വിഷയം കൈകാര്യം ചെയ്ത ക്ലാസ്സോടെയാണ് രണ്ടാം ദിവസത്തെ ശില്പശാല തുടങ്ങിയത്. ചക്കയിൽ നിന്നും ഉണ്ടാക്കിയെടുക്കാവുന്ന 100 ലധികം മൂല്യവർദ്ധിത ഉത്പന്നങ്ങളെ സംബന്ധിച്ച് നൽകിയ പ്രായോഗിക പരിശീലനം സംരംഭകരിൽ പുത്തനുണർവുണ്ടാക്കി. തുടർന്ന് മൂല്യവർദ്ധിത പാലുൽപന്നങ്ങളെ സംബന്ധിച്ച് ചന്ദ്രൻ നായരുടെ ക്ലാസാണ് നടന്നത്.

ഉച്ചയ്ക്കുശേഷം അടിസ്ഥാന പാക്കേജിംഗ് & ലേബലിങ് വിഷയത്തെ മുൻനിർത്തി റ്റി. ഒ. സുരേഷ് കുമാർ ക്ലാസ്സെടുത്തു. ഇതിനുശേഷം സംരംഭകരിലെ സംശയങ്ങൾ- ആവശ്യങ്ങൾ- പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് സമഗ്രമായ ചർച്ച നടന്നു. ജില്ലാ വ്യവസായകേന്ദ്രം, ജനറൽ മാനേജർ (ഇൻചാർജ്), മാനേജർമാർ സംശയങ്ങൾക്ക് മറുപടി നൽകി.

തുടർന്ന് സാങ്കേതിക ദ്വിദിന ശില്പശാലയിൽ പങ്കെടുത്ത സംരംഭകർക്ക് പത്തനംതിട്ട നഗരസഭാദ്ധ്യക്ഷ രജനി പ്രദീപ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

# നോട്ട് റദ്ദാക്കൽ സമ്പദ്ഘടനയ്ക്ക് ആഘാതം

**നോ**ട്ട് റദ്ദാക്കൽ കേരള സമ്പദ് ഘടനയ്ക്കുണ്ടാക്കിയ ആഘാതം സംബന്ധിച്ച് പഠിക്കാൻ സംസ്ഥാന ആസൂത്രണ ബോർഡ് നിയമിച്ച പ്രൊഫ. സി. പി. ചന്ദ്രശേഖർ കമ്മിറ്റി റിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. കാസർഗോഡ്, വയനാട് ജില്ലകളിലെ വാണിജ്യബാങ്കുകളുടെ പ്രവർത്തനത്തിന് പരിമിതിയുണ്ട്. സഹകരണ സംഘങ്ങളാണ് ജനങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാനായി അവിടെ നിലകൊള്ളുന്നത്. അതുകൊണ്ട് പിൻവലിച്ച നോട്ടുകൾ മാറ്റിനൽകാൻ സഹകരണ ബാങ്കുകൾക്ക് അവസരം നൽകാതിരുന്നത് സംസ്ഥാനത്തെ മൊത്തം ധനകാര്യ ഇടപാടുകളെയും അവതാളത്തിലാക്കിയെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.



**കമ്മിറ്റി റിപ്പോർട്ടിന്റെ വിവരങ്ങൾ ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ വി.കെ. രാമചന്ദ്രൻ മാധ്യമങ്ങളോട് വിശദീകരിക്കുന്നു.**

കറൻസി വഴിയുള്ള ക്രയവിക്രയങ്ങൾ മാത്രം നിലനിൽക്കുന്ന സംസ്ഥാനമായതിനാൽ നോട്ട് റദ്ദാക്കൽ അസംഘടിത മേഖലയിലും നിർമാണ ഉത്പാദന മേഖലകളിലും വിനോദ സഞ്ചാര മേഖലയിലും വരുമാന കാര്യത്തിൽ വൻ ഇടിവുണ്ടാക്കി. ഇത് സമ്പദ് മേഖലയ്ക്ക് വലിയ തോതിൽ ആഘാതമേൽപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്രസർക്കാർ തീരുമാനത്തിൽ നിന്ന് പിന്മാറാനൊരുക്കമല്ല. ബജറ്റിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതിച്ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾക്ക് സർക്കാർ മുൻഗണന നൽകണം. സംസ്ഥാന സർക്കാരുകളുടെ പദ്ധതിച്ചെലവിൽ കുറവു വരുന്ന തുകയ്ക്ക് പകരമായി കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ടുകൾ ആവശ്യപ്പെടണം. കമ്പോളത്തിൽ നിന്ന് വായ്പയെടുക്കുന്നതിന് കേന്ദ്രസർക്കാർ നിശ്ചയിച്ച പരിധിയിൽ ഇളവു വരുത്തണമെന്നും റിപ്പോർട്ട് പറയുന്നു.

കേന്ദ്രം നോട്ടു റദ്ദാക്കൽ ആഘാത ദുരിതാശ്വാസ ദേശീയ നിധി രൂപീകരിച്ച് സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾക്ക് പരിഹാരം കാണണം. കേന്ദ്രനടപടികൾ ലക്ഷ്യം വയ്ക്കുന്നത് ഡിജിറ്റൽ ഇടപാടുകൾക്ക് ആധിപത്യമുള്ള, നോട്ടില്ലാത്ത സമ്പദ് വ്യവസ്ഥയിലേയ്ക്കുള്ള വേഗമേറിയ പരിവർത്തനമാണ്. ഈ നയരൂപീകരണം ഡിജിറ്റൈസേഷന് വരുന്ന ചെലവ് അവഗണിച്ചു. ഡിജിറ്റൈസേഷൻ വർധിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്രം സാങ്കേതിക വിദ്യയിലും സുരക്ഷിത അടിസ്ഥാന സൗകര്യ വികസനത്തിലും നിക്ഷേപങ്ങൾ വർധിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും ഇടപാടുകൾ സ്വകാര്യ കമ്പനികൾക്ക് അമിതലാഭമുണ്ടാക്കാൻ ഇടയാക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണെന്നും റിപ്പോർട്ട് പറയുന്നു.

കമ്മിറ്റി ചെയർമാൻ ജെ. എൻ. യു സെന്റർ ഫോർ ഇക്കണോമിക് സ്റ്റഡീസ് ആന്റ് പ്ലാനിംഗിലെ പ്രൊഫ. സി. പി. ചന്ദ്രശേഖർ ആണ്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. ഡി. നാരായണ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആന്റ് പോളിസി പ്രൊഫ. പിനാകി ചക്രവർത്തി, ധന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. കെ. എം. എബ്രഹാം, ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി വി. എസ്. സെന്തിൽ എന്നിവർ കമ്മിറ്റി അംഗങ്ങളാണ്.

## ജി. എസ്. ടി. തീയതി നീട്ടി

**വ്യാ**പാരികൾക്ക് വാറ്റിൽ നിന്ന് ജി. എസ്. ടി യിലേയ്ക്ക് മാറുന്നതിനുള്ള കാലാവധി ഈ മാസം 31 വരെ നീട്ടി. വാറ്റിൽ രജിസ്റ്റർ ചെയ്ത രണ്ടര ലക്ഷം വ്യാപാരികളിൽ 60% പേർ മാത്രമാണ് ഇതുവരെ ജി. എസ്. ടി യിലേയ്ക്ക് മാറിയത്.

ബാക്കി 40% പേരെ നേരിൽ കണ്ട് രജിസ്ട്രേഷൻ ഉറപ്പാക്കാനാണ് തീരുമാനം. ഇതിനായി, ജില്ലാ അടിസ്ഥാനത്തിൽ വ്യാപാരികളുടെ പട്ടിക തയാറാക്കി.

# കൊല്ലത്ത് നിക്ഷേപക സംഗമം

**കൊ**ല്ലം ജില്ലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റസിഡൻസി റോഡിലുള്ള ഹോട്ടൽ വൈദ്യയിൽ സംഘടിപ്പിച്ച നവസംരംഭക സംഗമം ഫിഷറീസ് പരമ്പരാഗത വ്യവസായ വകുപ്പ് മന്ത്രി ജെ. മേഴ്സികുട്ടിയമ്മ ഉദ്ഘാടനം ചെയ്തു. കൊല്ലം കോർപറേഷൻ മേയർ വി. രാജേന്ദ്ര ബാബു മുഖ്യപ്രഭാഷണം നടത്തി. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഹെലൻ ജെറോം, ലീഡ് ബാങ്ക് മാനേജർ പത്മകുമാർ, ചെറുകിട വ്യവസായ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ലെൻ ഫിലിപ്പ്, ജില്ലാ വ്യവസായകേന്ദ്രം മാനേജർമാരായ ശിവകുമാർ, സുനിൽ, ഷീജ പങ്കെടുത്തു.

പരിപാടിയോടനുബന്ധിച്ച് ഭക്ഷ്യമേഖലയിലെ സംരംഭകർക്കായി ഫുഡ് സേഫ്റ്റി മാനേജ്മെന്റ് സംബന്ധിച്ച് ഐക്യരാഷ്ട്ര സഭയുടെ മുൻ ഭക്ഷ്യ സുരക്ഷാ ഉപദേഷ്ടാവും ഓഡിറ്ററുമായ ഡോ. എൻ. ആനന്ദവല്ലിയുടെ ക്ലാസ്സ് ഏറെ പ്രയോജനകരമായിരുന്നു. ജില്ലയിലെ ഭക്ഷ്യ ഉൽപന്നങ്ങൾ നിർമിക്കുന്ന പ്രമുഖ സംരംഭങ്ങളുടെ പ്രതിനിധികൾ പുതിയ പദ്ധതികൾ അവതരിപ്പിച്ചു. ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ, ബേക്കറി അസോസിയേഷൻ പ്രതിനിധികളും പരിപാടിയിൽ പങ്കെടുത്തു. ജില്ലയിലെ പ്രധാന സ്ഥാപനങ്ങളായ മദേർസ് കിച്ചൻ, മഹാലക്ഷ്മി ഹോട്ടൽ, യൂണി ഗ്രീൻ കോൺടിമെന്റ്സ് എന്നിവയുടെ പ്രതിനിധികൾ അനുഭവങ്ങൾ പങ്കുവച്ചു.

ഭക്ഷ്യമേഖലയിൽ 1,200 ലക്ഷം രൂപ മുതൽമുടക്കിൽ പുതിയ 40 സംരംഭങ്ങളും മറ്റ് മേഖലകളിലായി 600 ലക്ഷം രൂപ മുതൽമുടക്കിൽ 20 സംരംഭങ്ങളും ആരംഭിക്കുന്നതിനുള്ള പദ്ധതികൾ സംരംഭകർ അറിയിച്ചു. പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് സംരംഭകർക്ക് മാർഗനിർദ്ദേശം നൽകുന്നതിനായി പഞ്ചായത്ത് വകുപ്പ്, മലിനീകരണ നിയന്ത്രണ വകുപ്പ്, വ്യവസായ വകുപ്പുകളുടെ വിശദമായ സെഷനോടൊപ്പം, പദ്ധതികൾക്ക് ധനസഹായം ഉറപ്പാക്കുന്നതിനായി കാനറാ ബാങ്ക്, എസ്. ബി. ടി. എന്നീ ബാങ്ക് പ്രതിനിധികളുടെ പ്രത്യേക സെഷനുമുണ്ടായിരുന്നു. ആകെ 140 സംരംഭകർ പരിപാടിയിൽ പങ്കെടുത്തു.



നിക്ഷേപക സംഗമം ഫിഷറീസ്-പരമ്പരാഗത വ്യവസായ മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യുന്നു.

# തൃശൂരിൽ നിക്ഷേപക സംഗമം

**തൃ**ശൂർ ജില്ലാ വ്യവസായകേന്ദ്രവും, തൃശ്ശൂർ താലൂക്ക് വ്യവസായ ഓഫീസും ചേർന്ന് വ്യവസായ നിക്ഷേപകസംഗമം നടത്തി. തൃശ്ശൂർ കോർപറേഷൻ മേയർ അജിത രാജൻ പരിപാടി ഉദ്ഘാടനം ചെയ്തു. തൃശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സലാഹുദ്ദീൻ അദ്ധ്യക്ഷനായിരുന്നു.

കാർഷികാധിഷ്ഠിത വ്യവസായമേഖല അന്താരാഷ്ട്ര നിലവാരത്തിലോട്ട് ഉയർത്തുന്നതിനാവശ്യമായ വിദേശ സാങ്കേതികവിദ്യ വാങ്ങുന്നതിന് ബഡ്ജറ്റിൽ ആവശ്യമായ തുക ഉൾപെടുത്തുമെന്ന് ചടങ്ങിൽ പങ്കെടുത്ത കൃഷിവകുപ്പ് മന്ത്രി വി. എസ്. സുനിൽകുമാർ പറഞ്ഞു.

ജില്ലാ വ്യവസായകേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ കെ. എസ്. കൃപകുമാർ, താലൂക്ക് വ്യവസായ ഓഫീസർ പി. ആർ. സിന്ധു, കോർപറേഷൻ വ്യവസായ വികസന ഓഫീസർ കെ. പി. അജിത് കുമാർ പങ്കെടുത്തു.

140 സംരംഭകർ പങ്കെടുത്ത പരിപാടിയിലൂടെ ഏകദേശം 12 കോടിയുടെ നിക്ഷേപത്തിനും, 450 ഓളം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും അവസരം ഒരുങ്ങി. വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ ലൈസൻസിംഗ് സമ്പ്രദായങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.



തൃശൂരിലെ നിക്ഷേപക സംഗമത്തിൽ കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ സംസാരിക്കുന്നു.

# വേറിട്ട ഉല്പന്നങ്ങളുമായി ഗാന്ധി ശില്പ ബസാർ



സംസ്ഥാന കരകൗശല വികസന കോർപറേഷൻ കേന്ദ്ര സർക്കാർ സ്ഥാപനമായ ഹാന്റിക്രാഫ്റ്റ്സിന്റെ സഹായത്തോടെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് സംഘടിപ്പിച്ച ഗാന്ധി ശില്പ ബസാർ വ്യവസായമന്ത്രി എ. സി. മൊയ്തീൻ ഉദ്ഘാടനം ചെയ്തു.

കോർപറേഷൻ ചെയർമാൻ കെ. എസ്. സുനിൽകുമാർ അധ്യക്ഷത വഹിച്ചു. മാനേജിംഗ് ഡയറക്ടർ എൻ. കെ. മനോജ്, അസിസ്റ്റന്റ് ഡയറക്ടർ എൽ. ബാലു പങ്കെടുത്തു. കേരളത്തിന് പുറമെ മറ്റ് 16 സംസ്ഥാനങ്ങളിൽ നിന്നുള്ള വൈവിധ്യമാർന്ന കരകൗശല കൈത്തറി ഉല്പന്നങ്ങൾ മേളയിലുണ്ട്.




# പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾക്ക് മുൻഗണന: മന്ത്രി

വ്യവസായം തുടങ്ങുന്നതിനുള്ള ലൈസൻസുകളും ക്ലിയറൻസുകളും 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കുന്നതിനുള്ള നയരൂപീകരണത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ചർച്ച തുടരുകയാണെന്ന് മന്ത്രി എ. സി. മൊയ്തീൻ പറഞ്ഞു. തൃശൂരിൽ നവസംരംഭങ്ങൾ ആരംഭിക്കാൻ സന്നദ്ധരായ നിക്ഷേപകർക്കു വേണ്ടി വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ച ജില്ലാതല നിക്ഷേപക സംഗമം ഹോട്ടൽ പൂരം ഇന്റർനാഷണലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കേരളത്തിലെ സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ സംരംഭകർ നേരിടുന്ന പ്രശ്ന നിവാരണത്തിനായി സർക്കാർ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെപ്പറ്റി മന്ത്രി പ്രതിപാദിച്ചു. സംരംഭങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും ഇ-മാർക്കറ്റിംഗ് വഴി വിപണന സൗകര്യങ്ങൾ ഒരുക്കുന്നതിനും സർക്കാർ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതായും മന്ത്രി വ്യക്തമാക്കി. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾക്ക് മുൻഗണന നൽകുമെന്നും മന്ത്രി അറിയിച്ചു.



**തൃശൂർ ജില്ലാതല നിക്ഷേപക സംഗമം വ്യവസായമന്ത്രി എ. സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു.**

മുന്നൂറോളം സംരംഭകർ പങ്കെടുത്ത നിക്ഷേപകസംഗമത്തിൽ 66.15 കോടി രൂപയ്ക്കുള്ള നിക്ഷേപസാദ്ധ്യതയും ആയിരത്തോളം പേർക്ക് തൊഴിൽ സാധ്യതയും പ്രതീക്ഷിക്കുന്നു.

പുഴക്കൽപ്പാടത്ത് രണ്ടാമത്തെ ബഹുനില വ്യവസായ സമുച്ചയം സ്ഥാപിക്കുന്നതിന് 25.25 കോടി രൂപയും, അയ്യൻകുന്ന്, അത്താണി വ്യവസായ എസ്റ്റേറ്റുകളുടെ റോഡുകൾക്ക് 75.5 ലക്ഷം രൂപയും, വരവൂർ വ്യവസായ പ്ലോട്ടിന്റെ രണ്ടാംഘട്ട വികസനത്തിന് 3.32 കോടി രൂപയും സർക്കാർ അനുവദിച്ചതായി ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ അറിയിച്ചു.

പരിപാടിയിൽ കെ. എസ്. ഐ. ഡി. സി., ടൗൺ പ്ലാനിംഗ്, മലിനീകരണ നിയന്ത്രണബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വാണിജ്യനികുതി, എം. എസ്. എം. ഇ. ഡി. ഇൻസ്റ്റിറ്റ്യൂട്ട്, ലീഡ് ബാങ്ക്, കെ. എഫ്. സി. എന്നിവയുമായി ബന്ധപ്പെട്ട ക്ലാസ്സുകളും, ചർച്ചകളും സംഘടിപ്പിച്ചു.

കോർപറേഷൻ മേയർ അജിത ജയരാജൻ അദ്ധ്യക്ഷയായിരുന്നു. യോഗത്തിൽ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഇ. സലാഹുദ്ദീൻ, നബാർഡ് എ. ജി. എം. ദീപ. എസ്. പിള്ള, കെ. എസ്. ഐ. ഡി. സി. ഡെപ്യൂട്ടി ജനറൽ മാനേജർ ജോസ് കുര്യൻ, ജില്ലാ വ്യവസായകേന്ദ്രം മാനേജർ ഡോ. കെ. എസ്. കൃപകുമാർ സംബന്ധിച്ചു.

# ഭക്ഷ്യസംസ്കരണത്തിൽ ടെക്നോളജി ക്ലിനിക്

**തൃ**ശൂർ ജില്ലാ വ്യവസായകേന്ദ്രം വ്യവസായ സംരംഭകർക്കായി ഭക്ഷ്യസംസ്കരണവും ആധുനിക പാക്കേജിംഗ് സംവിധാനവും എന്ന വിഷയത്തിൽ ടെക്നോളജി ക്ലിനിക് സംഘടിപ്പിച്ചു. പൂരം ഇന്റർനാഷണൽ ഹോട്ടലിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. ജൈവ കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർദ്ധനയ്ക്ക് പ്രാധാന്യം നൽകേണ്ടത് സംബന്ധിച്ചും, നവകേരള സൃഷ്ടിക്കായി കാര്യമായ നിർദ്ദേശങ്ങളും തുടർ പരിപാടികളും ടെക്നോളജി ക്ലിനിക്കിൽ ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ചും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വിശദീകരിച്ചു.



**ടെക്നോളജി ക്ലിനിക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.**

ജില്ലാ കളക്ടർ ഡോ. എ. കൗശികൻ മുഖ്യപ്രഭാഷണം നടത്തി. സ്ഥല ദൗർലഭ്യം സംബന്ധിച്ചും, സീറോ വേസ്റ്റ് സങ്കൽപത്തിന്റെ പ്രാധാന്യം സംബന്ധിച്ചും അദ്ദേഹം സംസാരിച്ചു.

ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ അദ്ധ്യക്ഷനായിരുന്നു. ജില്ലാ വ്യവസായകേന്ദ്രം മാനേജർ ബിജു കുര്യൻ, ചെറുകിട വ്യവസായ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ഫിലിപ്പ് മുളയ്ക്കൽ, ജില്ലാ വ്യവസായകേന്ദ്രം മാനേജർ ഡോ. കെ. എസ്. കൃപകുമാർ, അസിസ്റ്റന്റ് ഡയറക്ടർ ബനഡിക്ട് വില്യം ജോൺസ് പങ്കെടുത്തു.

കാർഷിക- ഭക്ഷ്യ വ്യവസായ മേഖലയിലെ സാധ്യതകൾ കണ്ടെത്തി മൂല്യവർദ്ധിത സംരംഭങ്ങൾ പരിപോഷിപ്പിക്കുന്നത് ലക്ഷ്യമിട്ട് മൂല്യവർദ്ധിത ഉൽപന്നങ്ങൾ, മത്സ്യം, മാംസം തുടങ്ങിയ മേഖലകളിൽ ഉൽപാദനം, സംഭരണം, പാക്കേജിങ്, വിപണനം, ഗുണനിലവാര നിയന്ത്രണം തുടങ്ങിയ വിഷയങ്ങൾ അധികരിച്ചായിരുന്നു ദ്വിദിന ടെക്നോളജി ക്ലിനിക്.

ശില്പശാലയിൽ നൂറിലേറെ സംരംഭകർ പങ്കെടുത്തു. ഭക്ഷ്യസംസ്കരണ സാങ്കേതിക വിദ്യയെ സംബന്ധിച്ചും വിവിധതരം മുഴുധാന്യങ്ങളുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ആരോഗ്യപരമായ ഗുണങ്ങളെക്കുറിച്ചും അതിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ചും മൈസൂർ സെൻട്രൽ ഫുഡ് ടെക്നോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രിൻസിപ്പൽ ശാസ്ത്രജ്ഞൻ ഡോ. എ. ജയദീപ് വിശദമായി പ്രതിപാദിച്ചു. മൂല്യവർദ്ധിത മാംസ ഉൽപന്നങ്ങളെക്കുറിച്ച് പ്രൊഫ. കുട്ടിനാരായണനും, ട്രേഡ്മാർക്ക്, പേറ്റന്റ്, ബാർകോഡിംഗ് എന്നിവയെ സംബന്ധിച്ചുള്ള ക്ലാസ്സുകൾ കൃഷ്ണകുമാറും (ഗുഡ് വിൽ & ഗുഡ് വിൽ) നയിച്ചു.

ആശംസകളോടെ .....

**പരപ്പാടിയിൽ ഫ്ളോർ & ഓയിൽ മിൽസ്**

**പോരുവഴി, ചക്കുവള്ളി**

പ്രൊപ്രൈറ്റർ: നസീർ കെ
ഫോൺ: 8281299704

## ചെറുകിട കച്ചവടക്കാർക്ക് ഫീസിളവ്



പണമിടപാടുകൾ ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി ഡെബിറ്റ് കാർഡുപയോഗിക്കുന്ന ചെറുകിട കച്ചവടക്കാർക്ക് ഫീസിളവുമായി റിസർവ് ബാങ്ക്. ഏപ്രിൽ ഒന്നു മുതൽ മർച്ചന്റ് ഡിസ്കൗണ്ട് നിരക്കടിസ്ഥാനത്തിലുള്ള ഫീസിൽ കുറവു വരുത്താനാണ് തീരുമാനം. ഇപ്പോൾ 2000 രൂപ വരെയുള്ള ഡെബിറ്റ് കാർഡ് ഇടപാടിന് തുകയുടെ 0.75 ശതമാനവും 2000 ന് മുകളിലുള്ള ഇടപാടുകൾക്ക് ഒരു ശതമാനവുമാണ് ഫീസ്. നിരക്കുകൾ 0.40 ശതമാനമായി കുറയ്ക്കാനാണ് റിസർവ് ബാങ്ക് നീക്കം.

ക്യു. ആർ. എസ്. കോഡ്, പോയിന്റ് ഓഫ് സെയിൽ ഉപയോഗിച്ചുള്ള ഇടപാടിന് 0.30 ശതമാനം വരെ ഫീസ് കുറയും. നിലവിൽ ക്രഡിറ്റ് കാർഡ് ഇടപാടുകൾക്ക് ഫീസില്ല. 20 ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള കച്ചവടക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഇൻഷുറൻസ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഡിജിറ്റൽ ഇടപാടുകൾക്കും ഇളവ് നൽകും.

## ഭാരത് ക്യു. ആറിൽ പണം നൽകാം




സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപറേഷൻ ഒ. ബി. സി.– മതന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള ദിശ 2017 രണ്ടാംഘട്ട ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

അപേക്ഷകർ 18 നും 55 നും മധ്യേ പ്രായമുള്ളവരാവണം. ഒ. ബി. സി. വിഭാഗത്തിൽ പെട്ടവരുടെ കുടുംബ വാർഷിക വരുമാനം ഗ്രാമത്തിൽ 98,000 രൂപയിലും നഗരത്തിൽ 1,20,000 രൂപയിലും താഴെയാവണം. മതന്യൂനപക്ഷ വിഭാഗങ്ങളിൽ പെട്ടവർക്ക് (മുസ്ലീം, ക്രിസ്ത്യൻ മുതലായവ) വരുമാനപരിധി പരമാവധി ആറ് ലക്ഷം രൂപ വരെയാണ്. ഒ. ബി. സി. വിഭാഗക്കാർക്ക് പത്ത് ലക്ഷം രൂപ വരെയും മതന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവർക്ക് 30 ലക്ഷം രൂപ വരെയും വായ്പ ലഭിക്കും. പലിശനിരക്ക് ആറ് മുതൽ എട്ട് ശതമാനം വരെ. ലാഭക്ഷമതയോടും നിയമപരമായും നടത്താൻ പറ്റുന്ന ഏതു സംരംഭത്തിനും വായ്പ നൽകും.

താത്പര്യമുള്ളവർ www.ksbcdc.com എന്ന വെബ്സൈറ്റിൽ രജിസ്ട്രേഷൻ നടത്തണം. യോഗ്യരായവരെ അതത് ജില്ലകളിൽ ഏപ്രിൽ 29 ന് നടത്തുന്ന ദിശ 2017 സംരംഭകത്വ വർക്ക്ഷോപ്പിലേയ്ക്ക് ക്ഷണിക്കും. ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ട അവസാന തീയതി ഏപ്രിൽ 15.

## എസ്. ഐ. ബി ക്ക് ഐ. എസ് ഒ അംഗീകാരം

സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റത്തിന് ഐ. എസ്. ഒ 27001: 2013 അംഗീകാരം. എസ്. ഐ. ബി യുടെ ക്രെഡിറ്റ്, പേഴ്സണൽ വിഭാഗങ്ങളും ഡാറ്റാ സെന്ററും മുമ്പ് ഐ. എസ്. ഒ 9001 ക്വാളിറ്റി മാനേജ്മെന്റ് പുരസ്കാരം നേടിയിട്ടുണ്ട്.

ബാങ്കിന്റെ സാങ്കേതിക ചട്ടക്കൂടുകളും പ്രക്രിയകളും ലോക നിലവാരത്തിലുള്ളതാണെന്ന് ഉറപ്പാക്കുന്ന പ്രതിബദ്ധതയുടെ സാക്ഷ്യപത്രമാണ് അംഗീകാരമെന്ന് സി. ഇ. ഒ യും മാനേജിങ് ഡയറക്ടറുമായ വി. ജി. മാത്യു പറഞ്ഞു.

www.keralaindustry.org

## യുവ സംരംഭകർക്കായി...
## യുവ സംരംഭകർക്കൊപ്പം...
## നവ കാഴ്ചപ്പാടുകളുമായി...



**വ്യവസായകേരളം**
MAGAZINE ON INDUSTRIAL KERALAM

വ്യവസായകേരളം, ഡോക്യുമെന്റേഷൻ സെന്റർ, ഡി.ഐ.സി. ബിൽഡിംഗ്, വെള്ളയമ്പലം, തിരുവനന്തപുരം-695033.
ഫോൺ: 0471 2322789

Regn.No.KL/TV(N)/183/2016-2018
Volume 49 Issue 10
March 2017

Vyavasaya Keralam
MONTHLY

₹ 30
R.N.I 29441/77
Date of publication-2nd March 2017




## പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

എഡിറ്റർ
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 0471 2322789

Email: vyavasayakeralam@gmail.com

Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Sterling Print House (P) Ltd., Door No.49/1849, Ponekkara- cheranelloor Road, AIMS Ponekkara (PO), Cochin-682041

Editor: V.P. Aswathy